www.malankaralibrary.com

മലങ്കര

# വേദോപദേശപാഠാവലി

എട്ടാം പുസ്തകം



1978

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

1 – 3

### മലങ്കര

# വേദോപദേശപാഠാവലി

## എട്ടാം പുസ്തകം

(എട്ടാം സ്റ്റാൻഡാർഡിലേക്കു്)

*Approved by His Grace the Archbishop of Trivandrum.*

പ്രസാധകൻ

**വെ. റവ. ഫാ. മത്തായി മലഞ്ചെരുവിൽ**

**1978**

*Printed at St. Mary's Press, Trivandrum.*

www.malankaralibrary.com

# വിജ്ഞപ്തി

സണ്ടേസ്കൂൾ എട്ടാം സ്ററാൻഡാർഡിലെ ഉപയോഗത്തിനായി എഴുതിയിട്ടുള്ള ഈ പുസ്തകത്തിൽ പഴയനിയമകഥകൾ പുതിയനിയമകഥകൾ എന്നിങ്ങനെ രണ്ടു ഭാഗങ്ങൾ ചേർത്തിട്ടുണ്ടു്. പഴയനിയമകഥകളുടെയും പുതിയനിയമകഥകളുടെയും ഒടുവിൽ ചെറിയ അക്ഷരത്തിൽ കൊടുത്തിരിക്കുന്ന കുറിപ്പുകൾ അധ്യാപകർ വായിച്ചു് കഥയോടനുബന്ധിച്ചു് കുട്ടികളിൽ പ്രതിഫലിപ്പിക്കണമെന്നല്ലാതെ കുട്ടികൾ ഇവ അതേപടി പഠിക്കണമെന്നു വിവക്ഷയില്ല. പാഠങ്ങൾ അല്പം ദീർഘങ്ങളാകയാൽ ഒരു പാഠം രണ്ടു ഞായറാഴ്ചകൊണ്ടു് പഠിപ്പിച്ചാൽ മതിയാകും.

സണ്ടേസ്കൂൾ സമയം മൂന്നു പീരിയഡ് ആയിരിക്കണം. ഒന്നാം പീരിയഡിൽ എല്ലാ കുട്ടികളെയും ഒരുമിച്ചിരുത്തി പാട്ടു പാടിക്കൊടുക്കണം. അതുകഴിഞ്ഞു് പ്രാർത്ഥന നടത്തിയ ശേഷം കുട്ടികൾ അവരവരുടെ ക്ലാസുകളിലേക്കു പോകണം. രണ്ടാം പീരിയഡിൽ P. O. C. പാഠപുസ്തകം പഠിപ്പിക്കണം. മൂന്നാമത്തെ പീരിയഡിൽ പഴയനിയമകഥകളിൽ നിന്നോ പുതിയനിയമകഥകളിൽ നിന്നോ ക്രമമനുസരിച്ചു് പാഠം എടുക്കണം. അതിൻെറ അവസാനത്തിൽ മണിഅടിക്കുമ്പോൾ അതതുക്ലാസിൽ വച്ചുതന്നെ പ്രാർത്ഥന നടത്തിയശേഷം കുട്ടികളെ പിരിച്ചുവിടാവുന്നതാണു്.

ഈ പുസ്തകം തയ്യാറാക്കുന്നതിനു് ഇംഗ്ലീഷിലും മലയാളത്തിലുമുള്ള പല പുസ്തകങ്ങൾ സഹായകരമായിതീർന്നിട്ടുണ്ടു്. ഈ പുസ്തകം പ്രസാധനം ചെയ്യുന്നതിനു സഹായിച്ച ഏവർക്കും കൃതജ്ഞത രേഖപ്പെടുത്തിക്കൊള്ളുന്നു.

പ്രസാധകൻ.

www.malankaralibrary.com

# പഴയനിയമകഥകൾ

## പാഠം 1

## രൂഥ്

ന്യായാധിപൻമാരുടെ കാലത്തു് ബേത്ലഹേം, യെഹൂദിയാ എന്നീ നാടുകളിൽ വലിയ ക്ഷാമമുണ്ടായി. ബേത്ലഹേം ദേശവാസിയായ എലീമലേക്കു് എന്നൊരാൾ സ്വഭാര്യയായ നയോമിയോടും, മഹ്ലോൻ, കില്യോൻ എന്ന പുത്രൻമാരോടുംകൂടി മോവാബു ദേശത്തു[1] പരദേശിയായി പാർപ്പാൻ പോയി.[2] മോവാബുദേശം വളരെ കോട്ടകൊത്തളങ്ങൾ ഉള്ളതും സൈന്യശക്തി ഉള്ളതുമായിരുന്നു. അതിനാൽ ഇസ്രായേല്യർക്കു് അവരെ ഭയമായിരുന്നു. ഇസ്രായേലിന്റെ ശക്തികൊണ്ടു് മോവാബ്യരും ഭയപ്പെട്ടിരുന്നു. എലീമലേക്കിന്റെ കാലശേഷം പുത്രൻമാർ മോവാബീരിൽനിന്നും വിവാഹം കഴിച്ചു.[3] അവരിൽ ഒരുത്തിയുടെ പേർ ''ഓർപ്പാ'' എന്നും മററവളുടെ പേർ ''രൂഥ്'' എന്നുമായിരുന്നു. അവരുടെ ഭർത്താക്കൻമാർ ഇരുവരും മരിച്ചു. അവളുടെ മാതാവായ നയോമി സങ്കടത്തിൽ മുഴുകി. അവൾ ക്ഷാമം തീർന്നപ്പോൾ ബേത്ലഹേമിലേക്കു പോകുവാൻ തീർച്ചപ്പെടുത്തി.[4] മരുമക്കൾ ഇരുവരെയും വിളിച്ചു് അവരുടെ മാതൃഭവനത്തിലേക്കു മടങ്ങിപ്പോകുവാൻ നിർബന്ധിച്ചു[5] അവരെ അനുഗ്രഹിച്ചു. ഓർപ്പാ നയോമിയെ ചുംബിച്ചു് സ്വഭവനത്തിലേക്കു മടങ്ങി. രൂഥാകട്ടെ[6] നയോമിയോടുകൂടെ ബേത്ലഹേമിൽ വന്നു.

നയോമിയുടെ ഭർത്താവായിരുന്ന എലീമലേക്കിന്റെ കുടുംബത്തിൽ ബോയസ് എന്നൊരു ധനികനുണ്ടായിരുന്നു. രൂഥും നയോമിയും ബേത്ലഹേമിൽ ചെന്നപ്പോൾ അവിടെ കൊയ്ത്തുകാലമായിരുന്നു. ഗത്യന്തരമില്ലായ്കയാൽ രൂഥ്, ബോയസിന്റെ[7] വയ

www.malankaralibrary.com



ലിൽ കാലാ പെറുക്കുവാൻ പോയി.[8] ബോയസി ൻെറ വയലിൽനിന്നും കാലാ പെറുക്കി എടുക്കുന്നതിനു അവരംക്കു ചില ആനുകൂല്യങ്ങരം ലഭിച്ചു. അവളുടെ കുടുംബസ്ഥിതിയും, രൂഥ് നയോമിയോടു കാണിച്ച വിശ്വസ്തതയും[9] ഗ്രഹിച്ചതിനാലാണു് ബോയസ് കൂടുതൽ ആനുകൂല്യങ്ങരം ചെയ്തുകൊടുത്തതു്[10]

ബോയസ് നയോമിയുടെ അടുത്ത ചാർച്ചക്കാരനാകയാൽ അദ്ദേഹം രൂഥിനെ വിവാഹം കഴിക്കണമെന്നാവശ്യപ്പെട്ടപ്പോരം ബോയസ് ''എന്നെക്കാരം അടുത്ത ചാർച്ചക്കാരൻ നിനക്കുള്ളതിനാൽ അദ്ദേഹവുമായി ആലോചിക്കട്ടെ'' എന്നു് പറഞ്ഞു.

അനന്തരം ബോയസ് ആ ചാർച്ചക്കാരനേയും ഇസ്രായേലിലെ മൂപ്പൻമാരെയും വരുത്തി. എലിമലേക്കു വിററ ആ നിലം ആ ചാർച്ചക്കാരൻ വീണ്ടെടുക്കാമെന്നും അല്ലാത്ത പക്ഷം പിന്നത്തെ ചാർച്ചക്കാരനായ താൻതന്നെ അതു വീണ്ടെടുക്കാമെന്നും പറഞ്ഞു. എല്ലാവരും അപ്രകാരം സമ്മതിച്ചു. അങ്ങനെ ബോയസ് ആ നിലം വീണ്ടെടുത്തു് രൂഥിനേയും ഭാര്യയായി സ്വീകരിച്ചു.[11] ഇസ്രായേൽ മൂപ്പൻമാർ ബോയസിനെയും രൂഥിനേയും അനുഗ്രഹിച്ചു. നിൻെറഭവനത്തിലേക്കു വന്നിരിക്കുന്ന സ്ത്രീ റാഹേലിനെപ്പോലെയും ലേയായെപ്പോലെയുമായിരിക്കട്ടെ. നിൻെറ സന്തതി ''പാമാർ'' യഹൂദിയായ്ക്കു പ്രസവിച്ച ഫാറേസിൻെറ ഭവനംപോലെയാകട്ടെ'' എന്നു പറഞ്ഞു.

രൂഥ് ഒരു പുത്രനെ പ്രസവിച്ചു. അപ്പോരം നയോമി ആ കുഞ്ഞിനെ ഇരുകരങ്ങളിലുമെടുത്തു് മടിയിൽ കിടത്തി. അവരുടെ അയൽക്കാർ വന്നു് ആ കുട്ടിക്കു് ഓബേദു് എന്നു പേരിട്ടു. ദാവീദിൻെറ പിതാവായ ''യശ്ശായി'' ഈ ഓബേദിൻെറ പുത്രനാണു്. ഇങ്ങനെ മോവാബുകാരിയായ രൂഥ്[12] ക്രിസ്തുവിൻെറ വംശാവലിയിൽ എണ്ണപ്പെടുവാനിടയായി.[13]

www.malankaralibrary.com



1. ബേത്‌ലഹേമിൽ നിന്നും മോവാബു ദേശത്തിലേക്കു് പോകണമെങ്കിൽ യെറിഹോയിൽ എത്തി യോർദ്ദാൻ കടന്നു രൂബൻദേശത്തുകൂടെ ചെന്നു് അർനോർ നദി കടന്നു് ചാവുകടലിൻെറ മറുകരയ്ക്കു് എത്തണം. ഇതിനു് ഏകദേശം 50 നാഴിക ദൂരമുണ്ടു്. മോവാബുകാർ ലോത്തിൻെറ മൂത്ത മകളുടെ മകനായ മോവാബിൻെറ സന്താനങ്ങളാണു്. (ഉ. പ. 19, 37)

2 ക്ഷാമമുണ്ടായപ്പോൾ എലീമലേക്കു് വാഗ്ദത്തനാടു് വിട്ടു് മോവാബു ദേശത്തേക്കു പോയി. വിജാതീയദേശത്തേക്കു പോകാനിടയായെങ്കിലും എലീമലേക്കു തൻെറ വിശ്വാസം നഷ്ടപ്പെടുത്തിയില്ല. നാം എവിടെപ്പോയാലും നമ്മുടെ സത്യവിശ്വാസം പാലിക്കണം.

3. എലീമലേക്കിൻെറ മക്കൾ രണ്ടു മോവാബ്യ സ്ത്രീകളെ വിവാഹം കഴിച്ചു. എന്നാൽ ''ഓർപ്പാ''യും ''രൂഥും'' ഇസ്രായേലിൻെറ വിശ്വാസം സ്വീകരിക്കുന്നതിൽ താത്പര്യമുള്ളവരായിരുന്നതിനാലാണു് അവരെ വിവാഹം കഴിച്ചതു്. ''നിൻെറ ദൈവം എൻെറ ദൈവം'' എന്നു് രൂഥ് പറഞ്ഞു. (രൂഥു് 1,16) കത്തോലിക്കാ വിശ്വാസം സ്വീകരിപ്പാൻ വിസമ്മതിക്കാത്ത അകത്തോലിക്കരെ കത്തോലിക്കർക്കു വിവാഹം കഴിക്കാവുന്നതാണു്.

3. നായോമി എന്ന വാക്കിൻെറ അർത്ഥം 'ആനന്ദവല്ലി' എന്നാകുന്നു. നയോമി ബേത്‌ലഹേമിലേക്കു തിരിച്ചു വന്നു. പാപത്തിൽ വീഴുന്നവൻ അതിവേഗം അനുതപിച്ചു കുമ്പസാരം കഴിച്ചു തിരിച്ചു വരേണ്ടതാണു്. നയോമി മോവാബിലേക്കു് പോയതിനെപ്പററി ആയുഷ്പര്യന്തം ദുഃഖിച്ചു. നിൻെറ പൂർവ്വപാപത്തെക്കുറിച്ചു് നിനക്കു ദു:ഖമുണ്ടോ?

5. നയോമിയുടെ ദാരിദ്ര്യത്തിൽ പങ്കാളികളാകുവാൻ മരുമക്കളെ നയോമി സമ്മതിച്ചില്ല. എങ്കിലും നയോമിയുടെ സൽസ്വഭാവം കണ്ടു മരുമക്കൾ അവളെ വിട്ടുപിരിയുവാൻ മടിച്ചു. കത്തോലിക്കർ എല്ലാം അവരുടെ സത്യവിശ്വാസപ്രകാരം ജീവിച്ചിരുന്നെങ്കിൽ ലോകം മുഴുവൻ മുമ്പുതന്നെ കത്തോലിക്കാസഭയിലാകുമായിരുന്നു. ക്രിസ്തു ഉപദേശിക്കുന്നതു് ''മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികൾ കണ്ടു് സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തുവാൻ തക്കവണ്ണം നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പാകെ ശോഭിക്കട്ടെ''എന്നാകുന്നു.
(മത്താ. 5,19)

6. രൂഥ്എന്നവാക്കിൻെറഅർത്ഥം(Comeliness) 'ഓമന' എന്നാകുന്നു.

7. ബോയസ് യെറിഹോയിലെ റാഹാബിൻെറയും ശല്മോൻെറയും പുത്രനാണു്. (മത്താ. 1, 5)

www.malankaralibrary.com



8. ബോയസിൻെറ വയലിൽ കാലാ പെറുക്കാൻ രൂഥ് പോയതു് ദൈവനടത്തിപ്പാലായിരുന്നു. രൂഥിൻെറ സൽസ്വഭാവത്തെയും ദൈവഭക്തിയെയും താനുമായുള്ള ചാർച്ചയെയും മററും പററി ബോയസ് കേരംക്കുന്നതിനും അവർ തമ്മിലുള്ള ബാന്ധവം നടക്കുന്നതിനും അതു് ഹേതുവായിത്തീർന്നു.

9. രൂഥ് സത്യവിശ്വാസം സ്വീകരിച്ചതിനാൽ നാടും വീടും വിട്ടു് അമ്മായിയമ്മയോടു കൂടെ പോയി. അവരം സ്വീകരിച്ച സത്യവിശ്വാസം ഉള്ളവരുടെ ഇടയിൽ പാർക്കുകയാണു നല്ലതു് എന്നു അവരം കണ്ടു. രൂഥ് താഴ്മക്കും അനുസരണത്തിനും സൽബുദ്ധിക്കും വിളനിലമായിരുന്നു. ദാരിദ്ര്യനിവാരണാർത്ഥം കാലാ പെറുക്കാൻ പോലും അവരം മടിച്ചില്ല. രൂഥിനെപ്പോലെയുള്ള മക്കളെ ലഭിക്കുന്ന ഭവനം അനുഗ്രഹിക്കപ്പെട്ടതാണു്.

10. രൂഥ് കാലാ പെറുക്കിയും മററു വേല ചെയ്തും അമ്മായിയമ്മയെ സംരക്ഷിച്ചു. അങ്ങനെ അവരം മാതാപിതാക്കൻമാരെ ബഹുമാനിക്കണമെന്നുള്ള കല്പന നിവർത്തിച്ചു. നിങ്ങളെല്ലാവരും മാതാപിതാക്കൻമാരെ അനുസരിക്കുകയും, ബഹുമാനിക്കയും ഒടുവിൽ അവരെ ശുശ്രൂഷിക്കയും ചെയ്യുമോ?

11. രൂഥ് ഉൽസാഹമുള്ളവളായിരുന്നു; മടിയായിരുന്നില്ല. മടി വലിയ പാപമാണു്. അതു് ലജ്ജയെയും അപമാനത്തെയും വിളിച്ചുവരുത്തും. രൂഥ് സൗമ്യവതിയും നിർമ്മലയും ആയിരുന്നു. പട്ടണം മുഴുവനും അവളെ സ്തുതിച്ചു. അവളുടെ സ്വഭാവഗുണത്തിൻെറ പ്രതിഫലമായി അവരംക്കു് അനുരൂപനായ ഒരു മകനെ ലഭിച്ചു. അവരം ദാവീദിൻേറയും ക്രിസ്തുവിൻേറയും വലിയ വല്യമ്മയായിത്തീരുകയും ചെയ്തു.

ബോയസ് അയൽക്കാരെ സ്നേഹിക്കയും നിർദ്ധനൻമാരിൽ അനുകമ്പ കാണിക്കയും ചെയ്തു. നിർദ്ധനത്വം വകവയ്ക്കാതെ രൂഥിനോടു ന്യായമായി വർത്തിച്ചു. ബോയസിൻെറ സൽസ്വഭാവത്തിൻെറ പ്രതിഫലമായി അനുരൂപയായ ഒരു ഭാര്യയെ ദൈവം കൊടുത്തു. അവരുടെ വിവാഹത്തെ ദൈവം അനുഗ്രഹിച്ചു. ബോയസ് ക്രിസ്തുവിൻെറയും വലിയ വല്യപ്പനായിത്തീരുകയും ചെയ്തു.

12) രൂഥ്, പുറജാതിയിൽ നിന്നുള്ള കത്തോലിക്കരുടെ മാതൃകയാണു്. രൂഥ് വിജാതിയിൽ ജനിച്ചു എങ്കിലും ഇസ്രായേലിൻെറ അവകാശവും അനുഗ്രഹവും അനുഭവിപ്പാനിടയായി.

13) ഒരു മനുഷ്യൻെറ ഗുണം അവൻെറ സമ്പത്തിലല്ല സ്വഭാവത്തിലാണു് സ്ഥിതി ചെയ്യുന്നതു്. ദൈവം നോക്കുന്നതു് പുറമല്ല. പിന്നയോ ഹൃദയമാണു്. സത്യവിശ്വാസവും ദൈവഭക്തിയുമില്ലാത്തവനാണു് സാക്ഷാൽ നിർദ്ധനൻ.

www.malankaralibrary.com

പാഠം 2

# ശമുവേൽ

(1 ശമു. 1 മുതൽ 7 വരെ അദ്ധ്യായങ്ങൾ)

ഇസ്രായേല്യരുടെ ആചാര്യനായ ഏലി ന്യായാധിപതി ആയിരിക്കുമ്പോൾ അവിടെ എൽക്കാന എന്നു പേരുള്ള ഒരു പുരുഷനും അയാൾക്കു് ഹന്നാ എന്നു പേരുള്ള ഒരു ഭാര്യയുമുണ്ടായിരുന്നു. അവർ നല്ല ദൈവഭക്തരായിരുന്നു. ആണ്ടുതോറും അവർ ശീലോവിലെ ദൈവാലയത്തിൽ പോയി നേർച്ച കഴിച്ചുവന്നു. ഹന്നാക്കു് മക്കളില്ലാതിരുന്നതിനാൽ ഒരു പുത്രനെ ലഭിക്കുന്ന പക്ഷം അവനെ യഹോവയ്ക്കു് പ്രതിഷ്ഠിക്കുമെന്നു് നേർച്ച നേർന്നിരുന്നു. ആ നേർച്ചപ്രകാരം അവൾക്കു് ഒരു പുത്രനുണ്ടായി[3]. അവനു ശമുവേൽ എന്നു് പേരിട്ടു, ശമുവേലിനു് മൂന്നു വയസു പ്രായമായപ്പോൾ അവനെ ദൈവാലയത്തിലേക്കയച്ചു[4]. അദ്ദേഹം സഭയിൻകൂടാരത്തിൽ ഏലിയോടു കൂടെ താമസിച്ചു് ശുശ്രൂഷ ചെയ്തുവന്നു[5].

ഒരു ദിവസം രാത്രിയിൽ യഹോവ ശമുവേലിനെ വിളിച്ചു. വിളിച്ചതു് ഏലിയായിരിക്കുമെന്നു കരുതി ശമുവേൽ എഴുന്നേററുചെന്നു[6] ''എന്നെ വിളിച്ചതെന്തിനു്?'' എന്നു് അദ്ദേഹത്തോടു ചോദിച്ചു. ''ഞാൻ വിളിച്ചില്ല. നീ പോയി കിടന്നുകൊള്ളുക'' എന്നു ഏലി പറഞ്ഞു. രണ്ടാമതും ഒരു വിളി കേട്ടു. അപ്പോഴും ശമുവേൽ എഴുന്നേററു് ഏലിയുടെ അടുക്കൽ ചെന്നു ''എന്നെ വിളിച്ചതെന്തിനു്?'' എന്നു ചോദിച്ചു. ''ഞാൻ വിളിച്ചില്ല. ഇനിയും വിളിക്കുമെങ്കിൽ ''കല്പിക്കണമെ, അടിയൻ ദാസൻ കേൾക്കുന്നു എന്നു പറക'' എന്നു പറഞ്ഞു[7]. ശമുവേൽ കിടന്നുറങ്ങിയപ്പോൾ പിന്നെയും വിളി ഉണ്ടായി. ഏലി നിർദ്ദേശിച്ചിരുന്നതുപോലെ ''കർത്താവേ ഇതാ ഞാൻ,

www.malankaralibrary.com



കല്പിക്കണമേ, അങ്ങേ ദാസൻ കേൾക്കുന്നു'' എന്നു പറഞ്ഞു. യഹോവ ശമുവേലിനോടു് ''ഏലിയുടെ പുത്രൻമാരുടെ അകൃത്യങ്ങൾ വളരെയായിരിക്കുന്നു. ഇനിയും ഞാനതു ബലികൊണ്ടോ, കാഴ്ചകൊണ്ടോ ക്ഷമിക്കയില്ല. ഞാൻ ആ ഭവനത്തെ എന്നേക്കുമായി ശിക്ഷക്കു വിധിക്കും'' എന്നു് കല്പിച്ചു. പ്രഭാതത്തിൽ ഏലിവിവരമെല്ലാം ശമുവേലിനോടു ചോദിച്ചറിഞ്ഞപ്പോൾ ദുഃഖിതനായി, ''ദൈവഹിതം പോലെ നടക്കട്ടെ'' എന്നു പറഞ്ഞു. ഏലിയുടെ പുത്രൻമാരോ ദൈവാലയത്തിൽ ബലിക്കായി കൊണ്ടുവരുന്ന മാംസം കവർന്നു. ശുശ്രൂഷിണികളെയും അശുദ്ധമാക്കി.[8] (1ശമു. 2, 22, 29)

അധികനാൾ കഴിയുന്നതിനു മുമ്പു് ഇസ്രായേലിനോടു് ഫലസ്ത്യർ യുദ്ധത്തിനു വന്നു. എബെൻ—എസേറിൽവച്ചു രണ്ടു സൈന്യവും തമ്മിൽ യുദ്ധം ചെയ്തു. യുദ്ധം ജയിക്കുന്ന മട്ടു കണ്ടില്ല. അതിനാൽ ഏലിയുടെ മക്കൾ ചെന്നു യഹോവായുടെ പെട്ടകം എടുത്തുകൊണ്ടുവന്നു. എങ്കിലും ആ യുദ്ധത്തിൽ വച്ചു ഏലിയുടെ പുത്രൻമാരുൾപ്പെടെ മുപ്പതിനായിരംപേർ കൊല്ലപ്പെട്ടു.[9] യഹോവയുടെ പെട്ടകവും ഫലസ്ത്യർ കൈക്കലാക്കി. ശീലോവും പിടിക്കപ്പെട്ടു, അതിലെ നിവാസികളെ എല്ലാം കൊല്ലുകയും അവിടം ചുട്ടു് ഭസ്മമാക്കുകയും ചെയ്തു. ഈ വാർത്തകേട്ടു് പട്ടണവാതിൽക്കൽ വച്ചു് ഏലി പുറകോട്ടു് വീണു് പിടലി ഒടിഞ്ഞു് മരിച്ചു.[10]

ഫലസ്ത്യർ യഹോവയുടെ പെട്ടകം ദാഗോൻ ദേവന്റെ അമ്പലത്തിൽ കൊണ്ടുചെന്നുവച്ചു. പിറെറന്നാൾ പ്രഭാതത്തിൽ നോക്കിയപ്പോൾ ദേവൻ യഹോവയുടെ പെട്ടകത്തിന്റെ മുമ്പാകെ കവിണ്ണുവീണുകിടക്കുന്നതു കണ്ടു. ഫലസ്ത്യർ ദാഗോനെ എടുത്തു വീണ്ടും തൽസ്ഥാനത്തു നിറുത്തി. പിറെറന്നാൾ നോക്കിയപ്പോഴും ദാഗോൻ യഹോവായുടെ പെട്ടകത്തിന്റെ മുമ്പിൽ വീണുകിടക്കുന്നതു കണ്ടു. ദാഗോന്റെ തല

www.malankaralibrary.com



യും കൈപ്പത്തിയും മുറിഞ്ഞു വേർപെട്ടുപോയിരുന്നു. ഫലസ്ത്യർ ഇതുകണ്ടു് ഭ്രമിച്ചുപോയി. തന്നെയല്ല, ആ സ്ഥലവാസികൾക്കെല്ലാം മൂലക്കുരു പിടിപെടുകയും വയലുകളെല്ലാം എലികളെക്കൊണ്ടു് നിറയുകയും പട്ടണം പകർച്ചവ്യാധികളെക്കൊണ്ടു് നശിക്കയും ചെയ്തു.

അതിനാൽ യഹോവയുടെ പെട്ടകം അവർ 'ഗാധി' ലേക്കു കൊണ്ടുപോയി. അതു് അവിടെ ഏഴുമാസമിരുന്നു. അവർക്കു് വളരെ ഉപദ്രവമുണ്ടായപ്പോൾ ജോതിശാസ്ത്രജ്ഞൻമാരെ വരുത്തി ആലോചിച്ചു. ഫലസ്ത്യപ്രഭുക്കൻമാരുടെ എണ്ണപ്രകാരംപൊന്നുകൊണ്ടു അഞ്ചു മൂലക്കുരുവിനെയും അഞ്ചു എലികളെയും ഉണ്ടാക്കി ഒരു ചെല്ലത്തിൽവച്ചു് അതും യഹോവയുടെ പെട്ടകവും ഒരു പുതിയ വണ്ടിയിൽ കയററി നുകം വച്ചിട്ടില്ലാത്ത രണ്ടു കറവപ്പശുക്കളെ കെട്ടിവിട്ടു. അവയുടെ കിടാക്കളെ വീട്ടിലേക്കു കൊണ്ടുപോയി. ഫലസ്ത്യപ്രഭുക്കൻമാർ ബേത്ശേമിൻെറ അതൃത്തിവരെ അകമ്പടി പോയി. വണ്ടി യോശുവായുടെ വയലിനരികെ ചെന്നുനിന്നു. പുരോഹിതൻമാർ വണ്ടി പൊളിച്ചു തീ കൂട്ടി പശുക്കളെ രണ്ടിനെയും യഹോവയ്ക്കായി ബലികഴിച്ചു. ഫലസ്ത്യർ എക്രോനിലേക്കു് മടങ്ങിപ്പോകുകയും ചെയ്തു.

വയലിൽ കൊയ്തുകൊണ്ടു നിന്നിരുന്ന ബേത്ശേമെശുകാർ ഓടിവന്നു ഒരുക്കവും ഭക്തിയും കൂടാതെ പെട്ടിയിലേക്കു് എത്തിനോക്കി. അവരിൽ വളരെപ്പേർ അപ്പോൾ തന്നെ മരിച്ചുപോയി[11]. അവർ പെട്ടകമെടുത്തു കിര്യത്തുയെയാരിമിൽ അമിനാദാബിൻെറ വീട്ടിൽ കൊണ്ടുചെന്നു പൂജിച്ചുവയ്ക്കുകയും അയാളുടെ മകനായ എലെയാസറിനെ പുരോഹിതനാക്കുകയും ചെയ്തു. അങ്ങനെ യഹോവയുടെ പെട്ടകം അൻപതു വർഷം കിര്യത്തുയെയാരീമിൽ ഇരുന്നു[12].

ശമുവേലിനെ അടുത്ത ന്യായാധിപതിയായി അഭിഷേകം ചെയ്തു. ശമുവേൽ ജനങ്ങളെയെല്ലാം വരു

www.malankaralibrary.com



ത്തി അവരുടെ കുററങ്ങളെല്ലാം അവരെ മനസ്സിലാക്കി. ജനങ്ങരം ഉപവസിച്ചു കുററങ്ങരം ഏററുപറഞ്ഞു. ദൈവം ക്ഷമിക്കുകയും ഫലസ്ത്യരുടെ മേൽ അവർക്കു വിജയം കൊടുക്കുകയും ചെയ്തു. വളരെക്കാലത്തേക്കു് ഇസ്രായേൽ സമാധാനമായി വർത്തിച്ചു[13].

---

1. ശീലോ യോശുവായുടെ കാലം മുതൽ ഇസ്രായേൽക്കാരുടെ ആരാധനസ്ഥലമായിരുന്നു. സഭയിൻകൂടാരമിരുന്നതു് അവിടെയായിരുന്നു. ചിലപ്പോരം അതു മിസ്പെയിലേക്കും ബഥേലിലേക്കും മാററിയിട്ടുണ്ടു്.

2. ഞാൻ അവനെ യഹോവയ്ക്കു പ്രതിഷ്ഠിക്കുമെന്നു പറയുന്നതിൽ നിന്നു തന്നെ ദൈവവേല ചെയ്യുന്ന ഒരു മകനെ കൊടുക്കണമെന്നായിരുന്നു ഹന്നാ ദൈവത്തോടു പ്രാർത്ഥിച്ചിരുന്നതു് എന്നു തെളിയുന്നു. ദൈവമഹത്വത്തിനുതകുന്ന ദാനങ്ങരംക്കായിട്ടു വേണം നാം പ്രാർത്ഥിപ്പാൻ.

3. ഹന്നായ്ക്കു സങ്കടമുണ്ടായപ്പോരം പ്രാർത്ഥിച്ചു. സങ്കടമുണ്ടാകുമ്പോരം നാം ദൈവത്തോടു പ്രാർത്ഥിക്കണം. നിങ്ങളിലൊരുവൻ ദു:ഖത്തിലാകുന്നെങ്കിൽ പ്രാർത്ഥിക്കട്ടെ(യാക്കോ. 5, 13)

4. ശമുവേൽ എന്ന വാക്കിൻെറ അർത്ഥം ''ദൈവദത്തൻ'' എന്നാണു്. ഇസ്രായേൽ സ്ത്രീകരം സാധാരണ മൂന്നുവയസുവരെ കുഞ്ഞുങ്ങളെ മുലകുടിപ്പിക്കും. മുലകുടി മാറിയ ഉടനെ ശമുവേലിനെ സമാഗമനകൂടാരത്തിൽ ആയുഷ്പര്യന്തം വേല ചെയ്തു ജീവിക്കുവാനായി സ്വമാതാവു വിട്ടു.

ഹന്നാ നേർച്ച നിവർത്തിച്ചു. ശമുവേൽ കൂടെത്താമസിക്കണമെന്നു് ആഗ്രഹമുണ്ടായിരുന്നു എങ്കിലും നേർച്ചപ്രകാരം അദ്ദേഹത്തെ ദൈവാലയത്തിലാക്കി. ന്യായമായ നേർച്ചകരം നാം നിറവേററണം. ന്യായമല്ലാത്ത നേർച്ചകരം നേരരുതു്. അങ്ങനെ നേർന്നാൽ അതു പാലിപ്പാൻ നമുക്കു കടമയില്ല.

5. ഏലിയുടെ മക്കളുടെ ദുഷ്ടത ശമുവേൽ അനുകരിച്ചില്ല. അദ്ദേഹം ദൈവത്തിനുവേണ്ടി ചെയ്യേണ്ട വേലകളെല്ലാം താൽപര്യത്തോടുകൂടെ ചെയ്തു. ശമുവേൽ ഏലിയോടു അനുസരണമുള്ളവനായിരുന്നു. ഏലിയുടെ മക്കരം അനുസരണമില്ലാത്തവരായിരുന്നു. നീ ചീത്ത കുട്ടികളെയോ നല്ല കുട്ടികളെയോ കണ്ടുപഠിക്കുന്നതു്?

6. എത്ര ഉറക്കത്തിൽ വിളിച്ചാലും ശമുവേൽ ഉൽസാഹത്തോടുകൂടെ എഴുന്നേൽക്കുമായിരുന്നു. നിങ്ങരംക്കു് അത്രയും ഉൽസാഹമുണ്ടോ?

www.malankaralibrary.com



7. ഏലി ചോദിച്ചപ്പോൾ ശമുവേൽ സത്യമൊക്കെയും പറഞ്ഞു. നിങ്ങളുടെ മേൽ അധികാരമുള്ളവർ ചോദിച്ചാൽ നിങ്ങളും സത്യംതന്നെ പറയണം.

8. ഏലിയുടെ മക്കൾ ദൈവാലയത്തിൽ അഭക്തിയായി പെരുമാറി. വിശുദ്ധ സ്ഥലം അശുദ്ധമാക്കി. സമാഗമന കൂടാരം അത്രയ്ക്കു ശ്രേഷ്ഠമായിരുന്നെങ്കിൽ കത്തോലിക്കാപ്പള്ളി അതിൽഎത്രയോശ്രേഷ്ഠം. ക്രിസ്തു വി. കുർബാനയിൽ എഴുന്നെള്ളിയിരിക്കുന്ന സ്ഥലമാണല്ലൊ അതു്. അവിടെ ചിരിക്കയും കളിക്കയും അഗണ്യമായി വർത്തിക്കയുമരുതു്. (1 ശമു. 22, 34)

9. ഏലിയുടെ മക്കൾക്കു് വന്ന കഠിനശിക്ഷ നോക്കുക. നാം അനുസരിക്കേണ്ടവരെ അനുസരിക്കാതെ ജീവിച്ചാൽ അതുപോലെ സംഭവിക്കും.

അനുതാപം കൂടാതെ കൃപ ലഭിക്കയില്ല. യഹോവയുടെ പെട്ടകമുണ്ടെങ്കിൽ കൃപ ലഭിക്കുമെന്നു അവർ കരുതി. പെട്ടകത്തിൽ എഴുതിവച്ചിരുന്ന പത്തു കല്പനകൾ അവർ അനുസരിച്ചിരുന്നില്ല. അതിനാൽ കൃപ ലഭിച്ചില്ല. പെട്ടകവും ശത്രുക്കളാൽ പിടിക്കപ്പെട്ടു.

ശമുവേലിനും ഏലിയുടെ മക്കൾക്കും ഒരുപോലെ കൃപ ലഭിച്ചിരുന്നു. അവർ ഇരുകൂട്ടരും ദൈവാലയത്തിൽ വളർത്തപ്പെട്ടു. എന്നാൽ ലഭ്യമായ കൃപയ്ക്കൊത്തവണ്ണം ഏലിയുടെ മക്കൾ ജീവിച്ചില്ല. ശമുവേൽ കൃപയ്ക്കു തക്കവണ്ണം ജീവിച്ചു. ഏലിയുടെ മക്കൾക്കു കൃപയും സ്വജീവനും നഷ്ടപ്പെട്ടു. ശമുവേലിനാകട്ടെ ദൈവാനുഗ്രഹമുണ്ടായിരുന്നു. അദ്ദേഹത്തിനു് രണ്ടു രാജാക്കൻമാരെ വാഴിക്കുവാനുള്ള ഭാഗ്യം ലഭിച്ചു. നീ കൃപയ്ക്കു തക്കവണ്ണം ജീവിക്കുന്നുവോ?

19. ഏലി നല്ല മനുഷ്യനായിരുന്നു. യഹോവയുടെ പെട്ടകം ഫലസ്ത്യർ അപഹരിച്ച വാർത്തയായിരുന്നു സ്വപുത്രൻമാരുടെ മരണവാർത്തയെക്കാൾ അദ്ദേഹത്തിനു അധികം ദു:ഖകരം. അദ്ദേഹം മക്കളെ നല്ലവരായി വളർത്തിയില്ല. ചെറുപ്പത്തിലെ അവരെ ശാസിച്ചും ശിക്ഷിച്ചും ദൈവഭക്തിയിൽ വളർത്തേണ്ടിയിരുന്നു. പ്രായമാകുമ്പോൾ നന്നാകുമെന്നു വിചാരിച്ചിരുന്നു. എന്നാൽ പ്രായമായപ്പോൾ അവർ ഒരിക്കലും കീഴ്പ്പെടാത്തവരായിത്തീരുകയാണുണ്ടായതു്.

ഏലി യഹോവയുടെ പെട്ടകം പിടിക്കപ്പെട്ട വാർത്ത കേട്ടു് ദു:ഖിതനായി മരിക്കയാൽ അദ്ദേഹം നിത്യരക്ഷയ്ക്കു തക്ക വരപ്രസാദമുള്ള ആളായി മരിച്ചു എന്നും, മക്കളെ നല്ലവരായി വളർത്താഞ്ഞതിനാൽമാത്രം ഈ താൽക്കാലികശിക്ഷയ്ക്കു പാത്രവാ

www.malankaralibrary.com



നായതാണെന്നും നമുക്കു ന്യായമായി അനുമാനിക്കാവുന്നതാണു്.

11. കിര്യത്തുയെയാരിം, ഇസ്രായേൽ അവിടെ ചെല്ലുന്നതിനു മുമ്പു് അതു ബാലിന്റെ ഒരു ആരാധനാസ്ഥലമായിരുന്നു. യഹോവയുടെ പെട്ടകം അവിടെ ചെന്നതോടുകൂടി അതു് ഇസ്രായേലിന്റെ ഒരു തീർത്ഥാടനസ്ഥലമായിത്തീർന്നു. യഹോവയുടെ പെട്ടകത്തിൽ അഭക്തിയായി നോക്കിയതിനാൽ വളരെപ്പേർ മരിച്ചുപോയി. യഹോവയുടെ പെട്ടകം ക്രിസ്തുവിന്റെയും മാതാവിന്റെയും ഒരു മുൻമാതൃകയായിരുന്നു. പെട്ടകത്തോടു അഭക്തിയായി പെരുമാറിയവർക്കു വന്ന ശിക്ഷ വലിയതെങ്കിൽ കിസ്തുവിനോടും മാതാവിനോടും ഭക്തിയില്ലാതെ പെരുമാറുന്നവരുടെ സ്ഥിതി എത്രയോ അധികം മോശമായിരിക്കും. (സംഖ്യ 4, 20)

12. യഹോവയുടെ പെട്ടകം വിഗ്രഹാരാധനക്കാരുടെ ഇടയിൽ പകർച്ചവ്യാധിയും നാശവും വരുത്തി. അബീനാദാബിന്റെ ഭവനക്കാർക്കോ യഹോവയുടെ പെട്ടകം അനുഗ്രഹകരമായിരുന്നു. അനുതാപിക്കു് വി. കുർബാന വളരെ അനുഗ്രഹപ്രദമായിരിക്കും. എന്നാൽ അഭക്തർക്കാവട്ടെ അതു് നാശഹേതുകവും മരണകരവുമായിരിക്കും.

13. ന്യായാധിപതിമാരുടെ പുസ്തകം എഴുതിയതു് ശമുവേൽ ആണെന്നാണു് ഭൂരിപക്ഷാഭിപ്രായം.

## പാഠം 3

# ഇസ്രയേലിലെ ഒന്നാമത്തെ രാജാവായ ശൌൽ

## (1 ശമുവേൽ 8 മുതൽ 15 വരെ)

ശമുവേൽ ദീർഘദർശി വൃദ്ധനായപ്പോരം സ്വപുത്രൻമാരെ പിന്നത്തെ ന്യായാധിപൻമാരാക്കി നിയമിച്ചു. എന്നാൽ അവർ ദുരാഗ്രഹം മൂലം കൈക്കൂലി വാങ്ങി ന്യായം മറച്ചുവന്നു. അതിനാൽ ജനങ്ങരം അവരെ നിശ്ശേഷം വെറുത്തു[1]. തങ്ങരംക്കു് ഒരു രാജാവിനെ വാഴിച്ചുതരണമെന്നു് ശമുവേലിനോടവർ അഭ്യർ

www.malankaralibrary.com



ത്ഥിച്ചു. ദൈവം ഒഴികെ വേറൊരു രാജാവു് ആവശ്യമില്ലെന്നായിരുന്നു ശമുവേലിൻെറ മറുപടി[2]. എങ്കിലും ജനങ്ങൾ അതു് സമ്മതിച്ചില്ല. ദൈവം അവരുടെ അപേക്ഷപ്രകാരം ഒരു രാജാവിനെ കൊടുക്കുവാൻ അനുവദിച്ചു.

ബെന്യാം ഗോത്രക്കാരനായ കീശിൻെറ പുത്രൻ ശൗൽ എന്നൊരാൾ ഉണ്ടായിരുന്നു. അദ്ദേഹം വലിയ ധീരനും സുന്ദരനുമായിരുന്നു. കീശിൻെറ ഒരു കഴുത ഒരു ദിവസം കാണാതെ പോയി. അതിനെ തേടിപ്പിടിച്ചു കൊണ്ടുവരുവാൻ ശൗലിനെ അയച്ചു. ഏദോമ്യനായ ദോയേഗ് എന്നൊരുവനെയും കൂട്ടിക്കൊണ്ടു് ശൗൽ മൂന്നു ദിവസം തെരഞ്ഞിട്ടും കഴുതയെ കണ്ടില്ല[3]. അതിനാൽ ജ്ഞാനദൃഷ്ടിക്കാരനായ ശമുവേലിനെ കണ്ടു ചോദിപ്പാൻ റാമ്മായിൽ ചെന്നു. ശൗൽ ചെല്ലുന്നതിൻെറ തലേദിവസം യഹോവയുടെ വെളിപാടു ശമുവേലിനു ഉണ്ടായി, ''നാളെ ബെന്യാംഗോത്രക്കാരനായ ഒരാൾ വരും. അദ്ദേഹത്തെ രാജാവായി അഭിഷേകം ചെയ്യണം'' എന്നു കൽപിച്ചു. അതിനാൽ ശൗൽ ചെന്നപ്പോൾ ശമുവേൽ അദ്ദേഹത്തെ ബഹുമാനപുരസ്സരം സ്വീകരിച്ചുകൂടെ താമസിപ്പിച്ചു. കാണാതെ പോയ കഴുതയെ കണ്ടുകിട്ടിയ വിവരം പറഞ്ഞു ശൗലിനെ ആശ്വസിപ്പിച്ചു. പിറേറ ദിവസം അവർ ഒരുമിച്ചു യാത്രയായി. പട്ടണത്തിൻെറ അതിർത്തിക്കു വന്നപ്പോൾ ശമുവേൽ ഒരു കുപ്പി വിശുദ്ധ തൈലമെടുത്തു്[4] ശൗലിൻെറ ശിരസ്സിൽ ഒഴിച്ചു അദ്ദേഹത്തെ രാജാവായി അഭിഷേകം ചെയ്തു[5]. ശൗൽ പോകുന്ന വഴിക്കു എന്തെല്ലാം സംഭവിക്കുമെന്നുള്ളതും ശമുവേൽ മുൻകൂട്ടി പറഞ്ഞിരുന്നു. ശൗൽ വിടവാങ്ങി യാത്രയായി.

ശൗൽ റാഹേലിൻെറ ശവകുടീരത്തിനു സമീപം എത്തിയപ്പോൾ വീട്ടിൽനിന്നും രണ്ടുപേർ വന്നു്, ''കഴുതയെ കണ്ടുകിട്ടി. പിതാവു് അങ്ങയെ നോക്കി അക്ഷമനായിരിക്കുകയാണു്'' എന്നു അറിയിച്ചു. അല്പം കൂടി മുൻപോട്ടു ചെന്നപ്പോൾ താബോർ മരു

www.malankaralibrary.com



ഭൂമിയിൽവച്ചു മൂന്നുപേർ അദ്ദേഹത്തെ എതിരേററു. അവരിൽ ഒരുവൻ മൂന്നു ആടും രണ്ടാമൻ മൂന്നു അപ്പവും മൂന്നാമൻ ഒരുകുപ്പി വീഞ്ഞും കൊണ്ടുവന്നു. അവർ അതിൽ ഒരു ഓഹരി ശൗലിനു കൊടുത്തു. അതും വാങ്ങി കുറെദൂരം ചെന്നപ്പോരം ദീർഘദർശിമാരുടെ ഒരു കൂട്ടം ശൗലിനെ എതിരേററു ദീർഘദർശനങ്ങരം പറഞ്ഞു. ദൈവത്തിൻെറ ആത്മാവു ശൗലിനും വന്നു. ശൗലും ദീർഘദർശനം പറഞ്ഞു. ഇതു കണ്ടു ''ശൗലും ദീർഘദർശിമാരുടെ കൂട്ടത്തിലായോ?'' എന്നു ഒരുവൻ ചോദിച്ചു. അതു ഒരു പഴഞ്ചൊല്ലായി തീർന്നു.[6]

ശമുവേൽ ജനത്തെ മിസ്പേയിൽ വിളിച്ചുകൂട്ടി. അവിടെവച്ചു് ശൗലിനെ രാജാവായി പ്രഖ്യാപനം ചെയ്തു.[7] രാജ്യംഭരിക്കുവാനുള്ള നിയമങ്ങളും ശമുവേൽ ഒരു പുസ്തകത്തിലെഴുതി കൊടുത്തു. ''രാജാവേ, ജയ, ജയ'' എന്നു ജനങ്ങരം ആർത്തുവിളിച്ചു. അപ്പോരം ശൗലിനു 30 വയസ്സു പ്രായമുണ്ടായിരുന്നു.

എന്നാൽ ശൗൽ കാലാന്തരത്തിൽ ദൈവകല്പന ലംഘിക്കുന്ന ആളായിട്ടാണു തീർന്നതു്. ഒരിക്കൽ ഫലസ്ത്യരോടു യുദ്ധത്തിനു പോകുമ്പോരം ബലികഴിക്കുവാനായി ശമുവേലിനെ കാത്തു് ശൗൽ ഏഴുദിവസം ഗിൽഗാലിൽ താമസിച്ചു. കാണായ്കയാൽ ശൗൽ തന്നെ ആ ബലി അർപ്പിച്ചു. ഉടനെ ദീർഘദർശിവന്നു അധികാരമില്ലാതെ ധൃതിയായി ഈ കർമ്മം നടത്തിയതിനു ശൌലിനെ ശാസിച്ചു. രാജത്വം അദ്ദേഹത്തിൽ നിന്നും എടുത്തിരിക്കുന്നു എന്നു അറിയിച്ചു.[8]

(1 ശമു. 13, 9)

ഫലസ്ത്യർ ഇസ്രായേലിനു എതിരായി പാളയമിറങ്ങി. അപ്പോരം ശൗലിൻെറ മകനായ യോനാഥാൻ തൻെറ ആയുധവാഹകനുമായി നദി നീന്തികയറി അവരോടു യുദ്ധത്തിനു ചെന്നു. 20 ഫലസ്ത്യരെ കൊന്നിട്ടു. അതു കേട്ടു ശൗലും പട്ടാളവും പുറകെ ചെന്നു യുദ്ധം ചെയ്തു. യുദ്ധം ജയിച്ചു മടങ്ങുന്നതുവരെ

www.malankaralibrary.com



ആരും ഒന്നും ഭക്ഷിക്കുകയില്ല എന്നു ശൌൽ ആണയിട്ടു പറഞ്ഞു. യോനാഥാൻ ഇതറിയാതെ വഴിക്കു കിട്ടിയ അല്പം തേൻ കുടിച്ചു. ശൌൽ ഇതറിഞ്ഞു യോനാഥാനെ കൊല്ലുവാൻ ഒരുങ്ങി. എന്നാൽ യോനാഥാൻ നടത്തിയ വിജയകരമായ യുദ്ധത്തിൻെറ മാഹാത്മ്യം കൊണ്ടു ജനം അതിനു സമ്മതിച്ചില്ല. യഹോവ യോനാഥാനു അനുകൂലമാണെന്നറിഞ്ഞു, പിന്നെ ശൌൽ അദ്ദേഹത്തെ കൊല്ലാനുദ്യമിച്ചില്ല. (1 ശമു. 14, 45)

വേറൊരു സമയം അമാലേഖ്യരുമായുള്ള യുദ്ധത്തിൽ അവരെയും അവരുടെ ആടുമാടുകളെയും മുഴുവനായി സംഹരിക്കണമെന്നു യഹോവ കല്പിച്ചിരുന്നു. എങ്കിലും ശൌൽ വിജയി ആയപ്പോൾ അവരുടെ രാജാവായ ആഗാഗിനെയും അവരുടെ മൃഗങ്ങളിൽ നല്ലവയെയും ജീവനോടു രക്ഷിച്ചു. യഹോവായ്ക്കു ബലികഴിക്കാനായിട്ടാണു് മൃഗങ്ങളെക്കൊണ്ടുപോന്നതെന്നായിരുന്നു ശൌലിൻെറ സമാധാനം. എന്നാൽശമുവേൽ വന്നു ശൌലിനെ കുററപ്പെടുത്തുകയും ''അനുസരണം ബലിയെക്കാളും ചെവിക്കൊള്ളുന്നതു മുട്ടാടുകളുടെ കൊഴുപ്പിനെക്കാളും നല്ലതാകുന്നു'' എന്നു് പറകയും ചെയ്തു.[9] ദീർഘദർശി പോകുവാനായി പിൻതിരിഞ്ഞപ്പോൾ ശൌൽ അദ്ദേഹത്തിൻെറ ഉടുപ്പിനു കയറി പിടിക്കുകയും അതു വലിഞ്ഞു കീറിപ്പോകുകയും ചെയ്തു. അപ്പോൾ ശമുവേൽ ''ഇതുപോലെ അവിടത്തെ രാജത്വവും അങ്ങിൽനിന്നു വേർപെടുത്തപ്പെട്ടു''മെന്നു പറഞ്ഞു.[10] ഇതിനുശേഷം അവർ തമ്മിൽ മരണംവരെ കണ്ടിട്ടില്ല.[11] (1 ശമു. 16, 35)

---

1. ശമുവേൽ തൻെറ മക്കളെ നല്ലനിലയിൽ ആക്കുവാൻ യത്നിച്ചിട്ടും അവർക്കു അഭിവൃദ്ധിയുണ്ടായില്ല. ദുസ്വഭാവം ശീലിച്ചാൽ അതു നമ്മെ അധഃപതിപ്പിക്കുകതന്നെ ചെയ്യും.

2. രാജാവിനെ വാഴിച്ചാൽ ദൈവത്തിൻെറ നടത്തിപ്പിനെ ജനങ്ങൾ വിസ്മരിച്ചേക്കുമെന്നായിരുന്നു ദീർഘദർശിയുടെ ഭയം.

3. ജ്ഞാനദൃഷ്ടിക്കാരനെന്നു പറഞ്ഞാൽ രഹസ്യസംഗതികളും വരുവാനിരിക്കുന്ന സംഭവങ്ങളും ദൈവശക്തിയാലറിയാവുന്നവനെന്നർത്ഥം.

www.malankaralibrary.com



കഴുതയെ കാണാതെ പോയതും ശൗൽ തിരക്കി പുറപ്പെട്ടതും ശമുവേലിൻെറ അടുക്കൽ ചെന്നതും ശമുവേൽ ശൗലിനെ അഭിഷേകം ചെയ്തതും എല്ലാം ദൈവനടത്തിപ്പായിരുന്നു. ഇതേവരെയുള്ള നമ്മുടെ ജീവിതത്തിലെ ഓരോ ഘട്ടവും ദൈവം നടത്തിച്ചതാണു്. നാം ദൈവത്തെ സേവിക്കയും പാപംചെയ്യാതിരിക്കയും ചെയ്താൽ ദൈവത്തിൻെറ ആനുകൂല്യം പരിപൂർണ്ണമായി നമുക്കു ലഭിക്കും.

4. എണ്ണ ശരീരത്തെ പ്രകാശിപ്പിക്കയും മാർദ്ദവപ്പെടുത്തുകയും സുഖപ്പെടുത്തുകയും ചെയ്യുന്നതുപോലെ പരിശുദ്ധാത്മാവിൻെറ പ്രസാദവരം നമ്മുടെ ആത്മാക്കളെ പ്രശോഭിപ്പിക്കയും മാർദ്ദവപ്പെടുത്തുകയും സുഖപ്പെടുത്തുകയും ചെയ്യുന്നു. പഴയനിയമകാലത്തു് ദീർഘദർശിമാരെയും പുരോഹിതൻമാരെയും രാജാക്കൻമാരെയും അഭിഷേകം ചെയ്യുമ്പോഠം കർമ്മസാധനമായി വിശുദ്ധതൈലം ഉപയോഗിച്ചുവന്നിരുന്നു. (രാജാ. 19, 16) പുതിയനിയമ കാലത്തു് സ്ഥിരീകരണ കൂദാശയിൽ മൂറോൻ എന്ന വിശുദ്ധ തൈലമാണു കൂദാശ സാധനമായി ഏർപ്പെടുത്തിയിരിക്കുന്നതു്. മാമോദീസാ മുക്കുന്നതിനു മുമ്പു വിശുദ്ധ സൈത്തുകൊണ്ടു് സ്നാനാർത്ഥിയെ മുദ്രകുത്തുന്നു.

5. അപ്പൻെറ ആജ്ഞപ്രകാരം ശൗൽ കഴുതയെ അന്വേഷിപ്പാൻ പുറപ്പെട്ടു. അപ്പോഠം ശൗലിനു കഴുതയ്ക്കു പകരം രാജത്വം ലഭിച്ചു. വേലക്കാർ കഴുതയെ അന്വേഷിക്കട്ടെ എന്നു പറഞ്ഞു സ്വപിതാവിനെ അനുസരിക്കാതിരുന്നു എങ്കിൽ ശൗലിനു രാജത്വം നഷ്ടപ്പെടുമായിരുന്നു. അനുസരണം അനുഗ്രഹത്തിൻെറ അടിസ്ഥാനമാണു്. നിനക്കനുസരണമുണ്ടോ?

6. ശൗലിൻെറ തൈലാഭിഷേകം അദ്ദേഹത്തെ രാജാവായി ദൈവം തിരഞ്ഞെടുത്തിരിക്കുന്നു എന്നു കാണിക്കുന്ന കർമ്മമായിരുന്നു. ആ ബാഹ്യകർമ്മത്തോടുകൂടെ ആഭ്യന്തര കൃപയും ലഭിച്ചതായി അദ്ദേഹം ദീർഘദർശനം പറയുന്നതിൽനിന്നു വെളിപ്പെടുന്നു.

7. ഒരു രാജാവിനെ വാഴിക്കുന്നതു ഒരു പൊതുക്കാര്യമാണു്. അതു് പരസ്യമായി ചെയ്യേണ്ടതാണു്. അതിനാലായിരുന്നു ജനത്തെ വിളിച്ചുകൂട്ടി ശൗലിനെ രാജാവായി അഭിഷേകം ചെയ്ത വിവരം പ്രഖ്യാപനം ചെയ്തതു്. ഒരാഠക്കു പൗരോഹിത്യം കൊടുക്കുന്നതും പരസ്യമായി ചെയ്യേണ്ട ഒരു കർമ്മമാണു്.

8. ശൗൽ നല്ലവനായിരുന്നപ്പോഠം പല ദൈവാനുഗ്രഹങ്ങളും അദ്ദേഹത്തിനു ലഭിച്ചിരുന്നു. ശൗൽ ദൈവത്തെ മറന്നപ്പോഠം ദൈവകൃപകളിൽ കുറവുള്ളവനായിത്തീർന്നു.

www.malankaralibrary.com



9. ദൈവത്തെ അനുസരിക്കുന്നതാണു് സാക്ഷാൽ ബലി. നമ്മുടെ സ്വേച്ഛയെ നാം ദൈവിക അനുസരണമൂലം ബലികഴിക്കുന്നു. ദൈവം ആഗ്രഹിക്കുന്ന ബലി അതത്രെ.

10. ശൗലിൻെറ കുററം നിഗളമായിരുന്നു. രാജാവായപ്പോൾ പിന്നെ താൻ ആരെയും അനുസരിക്കേണ്ടതില്ലെന്നു കരുതി ദൈവത്തെ വിസ്മരിച്ചു. ധനവും സ്ഥിതിയും ലഭിക്കുമ്പോൾ ദൈവത്തെ മറന്നുകളയുന്നതു് എത്ര കഷ്ടം! ശൗലിനു ജയം കിട്ടിയപ്പോൾ ദൈവകല്പന വിസ്മരിച്ചു. നീ അങ്ങനെ ചെയ്യുമോ?

11. ഇസ്രായേലിനു രാജാവിനെ കൊടുത്തതു പന്ത്രണ്ടു ഗോത്രങ്ങളെയും ഒരുമിച്ചു കൂട്ടിച്ചേർക്കുവാനായിരുന്നു. അവർ തന്നെ രാജാവിനെ തിരഞ്ഞെടുക്കുകയല്ല ചെയ്തതു്. കാണപ്പെടുന്ന രാജാവിനെ അനുസരിക്കുന്നതുപോലെ കാണപ്പെടാത്ത ദൈവത്തെയുമനുസരിക്കണം. (1 പത്രോ. 2, 17)

## പാഠം 4

# ദാവീദ് ഗോലിയാത്തിനെ വധിക്കുന്നതു്

### (1 ശമുവേൽ 16, 17 അദ്ധ്യായങ്ങൾ)

ശൗലിനുവേണ്ടി ശമുവേൽ ദീർഘദർശി ദൈവത്തോടു പ്രാർത്ഥിച്ചു.[1] അപ്പോൾ യഹോവ ശമുവേലിനോടു ''ശൗലിനെക്കുറിച്ചു് എത്രത്തോളം നീ വിലപിക്കും? ഞാൻ അവനെ തള്ളിക്കളഞ്ഞിരിക്കുന്നു. നിൻെറ അഭിഷേകതൈലമെടുത്തു ബേത്ലഹേംകാരനായ ഈശായിയുടെ അടുക്കലേക്കു പോയി അവൻെറ പുത്രൻമാരിൽ ഒരുവനെ രാജാവായി അഭിഷേകം ചെയ്യുക'' എന്നു കല്പിച്ചു. ശമുവേൽ ''കർത്താവേ, ഞാൻ എങ്ങനെ പോകും? ശൗൽരാജാവറിഞ്ഞാൽ എന്നെ കൊല്ലു''മെന്നു പറഞ്ഞു ''നീ ഒരു പശുക്കിടാവിനെ അഴിച്ചു ബലികഴിപ്പാനെന്ന ഭാവത്തിൽ പോകുക'' എന്നു യഹോവാ കല്പിച്ചു. ശമൂവേൽ അപ്രകാരം യാത്രയായി.[2] അദ്ദേഹം ചെന്നു് ഈശായിയുടെ എട്ടു മക്കളിൽ, ഓരോരുത്തരായി ഏഴുപേരെയും വരുത്തി.

www.malankaralibrary.com



എന്നാൽ യഹോവ തെരഞ്ഞെടുത്ത ആരം അവരിൽ ഇല്ലായിരുന്നു. ''നിന്റെ പുത്രൻമാർ ഇത്രയെ ഉള്ളുവോ?'' എന്നു ശമുവേൽ ചോദിച്ചു. ഈശായി ''അല്ല, ഇനി ഇളയവനുണ്ടു്. അവൻ ആടു മേയിക്കുവാൻ പോയിരിക്കയാണു്'' എന്നു പറഞ്ഞു. ഈശായി ആളയച്ചു് ദാവീദിനെ വരുത്തി. അദ്ദേഹം ചെമന്നു്, കാഴ്ചയ്ക്കു വളരെ അംഗലാവണ്യമുള്ളവനായിരുന്നു. ശമുവേൽ എണ്ണക്കൊമ്പെടുത്തു് ''ദൈവം നിന്നെ രാജാവായി അഭിഷേകം ചെയ്യുന്നു'' എന്നു പറഞ്ഞുകൊണ്ടു് അദ്ദേഹത്തിന്റെ തലയിലൊഴിച്ചു.[3] യഹോവായുടെ ആത്മാവു് അന്നു മുതൽ ദാവീദിന്റെ മേൽ വന്നു.[4] (1 ശമു. 16, 13)

കാലവിളംബമെന്യേ ശൗലിനു സുഖമില്ലാതായി. ഏതോ ഒരു ദുരാത്മാവു് അദ്ദേഹത്തെ ബാധിച്ചതുപോലെ തോന്നി. ആകയാൽ കിന്നരം വായിച്ചു് ശൗലിനെ സന്തോഷിപ്പിക്കുവാൻ ഒരാളെ വരുത്തണമെന്നു സേവകർ അഭിപ്രായപ്പെട്ടു. ശൗലിന്റെ സമ്മതപ്രകാരം അവർ ദാവീദിനെ വരുത്തുകയും അദ്ദേഹം കിന്നരം വായിച്ചു് ശൗലിനെ സന്തോഷിപ്പിക്കയും[5] രാജാവിന്റെ രോഗം ഭേദമാവുകയും ചെയ്തു.

അക്കാലത്തു ഇസ്രായേൽക്കാരും ഫലസ്ത്യരും തമ്മിൽ ഭയങ്കര മാൽസര്യം നടക്കുന്നുണ്ടായിരുന്നു. ഇരുകക്ഷികളും രണ്ടു കുന്നുകളിൽ പാളയമിറങ്ങി. അവയുടെ ഇടയിലുള്ള ഏലാ എന്ന താഴ്‌വരയിൽ ആറു മുഴവും ഒരു ചാണും ഉയരമുള്ള ദീർഘകായനായ ഒരു ഫലസ്ത്യൻ യുദ്ധോചിതമായ പടച്ചട്ടകളും ധരിച്ചു് ഇറങ്ങിചെന്നു് തന്നോടു ദ്വന്ദ്വയുദ്ധംചെയ്യുന്നതിനു തയ്യാറുള്ള ഇസ്രായേല്യർ ഉണ്ടെങ്കിൽ വരട്ടെ എന്നു വെല്ലുവിളിക്കുവാൻ തുടങ്ങീട്ടു നാല്പതു ദിവസങ്ങരം കഴിഞ്ഞിരുന്നു. അയാളുടെ പേരു ഗോലിയാത്തു് എന്നായിരുന്നു. അപ്പോരം ദാവീദു പട്ടാളത്തിലുള്ള തന്റെ മൂന്നു സഹോദരൻമാർക്കു ഭക്ഷണവുമായി അവിടെ ചെല്ലുന്നതിനിടയായി. ഗോലിയാത്തിന്റെ പരി

www.malankaralibrary.com



ഹാസം കേട്ടപ്പോൾ ദാവീദിനു് അരിശമായി. ഗോലിയാത്തിനെ വധിക്കുന്നവനു തൻെറ പുത്രിയെ ഭാര്യയായി കൊടുക്കുന്നതിനു പുറമേ വളരെ ധനവും ഇസ്രായേലിൽ ആ കുടുംബത്തിനു പ്രഭുത്വവും കൊടുക്കാമെന്നു രാജാവു് കല്പിച്ചിരുന്നു.[6] ദാവീദു ഇതറിഞ്ഞു് ''ഞാൻ ജീവനുള്ള ദൈവത്തിൻെറ ശക്തിയിൽ ആശ്രയിക്കുന്നു. മററാരും ഈ മല്ലനോടു് എതിർപ്പാനില്ലെങ്കിൽ ഞാൻ തയ്യാററാണു്'' എന്നു പറഞ്ഞു.

എന്നാൽ രാജാവു് സമ്മതിച്ചില്ല. ''നീ ചെറുപ്പമാണു്. നിനക്കു ശേഷിപോരാ'' എന്നു പറഞ്ഞു. ''രാജാവേ, അടിയൻ ആടുമേയിച്ചു നടക്കുമ്പോൾ ഒരിക്കൽ ഒരു സിംഹവും ഒരിക്കൽ ഒരു കരടിയും അടിയൻെറ ആടിനെ പിടിക്കുവാൻ വന്നു. അടിയൻ അതിൻെറ പിറകെ ഓടി. അടിയൻെറ ആടിനെ അതിൻെറ വായിൽനിന്നും രക്ഷിച്ചു. ഉടനെ അവ ഗർജ്ജിച്ചുകൊണ്ടു അടിയൻെറ നേരെ ചാടിവന്നു. അടിയൻ അതിൻെറ താടിക്കു പിടിച്ചു് അതിനെ കൊന്നു. ഇങ്ങനെ അടിയൻ സിംഹത്തെയും കരടിയെയും കൊന്നു. അതിനു് അടിയനു ശക്തിതന്ന ദൈവം ഈ മല്ലനെ ജയിപ്പാനും ശക്തി തരു''മെന്നു പറഞ്ഞു.[7] രാജാവു് സന്തുഷ്ടനായി. ''നീ ചെല്ലുക, യഹോവ നിന്നോടുകൂടെ ഇരിക്കും'' എന്നു പറഞ്ഞു് ശൗൽ തൻെറ ഇരുമ്പുപടച്ചട്ടകളെല്ലാം ദാവീദിനെ ധരിപ്പിച്ചു. അതു ധരിച്ചു പരിചയമില്ലാതിരുന്ന ദാവീദു് അവയെല്ലാം ഉപേക്ഷിച്ചു. നദീതീരത്തുനിന്നും മിനുസ്സമുള്ള അഞ്ചു കല്ലുകളും ആടിനെ മേയിക്കുന്ന വടിയും ഒരു കവിണയുമെടുത്തു[8] ഗോലിയാത്തിൻെറനേരെ ചെന്നു.[9]

ഗോലിയാത്തു ദാവീദിനെ കണ്ടപ്പോൾ തൻെറ ദേവൻമാരുടെ പേരുചൊല്ലി ദാവീദിനെ ശപിച്ചുകൊണ്ടു ''നീ വടിയുമായി വരാൻ ഞാൻ ഒരു നായാണോ?'' എന്നു പുശ്ചിച്ചു ചോദിച്ചു. ദാവീദാകട്ടെ യാതൊരു കൂസലും കൂടാതെ ദൈവത്തിൽ ആശ്രയിച്ചുകൊണ്ടു് കവിണയിൽ ഒരു കല്ലുവെച്ചു് ചുഴററി ഗോലിയാത്തി

www.malankaralibrary.com



ൻെറ തിരുനെററി ലാക്കാക്കി എറിഞ്ഞു. അതു കുറിക്കുതന്നെ കൊണ്ടു. മലമറിയുംപോലെ ഗോലിയാത്തു നിലംപതിച്ചു.[10] ദാവീദു് ഓടിച്ചെന്നു ആ മല്ലൻെറ വാൾതന്നെ ഊരിയെടുത്തു അയാളുടെ തല വെട്ടിക്കളഞ്ഞു.[11]

ഇതോടുകൂടെ ദാവീദിൻെറ അജപാലനവൃത്തി അവസാനിച്ചു.[12] ശൗൽ രാജാവു് ദാവീദിനെ തൻെറ ആയുധവാഹകനാക്കി കൊട്ടാരത്തിലേക്കുകൊണ്ടുപോയി.

---

1. ശമുവേൽ ശൗലിനുവേണ്ടി പ്രാർത്ഥിച്ചു ഫലമുണ്ടായില്ല. മാരകപാപത്തിലിരിക്കുന്നവൻെറ മാനസാന്തരത്തിനുവേണ്ടിയല്ലാതെ അവൻെറ കാര്യങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ചാൽ ഫലമുണ്ടാകയില്ല. (1 യോഹ. 5, 16)

2. ശൗൽ നിരസിക്കപ്പെട്ടു എന്നു കണ്ടപ്പോൾ ശമുവേലിനു ദുഃഖമായി. എങ്കിലും വേറൊരാളെ രാജാവാക്കുവാൻ ദൈവം കല്പിച്ചപ്പോൾ ശമുവേൽ അതുപോലെ ചെയ്തു. ശമുവേൽ എത്ര അനുസരണമുള്ളവനാണെന്നു് നോക്കുക.

3. നിഗളിയായ ശൗലിനെ ദൈവം തിരസ്കരിച്ചു. ചെറുപ്പവും താഴ്മയുമുള്ള ദാവീദിനെ ദൈവം തിരഞ്ഞെടുത്തു. ഇടയച്ചെറുക്കനായ ബാലൻ രാജാവാകുമെന്നു ആരുകരുതിയിരുന്നു? ദീർഘദർശി പറഞ്ഞപ്പോൾ മൂത്ത മക്കളിൽ വല്ലവരെയുമായിരിക്കും ദൈവം തിരഞ്ഞെടുക്കുന്നതു് എന്നാണു് ഈശായിപോലും വിചാരിച്ചതു്. ദൈവം താഴ്മയും പരമാർത്ഥതയുമുള്ളവരെ തെരഞ്ഞെടുക്കുന്നു.

4. യഹൂദായുടെ കുടുംബത്തിൽ നിന്നുള്ള ദാവീദിനെ ദൈവം രാജാവായി നിയമിച്ചതിനാൽ യഹൂദായിൽനിന്നു ഒരു ചെങ്കോൽ പുറപ്പെടുമെന്നു യാക്കോബു പറഞ്ഞ ദീർഘദർശനം നിവർത്തിയായി. വിശുദ്ധൻമാരുടെ അനുഗ്രഹം ഫലിക്കാതെ പോകയില്ല. (ഉല്പ. 49, 10)

5. ശൗലിനെ കിന്നരം വായിച്ചുകേൾപ്പിക്കുവാനായി ദാവീദിനെ കൊട്ടാരത്തിൽ കൊണ്ടുവന്നതിനാൽ രാജ്യഭരണതന്ത്രം നന്നായി പഠിക്കുവാനിടയായി. ദൈവം നമ്മെയും ഇതുപോലെ കരുതുന്നുണ്ടു്.

6. ശൗൽ വളരെ ഉയരമുള്ള മനുഷ്യനായിരുന്നു. പക്ഷേ ഗോലിയാത്തിനോടു എതിർപ്പാൻ ധൈര്യമില്ലായിരുന്നു. കാരണം ദൈവവിശ്വാസമില്ലായ്മയായിരുന്നു. നിനക്കു ദൈവവിശ്വാസമുണ്ടെങ്കിൽ വൻകാര്യങ്ങൾ ചെയ്‌വാൻ കഴിയും.

www.malankaralibrary.com



7. ഗോലിയാത്തിന്റെ ശരണം അയാളുടെ ആയുധത്തിലും കായബലത്തിലുമായിരുന്നു. ദാവീദിന്റെ ശരണം ദൈവത്തിലായിരുന്നു. നശ്വരമായ സംഗതികളിൽ ശരണം വച്ച ഗോലിയാത്തിന്റെ കഥ നോക്കുക. നിന്റെ ശരണമെവിടെയാകുന്നു? നിന്റെ ആഡംബരത്തിലോ, ദൈവത്തിലോ?

8. ദാവീദു ഗോലിയാത്തിനോടു യുദ്ധംചെയ്തതു് അഞ്ചു കല്ലും ഒരു കവിണയും കൊണ്ടായിരുന്നു. അഞ്ചു കല്ലു ക്രിസ്തുവിന്റെ അഞ്ചു തിരുമുറിവുകളുടെയും കവിണയുടെ തണ്ടു് ക്രൂശിന്റെയും അതിന്റെ പാളി മാതാവിന്റെയും മുൻകുറിയായിരുന്നു. ശത്രുവിനെ ജയിപ്പാൻ നീ കുരിശുവരച്ചു ദൈവത്തോടു് മാതാവിന്റെ മാദ്ധ്യസ്ഥംവഴിയായി പ്രാർത്ഥിക്ക.

9. നിനക്കും ഒരു ഗോലിയാത്തിനെ ജയിപ്പാനുണ്ടു്. നിന്നെ വീഴ്ത്തുവാൻ ശ്രമിക്കുന്ന പിശാചിനെതന്നെ. അതിനോടു ഒരു പ്രാവശ്യം യുദ്ധംചെയ്താൽ പോരാ. ആയുഷ്പര്യന്തം യുദ്ധം ചെയ്യേണ്ടിയിരിക്കുന്നു. അതു കുരിശുവരയാലും ദൈവത്തോടുള്ള പ്രാർത്ഥനയാലും ദൈവമാതാവുംപ്പെടെയുള്ള സകല പരിശുദ്ധരിലുമുള്ള ആശ്രയത്താലും അത്രേ നടത്തേണ്ടതു്.

10. കുട്ടിയായ ദാവീദിനെക്കൊണ്ടു് മല്ലനായ ഗോലിയാത്തിനെ ദൈവം കൊല്ലിച്ചു. ദൈവം നിന്നെ നന്നായുപയോഗിപ്പാൻ നീ ദൈവത്തിന്റെ കയ്യിൽ ഒരു ആയുധമായിരിക്കുമോ? ഗോലിയാത്തിനു് ആറു മുഴവും ഒരു ചാണും നീളമുണ്ടായിരുന്നു. എന്നു പറഞ്ഞാൽ ഇപ്പോഴത്തെ അളവിനു ഒൻപതടി ഒമ്പതിഞ്ചു ഉയരം വരും.

11. ഗോലിയാത്തിന്റെ വാളംതന്നെ ഗോലിയാത്തിനെ വെട്ടി. ഏലിയുടെ മക്കളായ ഹോഫ്നിയും ഫിനെഹാസും ഗോലിയാത്തിനാൽ ഈ വാളുകൊണ്ടു് കൊല്ലപ്പെട്ടു എന്നാണു പറയപ്പെടുന്നതു്. ആ വാളിനാൽ തന്നെ ഗോലിയാത്തു് കൊല്ലപ്പെടുവാനിടയായി.

12. ദാവീദു ആടു മേയിച്ചു നടന്നപ്പോ‌ൾ ഒരാടിനെപ്പോലും നഷ്ടപ്പെടുത്താതെ സിംഹത്തിന്റെ വായിൽനിന്നുപോലും അതിനെ രക്ഷിച്ചു. അതിനാൽ ദാവീദിനെ ദൈവം ഇസ്രായേലിന്റെ രാജാവാക്കി. അല്പത്തിൽ വിശ്വസ്തൻ പെരുപ്പത്തിലും വിശ്വസ്തനായിരിക്കും. (മത്താ. 25, 21)

www.malankaralibrary.com

## പാഠം 5

# ശൗൽ ദാവീദിനെ വധിക്കുവാനുദ്യമിച്ചതു്.

### (1 ശമു 18 മുതൽ 26 വരെ അദ്ധ്യായങ്ങൾ)

ഒരിക്കൽ ശൗൽ രാജാവും ദാവീദും കൂടി വരുമ്പോൾ ഇസ്രായേൽ സ്ത്രീകൾ സ്വാഗതഗാനം പാടി. "ശൗൽ തൻെറ ആയിരങ്ങളേയും ദാവീദു് തൻെറ പതിനായിരങ്ങളേയും കൊന്നു" എന്നു പറഞ്ഞു. (1 ശമു. 18, 7) ശൗലിനു ഇതു തീരെ രസിച്ചില്ല. അന്നു മുതൽ ദാവീദിനോടു് അസൂയയും നീരസവും പ്രദർശിപ്പിച്ചുതുടങ്ങി.[1] ദാവീദിനെ ഫലസ്ത്യർ പിടിച്ചപായപ്പെടുത്തുന്നതിനുവേണ്ടി ഫലസ്ത്യരിൽ നൂറു പേരുടെ അഗ്രചർമ്മങ്ങൾ കൊണ്ടുവരാമെങ്കിൽ സ്വപുത്രിയായ മീഖളിനെ ദാവീദിനു ഭാര്യയായി കൊടുക്കാമെന്നു പറഞ്ഞു. ദാവീദു പോയി 200 ഫലസ്ത്യരെ കൊന്നു് അഗ്രചർമ്മം കൊണ്ടുവന്നു കൊടുത്തു. മീഖളിനെ പാണിഗ്രഹണം ചെയ്തു. ഒരിക്കൽ ദാവീദു് കിന്നരം വായിച്ചുകൊണ്ടിരിക്കുമ്പോൾ ശൗൽ കുന്തമെടുത്തു് ദാവീദിൻെറ നേരെ കുത്തി. ദാവീദു് പെട്ടെന്നു മാറി ഓടിക്കളകയാൽ കുന്തം ഭിത്തിയിൽ തറച്ചിരുന്നു. വേറൊരവസരത്തിൽ ശൗൽ ദാവീദിനെ കൊല്ലുവാൻ വട്ടം കൂട്ടുന്ന വിവരമറിഞ്ഞു മീഖാൾ അദ്ദേഹത്തെ ജനലിൽക്കൂടി രക്ഷപെടുത്തിവിട്ടു. ദാവീദു പ്രാണരക്ഷാർത്ഥം ഓടി നോമ്പിൽ ആചാര്യനായ അഹീമലേക്കിൻെറ അടുക്കൽ ചെന്നു് "രാജാവു് എന്നെ ഒരു രഹസ്യകാര്യത്തിനു് കല്പിച്ചയച്ചിരിക്കുകയാണു്. ഒരുവനുമറിയരുതു്. ഭക്ഷിപ്പാൻ വല്ലതും തരണം" എന്നു പറഞ്ഞു. "ദൈവാലയത്തിൽ നിന്നു് എടുത്ത കാഴ്ചയപ്പം മാത്രമേ ഇപ്പോഴുള്ളു. നിങ്ങൾക്കു് വ്രതഭംഗം വന്നിട്ടില്ലെങ്കിൽ അതു തരാം" എന്നു പറഞ്ഞു. 'ഞങ്ങൾ മൂന്നു ദിവസമായി വഴി

www.malankaralibrary.com



യാത്രയാണു്. അതിനാൽ യാതോരു വ്രതഭംഗവും ഇല്ല, എന്നു പറഞ്ഞു് കാഴ്ചയപ്പം വാങ്ങി ഭക്ഷിക്കയും അവിടെ സൂക്ഷിച്ചിരുന്ന ഗോലിയാത്തിൻെറ വാറം തനിക്കു് സഹായത്തിനുള്ള ഒരു ആയുധമായി വാങ്ങിക്കൊണ്ടു യാത്രയാവുകയും ചെയ്തു. (1 ശമു. 21, 1–10) അപ്പോഠം ഏദോമ്യനായ ദോവേഗു് എന്ന മനുഷ്യൻ അവിടെ ഉണ്ടായിരുന്നു. അയാഠം ഈ സംഭവം മുഴുവൻ ശൗലിനെ അറിയിച്ചു. ശൗൽ ഇതു കേട്ട് അഹീമലേക്കിനേയും അദ്ദേഹത്തോടുകൂടിയുണ്ടായിരുന്ന 85 ആചാര്യൻമാരേയും രാജസന്നിധിയിൽ വച്ചു് ദോവേഗിനെക്കൊണ്ടു് കൊല്ലിച്ചു.

ശൗലിൻെറ പുത്രനായ യോനാഥാനും ദാവീദിനെ സ്വജീവനേക്കാഠം അധികം സ്നേഹിച്ചിരുന്നു. പരസ്പരസഹായത്തിനു ഇരുവരും തമ്മിൽ ഒരു ഉടമ്പടിയും ചെയ്തിരുന്നു. ദാവീദു് അല്ലോ എന്ന ഗുഹയിൽ പോയി ഒളിച്ചു പാർത്തു. അക്കാലത്തും ഗലീലയിലെ ഇസ്രായേല്യരെ ഫലസ്ത്യരുടെ കയ്യിൽനിന്നു രക്ഷിപ്പാൻ ദാവീദു യുദ്ധം ചെയ്തു. ദാവീദു് അവിടെ ഉണ്ടെന്നും അവർ ശൗലിനു ഒററിക്കൊടുത്തു. അതിനാൽ ദാവീദു് സിഫ് വനത്തിൽ പോയി. സിഫ്യരും അദ്ദേഹത്തെ ഒററിക്കൊടുത്തു. അതിനാൽ ദാവീദു് കാട്ടിലേക്കു പോയി. ദാവീദിനെ തിരക്കിനടന്ന ശൗലിനോടുകൂടെ ഉണ്ടായിരുന്ന യോനാഥാൻ വിവരമറിഞ്ഞു് ദാവീദിൻെറ അടുക്കൽ ചെന്നു് ദാവീദിനെ ധൈര്യപ്പെടുത്തി. (1 ശമു. 23)

ദാവീദിനെ കൊല്ലുവാൻ ശൗൽ വീണ്ടും ശ്രമിക്കുന്നതറിഞ്ഞു. യോനാഥാൻ ദാവീദിനോടു് വേഗം ഓടി രക്ഷപെട്ടുകൊള്ളണമെന്നും അവർ തമ്മിൽ ചെയ്തിട്ടുള്ള സംഖ്യത്തിനു വിഘാതം വരുത്തരുതെന്നും പറഞ്ഞയച്ചു. ശൗൽ മൂവായിരം ഭടൻമാരുമായി ദാവിനെ തിരക്കി 'എൻഗതി' എന്ന വനത്തിലേക്കു് പുറപ്പെട്ടു. വഴിമദ്ധ്യ ദാവീദു് ഒളിച്ചിരുന്ന ഗുഹയിൽ ശൗൽ വെളിക്കിറങ്ങുവാൻ പോയിരുന്നു. അപ്പോഠം ദാവീദിൻെറ

www.malankaralibrary.com



അകമ്പടിക്കാരൻ ശൗലിനെ വധിക്കുവാൻ ദാവീദിനോടു അനുവാദം ചോദിച്ചു. 'ശൗൽ യഹോവായുടെ അഭിഷിക്തനാണല്ലോ, (ശമു. 24, 6–10) എന്നു പറഞ്ഞു. ശൗലിൻെറ വസ്ത്രത്തൊങ്ങലിൽ അല്പം മുറിച്ചെടുത്തു. എന്നാൽ ശൗലിനെ കൊല്ലുവാൻ അനുവദിച്ചില്ല.[3] ശൗൽ എഴുന്നേററു പോകുമ്പോൾ ദാവീദു് അല്പം അകലെ മാറി നിന്നുകൊണ്ടു് വിവരം ശൗലിനെ അറിയിച്ചു. അപ്പോൾ ശൗൽ അനുതപിച്ചു. 'ദൈവം അങ്ങയെ അനുഗ്രഹിക്കും. അവിടുന്നു രാജാവാകും. അന്നു എൻെറ മക്കളെ കൊന്നുകളയരുതു്.' എന്നു പറഞ്ഞു. 'ഇല്ല, എന്നു ദാവീദു സത്യം ചെയ്തു.[4]

പിന്നെ ഒരിക്കൽ ശൗൽ മൂവായിരം പേരോടുകൂടെ ദാവീദിനെ പിടിപ്പാൻ ഹക്കില്ലാ എന്ന വനംവരെ പോയി. ശൗലും സേനാധിപനായ അബ്നേറും പട്ടാളക്കാരും ഉറങ്ങിക്കിടക്കുന്നതു ദാവീദും അനുയായികളും കണ്ടു. ശൗലിനെ കൊല്ലുവാൻ ദാവീദിൻെറ സൈന്യാധിപനായ അബീശായി അനുവാദം ചോദിച്ചു. ദാവീദു് അതിനു അനുവദിച്ചില്ല. (1 ശമു. 26, 9) എന്നാൽ അദ്ദേഹത്തിൻെറ തലക്കു സമീപം നാട്ടിയിരുന്ന ഒരു കുന്തവും സമീപത്തായി വച്ചിരുന്ന ഒരു ജലപാത്രവും ദാവീദു് എടുത്തുകൊണ്ടുപോയി ദൂരെ മാറിനിന്നുകൊണ്ടു ശൗലിനെ വിളിച്ചുണർത്തി വിവരം പറഞ്ഞു.[5] രണ്ടു പ്രാവശ്യം സ്വജീവനെ ദാവീദു രക്ഷിച്ചല്ലോ, എന്നോർത്തു ശൗൽ പശ്ചാത്തപിച്ചു. (1 ശമു 26, 1–25)

---

1. ഗോലിയാത്തിനെ കൊന്നതിനുവേണ്ടി ജനങ്ങൾ ദാവീദിനോടു നന്ദി പ്രദർശിപ്പിച്ചു. ശൗലും ദാവീദിനോടു നന്ദി പ്രകാശിപ്പിക്കേണ്ടതായിരുന്നു. അങ്ങിനെ ചെയ്തില്ല. എന്നു തന്നെയല്ല, ജനങ്ങൾ ദാവീദിനെ സ്തുതിച്ചതുപോലും ശൗലിനു അനിഷ്ടമായിത്തീർന്നു. ശൗൽ എത്ര കൃതഘ്നൻ! നിൻെറ സ്വഭാവമെന്തു്?

2. യോനാഥാൻ ദാവീദിൻെറ ഭക്തി, താഴ്മ, ധൈര്യം ആദിയായ ഗുണങ്ങൾ കണ്ടു് അദ്ദേഹത്തെ അധികം സ്നേഹിച്ചു. യോനാഥാനു കിട്ടേണ്ടതായ രാജാവകാശം പോലും ദാവീദി

www.malankaralibrary.com



നാണു് കിട്ടാൻ പോകുന്നതു് എന്നു അറിഞ്ഞിട്ടും യോനാഥാൻ ദാവീദിനെ സ്നേഹിച്ചിരുന്നു. സാക്ഷാൽ സ്നേഹിതൻമാർ യോനാഥാനെയും ദാവീദിനെയും പോലെ സ്നേഹിക്കണം. നല്ല രണ്ടു സ്നേഹിതൻമാരുടെ ദൃഷ്ടാന്തമാണു് അവർ നമുക്കു കാണിച്ചുതന്നിരിക്കുന്നതു്. യോനാഥാൻ മരിച്ചപ്പോൾ ദാവീദു് തന്റെ വസ്ത്രം കീറി കരഞ്ഞു.

3. ശൗൽ ദൈവത്തിന്റെ അഭിഷിക്തനായ ദാവീദിനെ കൊല്ലുവാൻ ഉദ്യമിച്ചതിനാൽ നാലും അഞ്ചും ഏഴും കല്പനകൾക്കു ലംഘനം ചെയ്തു. ദാവീദു് തനിക്കു് അവസരം കിട്ടിയിട്ടും അദ്ദേഹത്തെ കൊല്ലാഞ്ഞതിനാൽ നാലും അഞ്ചും കല്പനകൾ പാലിച്ചു. അബീശായി ദൈവത്തിന്റെ അഭിഷിക്തനായ ശൗലിനെ കൊല്ലുവാൻ ആഗ്രഹിച്ചു. അതിനാൽ നാലാം കല്പന ലംഘിച്ചു.

4. സൽസ്വഭാവവും ദുഷ്സ്വഭാവവും തമ്മിലുള്ള ഒരു പോരാട്ടമാണു് നാം ശൗലിൽ കാണുന്നതു്. ദാവീദിനു സൗകര്യം ലഭിച്ചിട്ടും തന്നെ വധിക്കാനുദ്യമിച്ചില്ലല്ലോ. എന്നാൽ താൻ അദ്ദേഹത്തെ വധിക്കാനാണല്ലോ ആഗ്രഹിക്കുന്നതു് എന്നോർത്തു ശൗൽ പശ്ചാത്തപിക്കുന്നതു് നോക്കുക. ദൈവം നമ്മെ നൻമയിലേക്കു കൊണ്ടുവരുവാൻ വാഞ്ഛിക്കുന്നു. ദോവേഗിനെ കുറിച്ചു ദാവീദു് എഴുതിയ 52—ാം സങ്കീർത്തനം വായിക്കുക.

5. ദാവീദിനെ ആരംഭത്തിൽ പല പ്രയാസങ്ങളിൽകൂടെ ദൈവം നടത്തിയതു് സ്വഭാവത്തിലും നടത്തയിലും ഒരു ഉന്നത നിലയിൽ എത്താൻ തക്ക പരിശീലനം ലഭിക്കുന്നതിനുവേണ്ടിയായിരുന്നു. ദാവീദു് എത്ര പീഢ അനുഭവിച്ചുവോ അത്രയ്ക്കു താഴ്മയുള്ളവനായിത്തീർന്നു.

## പാഠം 6

# ശൗലിന്റെ മരണം

### 1 ശമു. 28 മുതൽ 31 വരെ

ദാവീദു ശൗലിനെ ഭയന്നു് ഗാഥിൽ ഫെലിസ്ത്യരുടെ രാജപുത്രനായ ആഖീശിന്റെ അടുക്കൽ അഭയം പ്രാപിച്ചു. പിന്നെ ശൗൽ ദാവീദിനെ അന്വേഷിച്ചില്ല. ഫെലിസ്ത്യർ ദാവീദിനു താമസിക്കുവാനായി സിക്ളാക് എന്ന സ്ഥലം കൊടുത്തു. ദാവീദു് അവിടെ ഒരു ആണ്ടും നാലു മാസവും താമസിച്ചു.

www.malankaralibrary.com



ഫലസ്ത്യർ വീണ്ടും ശൗലിനോടു യുദ്ധത്തി നൊരുങ്ങി. ആഖീശ് ദാവീദിനെ സഹായത്തിനു ക്ഷ ണിച്ചു. അപ്പോഴേക്കു ശമുവേൽ മരിച്ചുപോയിരു ന്നു. ഫലസ്ത്യർ വന്നു ശുനേമിലും ശൗൽ ഗിൽബോ വായിലും പാളയമിറങ്ങി. ഫലസ്ത്യരുടെ സൈന്യ ത്തെ കണ്ടപ്പോൾ ശൗലിനു ഭയമായി. യഹോവാ തനി ക്കു അനുകൂലമായിരിക്കുമോ എന്നു ചോദിച്ചാറെ സ്വപ്നം കൊണ്ടാവട്ടെ, ഊറീം കൊണ്ടാവട്ടെ ദീർഘദർ ശിമാരെ കൊണ്ടാവട്ടെ മറുപടി അരുളിയില്ല.

പിറ്റെ ദിവസം ശൗലിനെതിരായി ഫലസ്ത്യർ ആഫേക്കിൽ പാളയമിറങ്ങി. ദാവീദും ആഖീശിനോടു കൂടെ ഉണ്ടായിരുന്നു. എന്നാൽ ഫലസ്ത്യ പ്രഭുക്കൻ മാർക്കു് അതു ഇഷ്ടമായില്ല. ദാവീദു് എബ്രായക്കാര നാകയാൽ സമയമാകുമ്പോൾ തിരിഞ്ഞുവീണേക്കുമെ ന്നുഅവർഅഭിപ്രായപ്പെടുകയാൽദാവീദിനെ സിക്ലാഗി ലേക്കു തിരിച്ചയച്ചു. ദാവീദു് സിക്ലാഗിൽ വന്നപ്പോൾ അമാലേക്യർ സിക്ലാഗിനെ ആക്രമിച്ചു് ചുട്ടുപൊടി യാക്കിയതു തന്നെയല്ല ദാവീദിൻെറ രണ്ടു ഭാര്യമാരെയും അടിമകളാക്കി പിടിച്ചുകൊണ്ടുപോകയും ചെയ്തി രുന്നു. ദാവീദും പടയാളികളും കൂടെ പുറകെ ചെ ന്നു. അവരോടു യുദ്ധം ചെയ്തു സകല മനുഷ്യ രെയും അപഹൃതങ്ങളെയും തിരിച്ചു കൊണ്ടുവന്നു.

അവർ ബേസോർ എന്ന തോട്ടിന്നരികെ മടങ്ങി വന്നു. ദാവീദിൻെറ കൂടെ അമാലേക്യരെ പിൻതുടരു ന്നതിനു് അശേഷം നിവർത്തിയില്ലാതെ ക്ഷീണിച്ചു പോയവരെ അവിടെയായിരുന്നു പാർപ്പിച്ചിരുന്നതു്. അവർ ഇരുനൂറോളം പേരുണ്ടായിരുന്നു. അമാലേക്യ രോടു യുദ്ധത്തിനു പോയവരിൽ ചില ദുഷ്ടൻമാർ ഉണ്ടായിരുന്നു. യുദ്ധം ചെയ്വാൻ പോകാതെ ക്ഷീ ണമാണെന്നു പറഞ്ഞു പുറകിൽ താമസിച്ചവർക്കു് കവർച്ചസാധനങ്ങളിൽ ഓഹരി കൊടുക്കുകയില്ലെന്നും ശത്രുകരങ്ങളിൽനിന്നു് തങ്ങൾ വിടുവിച്ചുകൊണ്ടുവ ന്നിട്ടുള്ള അവരുടെ ഭാര്യമാരേയും പുത്രൻമാരേയും

www.malankaralibrary.com



മാത്രം എടുത്തുകൊള്ളട്ടെ എന്നും വാദിച്ചു. എന്നാൽ ദാവീദാകട്ടെ 'എൻെറ സഹോദരൻമാരേ നിങ്ങരം അങ്ങിനെ വാദിക്കുന്നതെന്തിനു്? നമ്മെ രക്ഷിക്കയും നമ്മുടെ ശത്രുക്കളെ നമുക്കു കീഴ്പ്പെടുത്തിത്തരികയും ചെയ്തിട്ടുള്ള ദൈവമല്ലയോ ഇതു് നമുക്കു തന്നതു്. യുദ്ധത്തിനു പോകുന്നവനും യുദ്ധസാമഗ്രികരംക്കരികെ താമസിച്ചു് അതിനെ സൂക്ഷിക്കുന്നവനും ഓഹരി ഒരുപോലെ വിഭാഗിക്കണം, എന്നു കല്പിച്ചു.[1] അന്നു മുതൽ അതു നിയമമാക്കുകയും ചെയ്തു. ദാവീദു് സിക്ലാഗിൽ വന്നെത്തിയ ശേഷം അപഹൃതസാധനങ്ങളിൽ നിന്നുള്ള ഓഹരി യെഹൂദാമൂപ്പൻമാർക്കും അദ്ദേഹം സ്നേഹിച്ചിരുന്ന എല്ലാ ദേശക്കാർക്കും കൊടുത്തയക്കുകയും ചെയ്തു.[2]

ശൗലും ഫലസ്ത്യരുമായി ഗിൽബോവായിൽ വെച്ചു കൂട്ടിമുട്ടി. ആ യുദ്ധത്തിൽ വെച്ചു ശൗലിൻെറ പുത്രൻമാരെല്ലാം കൊല്ലപ്പെട്ടു. ഫലസ്ത്യരാൽ കൊല്ലപ്പെടുന്നതപമാനമെന്നു കരുതി തന്നെ കൊല്ലുവാൻ സ്വഭൃത്യനോടു ആജ്ഞാപിച്ചു. അവൻ അതു ചെയ്യാകയാൽ സ്വന്ത വാളിൻമേൽ തന്നത്താൻ വീണു ശൗൽ മരിക്കുകയും ചെയ്തു.[3] പിറേറദിവസം ഫലസ്ത്യർ മരിച്ചുകിടന്ന പടയാളികളുടെ വസ്ത്രം ശേഖരിപ്പാൻ വന്നപ്പോരം ശൗലും യോനാഥാനും മരിച്ചു കിടക്കുന്നതു കണ്ടു. ശൗലിൻെറ തല വെട്ടിയെടുത്തു് കൊണ്ടുപോയി. അദ്ദേഹത്തിൻെറ വാരം എടുത്തു അസ്തോരേത്തുദേവൻെറ ക്ഷേത്രത്തിൽ കൊണ്ടുചെന്നു വച്ചു. ശൗലിൻെറ ശരീരം ഇസ്രായേൽക്കാരെടുത്തു യാബേശിൽ അടക്കി.[4]

---

1. പടയാളികരംക്കും യുദ്ധസാമിഗ്രികരം സൂക്ഷിക്കുന്നവർക്കും കവർച്ച ഒരുപോലെ വീതിക്കണമെന്നുള്ള ദാവീദിൻെറ ഈ നിയമം മക്കാബിക്കാരുടെ കാലംവരെയും നിലനിന്നു. (2. മക്കാബി 8, 28–30) മോശയും ഇതുപോലെ കല്പിച്ചിട്ടുണ്ടു്. (സംഖ്യ. 31, 27) ''മുതലാളികളും തൊഴിലാളികളും ആദായം ഒരുപോലെ വീതിച്ചെടുക്കുന്നതു് പൊതു നൻമയ്ക്കും സാമുദായിക വ്യവസ്ഥിതിക്കും, സുശക്തമായിരിക്കും'' എന്നു്

www.malankaralibrary.com



XIII-ാം ലെയോൻ മാർപ്പാപ്പാ തന്റെ ''റേരും നോവാരും'' എന്ന ചാക്രികലേഖനത്തിൽ വ്യക്തമായി കല്പിച്ചതും ഇതു തന്നെയാണു്.

''എന്റെ സഹോദരൻമാരേ ദൈവമല്ലയോ ഇതു നമുക്കു തന്നതു്'' എന്നു ദാവീദു പറഞ്ഞു. ലെയോൻ XIII-ാം മാർപ്പാപ്പായും ഇതുതന്നെ പറയുന്നു. ഒരാളിന്റെ ആദായം അയാളുടെ ആവശ്യത്തിനു വേണ്ടതിൽ കൂടുതലുണ്ടെങ്കിൽ അധികമുള്ളതു് ദരിദ്രൻമാർക്കു കൊടുക്കണം. ഇതു ദാനമോ പുണ്യമോ അല്ല. വെറും നീതി മാത്രമാണു്. എന്തെന്നാൽ ദൈവമാണു ഇതു നമുക്കു തന്നതു് എന്നോർക്കണം.

2. കത്തോലിക്കാസഭയിൽ ദൈവരാജ്യത്തിനുവേണ്ടി പ്രാർത്ഥനയാൽ സഹായിക്കുന്നവരും ഉണ്ടു്. ദൈവം അവരുടെ പ്രതിഫലത്തിൽ പക്ഷാഭേദം കാണിക്കയില്ല.

3. ശൗൽ ആത്മഹത്യ ചെയ്തു. ഇതായിരുന്നു അദ്ദേഹത്തിന്റെ അവസാനത്തേതും ക്രൂരതരവുമായ പാപം. തന്റെ സ്വന്ത ആത്മാവിനെ എടുപ്പാൻ ആർക്കും അധികാരമില്ല. ജീവൻ നശിപ്പിക്കേണ്ടതും എടുക്കേണ്ടതും ദൈവമാണു്. തന്നത്താൻ കൊലപ്പെടുത്തുന്നവൻ ദൈവത്തിന്റെ അധികാരം കവർന്നെടുക്കുന്നു.

പലസ്ത്യർ ശൗലിനെ കൊന്നിരുന്നുവെങ്കിൽ അതു് സ്വമതത്തിനുവേണ്ടിയുള്ള ഒരു വീരമരണമായി എണ്ണപ്പെടുമായിരുന്നു. ഒരു പക്ഷേ പലസ്ത്യർ ശൗലിനെ കൊല്ലാതെ തടവിലാക്കുമായിരുന്നു. എന്നാൽ ശൗലിനു താഴ്മയും കഷ്ടതയും സ്വജനത്തിനുവേണ്ടി വഹിക്കാമായിരുന്നു. തന്റെ അനേക പാപങ്ങളെപ്പററി അനുതപിക്കുന്നതിനുള്ള അവസരവും ലഭ്യമാകുമായിരുന്നു. അതെല്ലാം ശൗൽ നഷ്ടപ്പെടുത്തി. ആത്മഹത്യ എല്ലാ പാപങ്ങളിലേക്കും ഭോഷത്വമേറിയതാണു്.

4. ദൈവത്തെ വിസ്മരിക്കുന്ന ആളിന്റെ വീഴ്ച എത്ര ഭയങ്കരമാണെന്നു അറിയണമെങ്കിൽ ശൗലിന്റെ വീഴ്ച നോക്കുക. അദ്ദേഹം ദൈവകൃപയോടെതിർത്തു. സ്വാഭിലാഷത്തിനു് വഴിപ്പെട്ടു. പിശാചിനു് നിന്റെ ഒരു വിരൽ കൊടുത്താൽ കൈ മുഴുവനും നിന്നെത്തന്നെയും ആവശ്യപ്പെടും. ദാവീദു് ബഹുമാനിക്കപ്പെടുന്നതു് ശൗലിനു് അരോചകമായിരുന്നു. അസൂയ മുഴുത്തിട്ടു് ദാവീദിനോടുണ്ടായിരിക്കേണ്ട സർവ്വ കൃതജ്ഞതയും വിസ്മരിച്ചുകളഞ്ഞു.

ദൈവഭക്തനായ ദാവീദിനെ ശൗലിന്റെ പല കണികളിൽ നിന്നും ദൈവം രക്ഷിച്ചു. ശൗലിനാകട്ടെ പല തോൽവികളും ഒടുവിൽ ഒരു ഭയങ്കര മരണവും ലഭിച്ചു. ദൈവത്തെ മറന്നാൽ വരുന്ന വിപത്തു് നോക്കുക.

www.malankaralibrary.com



ക്രിസ്തുവിനെ കൊല്ലിച്ച യഹൂദായും ശീലോയിലെ പുരോഹിതപ്രമുഖൻമാരെ കൊല്ലിച്ച ശൗലും സ്വയഹത്യ ചെയ്തു. കെട്ടിച്ചാടി കുടൽ തെറിച്ചുകിടക്കുന്ന യെഹൂദയുടെയും ഗിൽബോവാ മലയിൽ മരിച്ചുകിടക്കുന്ന ശൗലിൻെറയും സ്ഥിതി എത്ര പരിതാപകരം. ശൗലിനെ കൊല്ലുവാൻ വളരെ സൗകര്യം കിട്ടിയിട്ടും ''കർത്താവിൻെറ അഭിഷിക്തൻെറമേൽ കൈവയ്ക്കരുതു്'' എന്നു പറഞ്ഞു പിൻമാറിക്കളഞ്ഞ ദാവീദു് എത്ര ബുദ്ധിമാൻ. ''യഹോവയെക്കുറിച്ചുള്ള ഭയം ജ്ഞാനത്തിൻെറ ആരംഭമാകുന്നു'' എന്നു പറഞ്ഞിരിക്കുന്നതു് എത്ര സത്യം.

## പാഠം 7

# ദാവീദ് യഹോവയുടെ പെട്ടകം കൊണ്ടുവരുന്നതു്

### (2 ശമു. 2 മുതൽ 12 വരെ. 1 നാളാ. 13)

ശൗൽ മരിച്ച ഉടനേ ചിലർ ശൗലിൻെറ മകനായ ഇശ്ബോശേത്തിനെ രാജാവാക്കി. രണ്ടു വർഷം കഴിഞ്ഞപ്പോൾ അദ്ദേഹം മരിച്ചുപോയി. അതിനാൽ ദാവീദുതന്നെ എതിരില്ലാതെ രാജാവായിത്തീർന്നു.

ദാവീദു് രാജാവായപ്പോൾ യബുസായാക്കാരിൽനിന്നും യരുശലേം (സീയോൻകോട്ട) പിടിച്ചെടുത്തു. അനന്തരം ആചാര്യൻമാർ ലേവ്യക്കാർ ആദിയായ എല്ലാവരേയും വിളിച്ചുകൂട്ടി ദൈവത്തിൻെറ പെട്ടകം കിര്യത്തുയരാമിൽ[1] അബിനാദാമിൻെറ ഭവനത്തിൽനിന്നും കൊണ്ടുവരണമെന്നു കല്പിച്ചു. പെട്ടകം ഒരു പുതിയ വണ്ടിയിൽ[2] കയററി അബിനാദാമിൻെറ പുത്രൻമാരായ ഉസ്സായും അഹിയോയും വണ്ടി നടത്തിച്ചു. പാട്ടു്, കിന്നരം, വീണ, തംബുരു, മുരശു, കൈത്താളം, കാഹളം, കീർത്തനം മുതലായ സകലവിധ ആഡംബരങ്ങളോടുകൂടെയായിരുന്നു ദൈവത്തിൻെറ പെട്ടകം കൊണ്ടുവന്നതു്.

www.malankaralibrary.com



നാഖോൻെറ കുളത്തിനു സമീപം വന്നപ്പോൾ കാളകൾ കാലിടറുകകൊണ്ടു് ഉസ്സാ പെട്ടകത്തെ പിടിപ്പാനായിട്ടു കൈനീട്ടി. അപ്പോൾ യഹോവായുടെ കോപം ജ്വലിക്കുകയും ഉടനെ ഉസ്സാ[3] മരിച്ചുപോകുകയും ചെയ്തു. ഇതു കണ്ടപ്പോൾ ദാവീദിനു ഭയമായി. പെട്ടകം ദാവീദിൻെറ നഗരത്തിൽ കൊണ്ടുവരാതെ ഗിത്യനായ ഓബേദു്—എദോമിൻെറ ഭവനത്തിലേക്കു കൊണ്ടുപോയി. മൂന്നുമാസം പെട്ടകം അവിടെ ഇരുന്നു. തൻമൂലം ആ കുടുംബത്തിനു വലിയ അനുഗ്രഹവും അഭിവൃദ്ധിയുമുണ്ടായി.[4]

അനന്തരം പെട്ടകം ദാവീദിൻെറ പട്ടണത്തിൽ കൊണ്ടുവരാതിരുന്നതു് അനുഗ്രഹക്കുറവാണെന്നു കണ്ടു് വീണ്ടും എല്ലാ ഇസ്രായേലിനെലും വിളിച്ചുകൂട്ടി. ലേവ്യർ മോശ പറഞ്ഞിരുന്ന പ്രകാരം പെട്ടകം തണ്ടുകളിൽ വഹിച്ചുകൊണ്ടുവന്നു. ദാവീദു് ഏപ്പോദു ധരിച്ചു് യഹോവായുടെ പെട്ടകത്തിൻെറ മുൻപാകെ കുതിച്ചു നൃത്തം ചെയ്യുന്നതു് ദാവീദിൻെറ ഭാര്യയായ മീഖാൾ കിളിവാതിലിൽകൂടെ നോക്കിക്കണ്ടു് ഹൃദയം കൊണ്ടു നിന്ദിച്ചു. പെട്ടകം കൊണ്ടുവന്നു് ദാവീദ് അതിനായി തയ്യാറാക്കിയിരുന്ന കൂടാരത്തിൽ വച്ചു. അതിൻെറ മുൻപിൽ ദാവീദു് ഹോമബലി, സമാധാനയാഗങ്ങൾ മുതലായവ കഴിച്ചശേഷം ജനത്തെ ദൈവനാമത്തിൽ അനുഗ്രഹിച്ചു. ഒടുവിൽ വന്നുകൂടിയ ഓരോരുത്തർക്കും അപ്പം, ഇറച്ചി, വീഞ്ഞു് എന്നിവ വിളമ്പി. ദൈവാലയത്തിൽ ഓരോ ജോലിക്കും പ്രത്യേകം പ്രത്യേകം ശുശ്രൂഷകൻമാരെ ഏർപ്പെടുത്തി. (2 ശമു. 6)

അനന്തരം ദാവീദു ''ഞാൻ കാരകിൽ കൊണ്ടുള്ള ഭവനത്തിൽ താമസിക്കുന്നു. യഹോവയുടെ ആലയമോ വെറും ഒരു കൂടാരം. ഇതു ശരിയല്ല. യഹോവായ്ക്കു് ഒരു നല്ല ഭവനം പണിയണം'' എന്നു പറഞ്ഞു. ദൈവം അതു വിലക്കി. ''നിൻെറ കാലശേഷം നിൻെറ മകൻ അതു പണിയിച്ചുകൊള്ളു''മെന്നു പറഞ്ഞു. (1 ശമു. 7)

www.malankaralibrary.com



ഒരിക്കൽ ദാവീദു് അമ്മോന്യരുമായി യുദ്ധത്തി ലേർപ്പെട്ടിരുന്നു. അക്കാലത്തു് ഇസ്രായേലിൽ ഉറിയാ എന്നൊരാരാംക്കു് ബെത്ശേബാ എന്നൊരു ഭാര്യയുണ്ടാ യിരുന്നു. ദാവീദിനു് അവളിൽ പ്രേമം തോന്നി. അതിനാൽ ദാവീദു് ഉറിയായെ യുദ്ധത്തിനയച്ചു് പ ട്ടാളക്കാരുടെ മുന്നണിയിൽ നിറുത്തി യുദ്ധം ചെയ്യി ക്കയും അയാരം യുദ്ധത്തിൽ മരിച്ചുപോകുകയും ചെ യ്തു.[5] അനന്തരം അയാളുടെ ഭാര്യ ബെത്ശേബായെ രാജാവു പരിഗ്രഹിച്ചു.[6] അവരം ഒരു കുട്ടിയെ പ്രസ വിച്ചു. അക്കാലത്തു് ദാവീദു തന്റെ പ്രശസ്തിയു ടെ അത്യുച്ചത്തിലിരിക്കുകയായിരുന്നു.[7] (2 ശമു. 11)

അന്നു് നാഥാനെന്നൊരു ഉത്തമ ദീർഘദർശി ഇസ്രാ യേലിലുണ്ടായിരുന്നു. അദ്ദേഹം വന്നു രാജാവിന്റെ ഈ പ്രവൃത്തി പാപമാകുന്നുവെന്നു് അദ്ദേഹത്തെ ഗ്ര ഹിപ്പിക്കുവാനായി ഒരു ഉപമ പറഞ്ഞു. ഒരു പട്ടണ ത്തിൽ ഒരു ധനികനും ഒരു ദരിദ്രനും പാർത്തിരുന്നു. ധനികനു് ഒട്ടുവളരെ ആടുമാടുകളുണ്ടായിരുന്നു. ആ സാധുവിനാകട്ടെ തന്റെ കുട്ടികളോടുകൂടി കളിച്ചു ന ടക്കുന്ന ഒരു പെൺകുഞ്ഞാടേ ഉണ്ടായിരുന്നുള്ളു. ഒരു ദിവസം ഈ ധനികന്റെ വീട്ടിൽ ഒരാരം വിരുന്നുവന്നു. അയാരംക്കു വിരുന്നൊരുക്കുവാനായി ഈ ധനികൻ ആ സാധുവിന്റെ പെൺകുഞ്ഞാടിനെ പിടിച്ചു കൊന്നു് പാകം ചെയ്തു എന്നു പറഞ്ഞു. ഉടനെ ദാവീദു് ''അ വൻ ആര്! നിശ്ചയമായും അവൻ മരിക്കണം'' എന്നു പറഞ്ഞു.

അപ്പോരം നാഥാൻ രാജാവിനോടു് ''ആ മനുഷ്യൻ അങ്ങു തന്നെയാകുന്നു'' എന്നു് അറിയിച്ചു. അപ്പോരം ദാവീദിനു കാര്യം മനസ്സിലായി. തന്റെ പാപത്തെ ക്കുറിച്ചു് അതിയായി ദുഃഖിച്ചു.[8] ഇക്കാലത്താണു് ദാവീദു് 51-ാം സങ്കീർത്തനം എഴുതിയതു്. ദൈവം ദാ വീദിനോടു ക്ഷമിച്ചുവെങ്കിലും[9] കഠിനമായ പ്രായ ശ്ചിത്തം നൽകി. ''നിന്റെ ഭവനത്തിൽനിന്നു വാരം ഒഴികയില്ല. നിന്റെ ഭവനത്തിൽനിന്നുതന്നെ നിനക്കെ

www.malankaralibrary.com



തിരുണ്ടാകും. നിന്റെ പാപം മോചിച്ചിരിക്കുന്നു. നീ മരിക്കയില്ല. എന്നാൽ നിനക്കു ജനിച്ച കുട്ടി മരിച്ചുപോകും''[10] എന്നിപ്രകാരമരുളിച്ചെയ്തു, അപ്രകാരംതന്നെ ബെത്ശേബാ പ്രസവിച്ച കുട്ടി മരിച്ചു പോവുകയും ചെയ്തു.

ബെത്ശേബാ രണ്ടാമതു് പ്രസവിച്ച കുട്ടിക്കു് ശലോമോൻ എന്നു പേരിട്ടു. അദ്ദേഹം ആണു് ദാവീദിന്റെ അനുഗാമിയായി വന്നതു്. (2 ശമു. 12)

---

1. കിര്യത്തുയരാം യെറുശലേമിനു വടക്കു പടിഞ്ഞാറായി എട്ടു നാഴിക ദൂരത്തിൽ കിടക്കുന്നു.

2. യഹോവയുടെ പെട്ടകം ഒരു പുതിയ വണ്ടിയിൽ കയററി. അതു ദൈവത്തോടുള്ള ബഹുമാനത്തിനു വേണ്ടിയായിരുന്നു. പെട്ടകം ചുമക്കേണ്ടതു കോഹാത്തിക്കാരായ ലേവ്യരായിരുന്നു. (സംഖ്യ. 7. 9)

പ്രസവിച്ചിട്ടില്ലാത്ത ഒരു ഉദരത്തിൽ ക്രിസ്തു വസിച്ചു. ആരും കയറിയിട്ടില്ലാത്ത കഴുതമേൽ ക്രിസ്തു എഴുന്നെള്ളി. ആരെയും അടക്കിയിട്ടില്ലാത്ത കല്ലറയിൽ ക്രിസ്തുവിനെ അടക്കി. ഇവകളുടെയെല്ലാം മുൻമാതൃകയത്രേ പുതിയ വണ്ടിയിലുള്ള ഈ എഴുന്നെള്ളത്തു്.

3. പെട്ടകം സ്വഭവനത്തിലായിരുന്നതിനാൽ അതിനോടു അനുവർത്തിക്കേണ്ട വിധം ഉസ്സാ ഗ്രഹിക്കേണ്ടതായിരുന്നു. പെട്ടകം എടുക്കുന്നതിനുമുൻപു് ആചാര്യൻമാർ അതു മൂടിക്കെട്ടേണ്ടതും പിന്നീടു് ലേവ്യക്കാർ വഹിക്കപ്പെടേണ്ടതുമായിരുന്നു. മൂടിക്കെട്ടുന്നതിനു മുൻപു് അതിൽ എത്തിനോക്കാൻ പാടില്ല. (സംഖ്യ. 4, 5, 15, 19) മതസംബന്ധമായ സംഗതികളിൽ അതിന്റെ ആദ്ധ്യാത്മികോപദേശം വിസ്മരിച്ചു് അഭക്തിയായി അതോടനുവർത്തിച്ചുകൂടാത്തതാകുന്നു എന്നുള്ളതിനു ഈ സംഭവം ഒരു ഉത്തമദൃഷ്ടാന്തമാകുന്നു.

4. ഓബേദു് ഏദോം ഒരു ലേവ്യനായിരുന്നു. ഉസ്സായ്ക്കു പററിയ അപകടം കണ്ടപ്പോൾ ദാവീദു ഭയന്നു് പെട്ടകം ഓബേദു്–ഏദോമിന്റെ വീട്ടിലേക്കു് അയച്ചുകളഞ്ഞു. പെട്ടകം മൂലം ഓബേദു്–ഏദോമിനു വന്ന അനുഗ്രഹവും അഭിവൃദ്ധിയും കണ്ടപ്പോൾ അതു വീണ്ടും സ്വന്തപട്ടണത്തിലേക്കു കൊണ്ടുവരാമെന്നാഗ്രഹിച്ചു. ആരു് ദൈവാലയത്തോടും ദൈവികസംഗതികളോടും ഭക്തിയായി പെരുമാറുന്നുണ്ടോ അതു് അവർക്കു് അനുഗ്രഹവും. ആരു് ദൈവത്തെ വിസ്മരിച്ചു് അഭക്തിയായി വർത്തിക്കുന്നുണ്ടോ അവർക്കു് അതു ശാപവുമായിരിക്കും.

www.malankaralibrary.com



5. ദാവീദിൻെറ രഹസ്യപാപം ദൈവമറിഞ്ഞു. ഉറിയായുടെ മരണം എങ്ങനെയാണു സംഭവിച്ചതെന്നും ദൈവം അറിഞ്ഞു. നീ പാപം രഹസ്യത്തിൽ ചെയ്താലും ദൈവം അറിയും.

6. ഉറിയായുടെ ഭാര്യയെ കണ്ടപ്പോഴുണ്ടായ ദുർമ്മോഹം ദാവീദു് മനസ്സിൽ വച്ചു വളർത്തിയതിനാലാണല്ലോ വലിയ പാപത്തിൽ ചെന്നു വീഴാനിടയായതു്. തൻെറ അയൽക്കാരൻെറ ഭാര്യയെ നീ മോഹിക്കരുതു് എന്ന കല്പന ദാവീദു ലംഘിച്ചു. ദുർമ്മോഹത്തിൽ നിന്നു രക്ഷപ്പെടുന്നതിനു ശ്രമിക്കുന്നതിനു പകരം ഉറിയായെ കൊല്ലിച്ചു. ദുർമ്മോഹത്തിനു് ആ സ്ത്രീയേയും കൂടെ വഴിപ്പെടുത്തി. അങ്ങനെ ദാവീദു് ആറും ഒൻപതും കല്പന ലംഘിച്ചു.

7. ദാവീദിൻെറ പ്രാർത്ഥന മന്ദീഭവിച്ചു പോയതിനാലാണു് ഈ പാപത്തിൽ വീണതു്. പ്രാർത്ഥന മുടക്കുന്ന എല്ലാവരും അവർ അറിയാതെതന്നെ പാപത്തിൽ വീഴും.

8. ദാവീദു് പാപത്തിൽ വീണെങ്കിലും അനുതപിച്ചു. അദ്ദേഹം കഠിനഹൃദയനായിരുന്നില്ല. ദാവീദു് വളരെ പ്രായശ്ചിത്തങ്ങൾ തന്നത്താൻ എടുത്തുവെന്നു് അദ്ദേഹം എഴുതിയ സങ്കീർത്തനങ്ങളിൽ കാണുന്നു. നാമും, നോമ്പു്, ദണ്ഡനമസ്കാരം ആദിയായ പ്രായശ്ചിത്തങ്ങളോടുകൂടി പ്രാർത്ഥിച്ചാൽ നമ്മുടെ പ്രാർത്ഥനയ്ക്കു ശക്തി കൂടിയിരിക്കും.

9. ദാവീദു് അനുതപിച്ചപ്പോൾ ദൈവം ക്ഷമിച്ചു. ദൈവത്തിൻെറ കരുണ എത്രയെന്നു നോക്കുക. ദൈവം പരിശുദ്ധനാകുന്നു.

10. കുട്ടി നിശ്ചയമായും മരിക്കും. ദാവീദിൻെറ പാപം ദൈവം ക്ഷമിച്ചു എങ്കിലും അതിൻെറ ശിക്ഷയായി കുട്ടി മരിക്കുമെന്നറിയിച്ചതിൽനിന്നും പാപങ്ങൾ ക്ഷമിക്കുമ്പോൾ അതോടുകൂടിത്തന്നെ കാലത്തിനടുത്ത ശിക്ഷകൾ എല്ലായ്പ്പോഴും ക്ഷമിക്കപ്പെടുന്നില്ല എന്നു വരുന്നു.

www.malankaralibrary.com

പാഠം 8

# ദാവീദും അബ്ശലോമും

## (2 ശമു. 13,23-18,33: 2 നാളാ. 22, 14-23,1)

ദാവീദിനു് അബ്ശലോം എന്നൊരു മകനുണ്ടായിരുന്നു. അദ്ദേഹം ദാവീദിനോടെതിർത്തു. ദാവീദിന്റെ ആദ്യജാതനായ അമ്നോനെ കൊന്നതും ഇദ്ദേഹമാണു്. അബ്ശലോം ഇസ്രായേൽക്കാരിൽ പലതുകൊണ്ടും മികച്ചവനായിരുന്നു. അദ്ദേഹം ഇസ്രായേലിൽ ഒരു വലിയ വിഭാഗത്തെ സ്വപക്ഷത്താക്കി, ഈ വിവരമറിഞ്ഞു ദാവീദു വളരെയധികം ദുഃഖിച്ചു. ശിരസ്സും പാദവും നഗ്നമാക്കിക്കൊണ്ടു് യെരുശലേം വിട്ടു കെദ്രോൻ തോടു കടന്നു് ഒലിവു മലയിലേക്കു പോയി. ദാവീദിന്റെ ഈ യാത്രയിൽ ശിമെയി എന്നു പേരുള്ള, ശൗലിന്റെ ഒരു ബന്ധു ദാവീദിനെ കൊലപാതകനെന്നും മററും വിളിച്ചു് അധിക്ഷേപിക്കുകയും അദ്ദേഹത്തിന്റെ നേരെ കല്ലെറിയുകയും ചെയ്തു. ദാവീദിന്റെ ഒരു ഭൃത്യനായ അബിശായി ശിമെയിയെ വധിക്കുവാനൊരുങ്ങിയെങ്കിലും ദാവീദു് അതിനു അനുമതി നൽകിയില്ല. അയാളുടെ ശാപം തനിക്കു് ഒരു അനുഗ്രഹമായിരിക്കുമെന്നു് പറഞ്ഞു. ഇതിനിടയിൽ അബ്ശലോമിന്റെ സൈന്യവും ദാവീദിന്റെ സൈന്യവും തമ്മിൽ കൂട്ടിമുട്ടി. (അധ്യാ. 16)

യുദ്ധക്കളത്തിൽനിന്നും അബ്ശലോം കോവർ കഴുതപ്പുറത്തു കയറി അതിശീഘ്രം ഓടിച്ചു പോകുമ്പോഠം മഹനയീമിൽവെച്ചു് അദ്ദേഹത്തിന്റെ തലമുടി ഒരു കരുവേലകവൃക്ഷത്തിൽ കുരുങ്ങുകയും,[1] കഴുതപ്പുറത്തുനിന്നും തെററി നിരാധാരനായി ആ വൃക്ഷശിഖരത്തിൽ തൂങ്ങിക്കിടക്കുകയും ചെയ്തു. ദാവീദിന്റെ ഒരു സൈന്യാധിപനായ യോവാബു് ഇതു ക

www.malankaralibrary.com



ണ്ടു് അബ്ശലോമിനെ കുന്തം ചാണ്ടി കൊന്നുകളഞ്ഞു.[2] അബ്ശലോമിൻെറ മരണവാർത്ത ദാവീദറിഞ്ഞപ്പോഠം ''എൻെറ മകനായ അബ്ശലോമേ, നിനക്കു പകരം ഞാൻ മരിച്ചിരുന്നു എങ്കിൽ നന്നായിരുന്നു'' എന്നു പറഞ്ഞു കരഞ്ഞു.[3] അപ്പോഴേക്കും ജയാരവങ്ങളോടുകൂടി സൈന്യങ്ങഠം വന്നുകഴിഞ്ഞു. അവരുടെയും ഒരു വലിയ ജനക്കൂട്ടത്തിൻെറയും അകമ്പടിയോടുകൂടി ദാവീദു് യെരുശലേമിലേക്കു പ്രവേശിച്ചു. (അധ്യാ. 18)

ദാവീദു് മുപ്പതാമത്തെ വയസ്സുമുതൽ നാല്പതു വർഷം ഇസ്രായേലിനെ ഭരിച്ചു. ഒടുവിൽ വാർദ്ധക്യമായി മരണമടുത്തുവരുന്നു എന്നു കണ്ടപ്പോഠം[4] ഇസ്രായേലിലെ പ്രഭുക്കൻമാരെയും പ്രമുഖൻമാരെയും വരുത്തി ഒരു ദൈവാലയം പണിയിക്കുവാൻ വേണ്ട സാമഗ്രികളെല്ലാം താൻ ശേഖരിച്ചിരുന്നു എന്നും അനേകം യുദ്ധങ്ങഠം മൂലം ധാരാളം രക്തച്ചൊരിച്ചിൽ വരുത്തിയിട്ടുള്ളതിനാൽ അതു പണിയിക്കുവാൻ തനിക്കു ദൈവാനുവാദമില്ലെന്നും സ്വപുത്രനായ ശലോമോൻ അതു പണിയിച്ചുകൊള്ളുമെന്നും അവരെ അറിയിച്ചു.[5]

നൂറായിരം താലന്തു പൊന്നും പത്തുനൂറായിരം താലന്തു വെള്ളിയും തൂക്കമില്ലാത്തവണ്ണം ഇരുമ്പും പിത്തളയും ശേഖരിച്ചു വച്ചു. അഹറോൻെറ പുത്രൻമാരെ ഇരുപത്തിനാലായി തിരിച്ചു തവണമുറയ്ക്കു് ആരാധനയ്ക്കേർപ്പെടുത്തി. അനന്തരം ദൈവാലയം പണിയിക്കേണ്ട വിധങ്ങളെക്കുറിച്ചും മററും ശലോമോനു് ആവശ്യമുള്ള സകല നിർദ്ദേശങ്ങളും[6] കൊടുത്ത ശേഷം ദൈവത്തെ അനുസരിക്കേണ്ട ആവശ്യകതയേയും അല്ലെങ്കിലുണ്ടാകാവുന്ന ഭവിഷ്യത്തുകളെയും മററും പററി ദാവീദു് ശലോമോനെ വേണ്ടപോലെ ഉപദേശിച്ചു. (2 നാളാ. 22, 14–19) ദാവീദു് മരിക്കുന്നതിനു മുമ്പു് ശലോമോനെ സ്വന്ത പിൻഗാമിയായി അഭിഷേകം ചെയ്തു. ശലോമോൻ വളരെ സുന്ദരഗാത്രനാ

www.malankaralibrary.com



യിരുന്നു. ദാവീദു് എഴുപതാമത്തെ വയസ്സിൽ മരിച്ചു് സീയോൻ മലയിൽ സംസ്കരിക്കപ്പെട്ടു. ദാവീദു്, രാജാവും ന്യായാധിപതിയുമായിരുന്നതു മാത്രമല്ല ഒരു ദീർഘദർശിയുംകൂടെ ആയിരുന്നു.[7] (നട. 2,30)

ദൈവത്തിന്റെരാജ്യം യഥാസ്ഥാനപ്പെടുത്തുവാൻ ഇടയച്ചെറുക്കനായ ദാവീദിനെ ഭരമേല്പിച്ചു. ദാവീദു് അതു വളരെ ഭംഗിയായി നിവർത്തിച്ചു. ശത്രുക്കളെ അശേഷം കീഴ്പ്പെടുത്തി. ജനങ്ങളുടെ ഇടയിൽ ഐക്യത വർദ്ധിപ്പിച്ചു. രാജഭരണം ദൈവനിയമപ്രകാരമാക്കി. വിഗ്രഹാരാധന നിർമ്മൂലമാക്കി. ദൈവാരാധന പ്രബലപ്പെടുത്തി.[8]

ദാവീദിന്റെ സങ്കീർത്തനം ജനങ്ങളെ കൂടുതൽ ദൈവഭക്തരാക്കിത്തീർത്തു. ക്രിസ്തുവിനെക്കുറിച്ചു് അദ്ദേഹം പറഞ്ഞിട്ടുള്ള ദീർഘദർശനം ആളുകളെ വളരെ ആകർഷിച്ചു.[9]

---

1. അബ്ശലോം നാലാം കല്പന ലംഘിച്ചു. അപ്പനെക്കുറിച്ചു് അനാവശ്യമായി സംസാരിച്ചു. അപ്പനോടു് എതിർത്തു. അപ്പനെ കൊല്ലുവാൻ നടന്നു. രാജകല്പനയെല്ലാം ലംഘിച്ചു. ദൈവത്തിന്റെ അഭിഷിക്തനോടു് എതിർത്തു. ആളുകളെ വിപ്ളവത്തിനിളക്കി. അതിനാൽ അഞ്ചാം കല്പനയും ലംഘിച്ചു. അതിനു തക്ക ശിക്ഷയും അനുഭവിച്ചു. അദ്ദേഹം സർവശ്രേഷ്ഠമായി വച്ചിരുന്ന തലമുടി തന്നെ അദ്ദേഹത്തെ ചതിച്ചു. അബ്ശലോമിന്റെ പാപം നിഗളത്തിൽനിന്നുണ്ടായതാണു്.

2. നീ നിന്റെ അമ്മയെ ദുഃഖിപ്പിച്ചിട്ടുണ്ടോ? അപ്പനെ വേദനപ്പെടുത്തിയിട്ടുണ്ടോ? നിന്റെ തെററിനെപ്പററി അനുതപിച്ചിട്ടുണ്ടോ? അബ്ശലോം അപ്പനോടും രാജാവിനോടും എതിർത്തതുകൊണ്ടു് പിന്നീടു് ആ പേരു് യഹൂദൻമാർ തങ്ങളുടെ മക്കൾക്കിടുകയില്ല എന്നുറച്ചു.

3. അബ്ശലോം ഇത്ര ദ്രോഹം ചെയ്തിട്ടും ദാവീദു് അദ്ദേഹത്തിന്റെ മരണത്തിൽ വിലപിച്ചു. പിതൃസ്നേഹം എത്ര വലിയതു്. ദാവീദു് ശത്രുക്കളെ സ്നേഹിക്കുന്നവനായിരുന്നു. ക്രിസ്തുവിനെ കുരിശിച്ചവർക്കുവേണ്ടി ക്രിസ്തു വിലപിച്ചു പ്രാർത്ഥിച്ചതിന്റെ ഒരു മുൻകുറിയായിരുന്നു അബ്ശലോമിന്റെ മരണത്തിലുണ്ടായ ദാവീദിന്റെ വിലാപം. അബ്

www.malankaralibrary.com



ശലോം സുന്ദരനായിരുന്നു. മനുഷ്യരെ വശത്താക്കാൻ സമർത്ഥനുമായിരുന്നു. എങ്കിലും ഹൃദയനൈർമ്മല്യമുണ്ടായിരുന്നില്ല, അതിനാൽ അദ്ദേഹത്തിനു നാശമുണ്ടായി. ഒരു സത്യ അനുതാപിക്കു ദാവീദു് ഒരു നല്ല മാതൃകയാണു്. രാജാവായിരുന്നിട്ടും നാഥാൻ പ്രവാചകൻെറ ശാസനയനുസരിച്ചു.

4. മരണസമയമടുത്തിരിക്കുന്നു എന്നു് അറിവാനിടയായതു് ഒരു ദൈവസഹായമാണു്. ദാവീദു് ഒരു നല്ല ഹൃദയത്തോടുകൂടെ ദൈവത്തെ സേവിച്ചതിനാൽ ഈ അനുഗ്രഹം കിട്ടിയതാണു്.

5. ദൈവഭവനം പണിയുന്നതിനായിരുന്നു ദാവീദിൻെറ അന്ത്യചിന്ത. മററുള്ളതെല്ലാം നല്ല പര്യവസാനത്തിൽ കണ്ടു. പള്ളിപണിയെപ്പററിയും ദൈവം ഒരു വ്യവസ്ഥയുണ്ടാക്കി. ദാവീദു് ദൈവത്തിൽ നിദ്രപ്രാപിച്ചു. എന്തു നല്ല മരണം.

6. ദാവീദിൻെറ പാപം ദൈവം ക്ഷമിച്ചു. എങ്കിലും ദൈവാലയം പണിയുവാൻ സമ്മതിച്ചില്ല. പാപങ്ങൾ ക്ഷമിക്കപ്പെടുമ്പോൾ അതോടുകൂടിത്തന്നെ കാലത്തിനടുത്ത ശിക്ഷകളും എല്ലായ്പോഴും ക്ഷമിക്കപ്പെടുന്നില്ല.

7. ദാവീദു് ക്രിസ്തുവിൻെറ പീഡാനുഭവത്തെപ്പററി ദീർഘദർശനം പറയുക തന്നെയല്ല, സ്വജീവിതത്തിൽ അദ്ദേഹത്തിൻെറ പല മാതൃകകൾ കാണിക്കുകയും ചെയ്തു. ദാവീദിൽ നിന്നു നൻമ അനുഭവിച്ച ശൗൽപോലും ദാവീദിനെ ഉപദ്രവിച്ചു.

8. ദാവീദിൻെറ ഗുണങ്ങൾ നോക്കുക. താഴ്മ, ദൈവവിശ്വാസം, ഭക്തി, ദൈവമഹത്വത്തിനായുള്ള എരിവു്, ക്ഷമ, ശത്രുസ്നേഹം, നീതി, മഹാമനസ്കത, പിതൃസ്നേഹം, പാപബോധം, അനുതാപം, ആദിയായ വിശിഷ്ട ഗുണങ്ങൾ ദാവീദിലുണ്ടായിരുന്നു.

9. മിശിഹായുടെ മുൻ മാതൃകകളിൽ ദാവീദു പന്ത്രണ്ടാമത്തെ ആളാണു്. ഇരുവരും ബേതലഹേമിൽ ജനിച്ചു. ക്രിസ്തു പിശാചിനെ ജയിച്ചതുപോലെ ദാവീദു് ഗോലിയാത്തിനെ ജയിച്ചു. ഇരുവർക്കും ആരംഭത്തിൽ വളരെ പ്രയാസങ്ങൾ ഉണ്ടായി. ദാവീദു് അബ്ശലോമിനെ ഭയന്നു ദുഃഖത്തോടുകൂടെ കെദ്രോൻ തോടു കടന്നു ഒലിവുമലയിലേക്കു പോയതുപോലെ നമ്മുടെ കർത്താവും പെസഹാകഴിഞ്ഞു കെദ്രോൻ തോടു കടന്നു ഗദസീമോൻ തോട്ടത്തിലേക്കു പോയി. ഇരുവരും ശത്രുക്കളോടു മഹാമനസ്കത കാണിച്ചു. യറുശലേമിലേക്കു് രാജകീയ എഴുന്നള്ളത്തു ഇരുവരും നടത്തി. ഇങ്ങനെ പല സാമ്യങ്ങളുമുണ്ടു്. ദാവീദു കവിണകൊണ്ടും അഞ്ചു കല്ലുകൊണ്ടും ഗോലിയാത്തിനെ

www.malankaralibrary.com



ജയിച്ചു. ക്രിസ്തു അഞ്ചു മുറിവുമൂലവും കുരിശുമരണം മൂലവും പിശാചിനെ ജയിച്ചു. ദാവീദു് ഒരു ആട്ടിടയനായിരുന്നു. ക്രിസ്തുവും നല്ല ഇടയനാകുന്നു. അഹിത്തോപ്പേൽ ദാവീദിനെ ഒററിക്കൊടുത്തു. യഹൂദ ക്രിസ്തുവിനെ ഒററിക്കൊടുത്തു.

## പാഠം 9

# ശലോമോൻ രാജാവു്

### 1 രാജാ. 3, 1–28; 6, 1–38; നാളാ. 1, 23, 24 അ

ശലോമോൻ തൻെറ ഭരണാരംഭത്തിൽ ദൈവത്തെ സ്നേഹിക്കയും തൻെറ പിതാവായ ദാവീദിനെ എല്ലാ കാര്യങ്ങളിലും അനുകരിക്കയും ചെയ്തിരുന്നു.[1] ദൈവം ഒരു രാത്രിയിൽ ശലോമോനു പ്രത്യക്ഷനായി. അപ്പോഠം നീതിയോടെ രാജ്യഭാരം ചെയ്‌വാനുള്ള ജ്ഞാനത്തിനായി ശലോമോൻ പ്രാർത്ഥിച്ചു. ദൈവം അദ്ദേഹത്തിനു ആവശ്യമുള്ള ജ്ഞാനത്തിനും പുറമേ ധനവും ബഹുമാനവും കൂടി നല്കി. ദൈവകല്പനപ്രകാരം ജീവിക്കുമെങ്കിൽ ദീർഘായുസ്സും കൊടുക്കാമെന്നു കല്പിച്ചു.[2]

രണ്ടു സ്ത്രീകഠം തമ്മിൽ ഒരിക്കൽ ഒരു വാദമുണ്ടായി. ആ വാദം കേട്ടു തീരുമാനിക്കുവാൻ ശലോമോൻെറ അടുക്കൽ വന്നു. ഒരു സ്ത്രീയ്ക്കു ഒരു കുട്ടിയുണ്ടായിരുന്നു. ആ കുട്ടി അവളോടൊരുമിച്ചു് കിടക്കയിൽ കിടന്നിരുന്നു. അയൽക്കാരിക്കും അതുപോലെ ഒരു കുട്ടിയുണ്ടായിരുന്നു. അവളുടെ കുട്ടി യാദൃശ്ചികമായി മരിക്കുന്നതിനിടയായി. കുട്ടികഠം തമ്മിലുള്ള സാമ്യംനിമിത്തം മരിച്ച കുട്ടിയെ എടുത്തു് മററവളുടെ അടുക്കൽ സൂത്രത്തിൽ കിടത്തിയിട്ടു ജീവനുള്ള കുട്ടിയെ എടുത്തു കൊണ്ടുപോയിരുന്നു.[3] അതിനെ തിരിച്ചു കൊടുപ്പിക്കണമെന്നായിരുന്നു സങ്കടഹർജി. ജീവനുള്ള കുട്ടി തൻേറതാണെന്നു ഇരുവരും വാദിച്ചു.[4] ഈ തർക്കം വളരെ വേഗത്തിൽ ശലോമോൻ രാജാവു തീരു

www.malankaralibrary.com



മാനിച്ചു. ഒരു വാരം കൊണ്ടുവന്നു ജീവനുള്ള കുട്ടിയെ രണ്ടായി ഭാഗിച്ചു് ഇരുവർക്കും കൊടുക്കുവാൻ കല്പിച്ചു. ജീവനുള്ള കുട്ടിയുടെ മാതാവു് ഇതിനു വിസമ്മതിക്കയും കുഞ്ഞിനെ ജീവനോടെയെങ്കിലും കാണാമല്ലോ എന്നു വിചാരിച്ചു തന്റെ പ്രതിയോഗിക്കു അതിനെ കൊടുത്തുകൊള്ളുവാൻ സമ്മതിക്കയും ചെയ്തു. മറേറ സ്ത്രീ തനിക്കു പകുതി മതി എന്നു പറഞ്ഞു.[5] ശലോമോൻ ഇതു നിമിത്തം യഥാർത്ഥ മാതാവിനെ മനസ്സിലാക്കി അവരംക്കു ശിശുവിനെ കൊടുത്തു സങ്കടം തീർത്തു. ഈ വിധി ഇസ്രായേലിലെല്ലാം പരസ്യമായപ്പോരം ''ദൈവാത്മാവു് ശലോമോനിൽ കുടികൊള്ളുന്നു'' എന്നു് ജനങ്ങരം എല്ലാവരും പറഞ്ഞു അദ്ദേഹത്തിന്റെ ജ്ഞാനത്തിൽ അവർ അത്ഭുതപ്പെട്ടു.[6] (1 രാജാ. 3, 16–28)

ഇസ്രായേൽക്കാർ മിസ്രയിമിൽ നിന്നും പുറപ്പെട്ടതിന്റെ നാനൂററിഎൺപതാം വർഷത്തിൽ ശലോമോൻ രാജാവു് യെറുശലേമിൽ[7] മോറിയാ മലയിൽ ദൈവാലയം പണിതുടങ്ങി. എബ്രായക്കാർ കെട്ടിടപ്പണിയിൽ അത്ര സമർത്ഥൻമാരായിരുന്നില്ല. അതിനാൽ ഹീരാമിന്റെ അടുക്കൽനിന്നു നല്ല കൽപ്പണിക്കാരെയും മരപണിക്കാരെയും വാർപ്പുപണി വിദഗ്ധൻമാരെയും വരുത്തി. ലബാനോനിൽനിന്നു കാരകിൽ[8] മരവും ദേവദാരമരവും കൊണ്ടുവന്നു. (1 രാജാ. 5)

ശലോമോൻ ഓരോ മാസവും പതിനായിരംപേരെ വീതം മാറി മാറി ലബാനോനിലേക്കു അയച്ചുകൊണ്ടിരുന്നു. ചുമടു ചുമക്കുവാൻ എഴുപതിനായിരം പേരെയും മരം വെട്ടുവാൻ എൺപതിനായിരം പേരെയും ഇതിന്റെ എല്ലാം മേൽനോട്ടത്തിനായി മൂവായിരത്തിമുന്നൂറു് പേരെയും നിയമിച്ചു.

ദൈവാലയത്തിന്റെ നീളം അറുപതു മുഴവും വീതി ഇരുപതു മുഴവും ഉയരം മുപ്പതു മുഴവും ആയിരുന്നു. ആലയത്തിന്റെ മുഖപ്പിനു ഇരുപതു മുഴം നീള

www.malankaralibrary.com



വും പത്തു മുഴം വീതിയുമുണ്ടായിരുന്നു. ഭിത്തിയുടെ പുറകുവശത്തായി പുറവാരങ്ങളും പണിയിച്ചു. ദൈവാലയത്തിന്റെ ഉൾഭാഗം ശുദ്ധസ്ഥലമെന്നും മഹാവിശുദ്ധസ്ഥലമെന്നും രണ്ടായി വിഭജിച്ചു. ശുദ്ധസ്ഥലത്തിന്റെ നീളം നാല്പതു മുഴവും മഹാവിശുദ്ധസ്ഥലത്തിന്റെ ഇരുപതു മുഴവും ആയിരുന്നു. ശുദ്ധസ്ഥലത്തിന്റെ അകവശം കാരകിൽ പലകകൊണ്ടും മഹാവിശുദ്ധസ്ഥലത്തിന്റെ അകവശം പൊന്നു കൊണ്ടും പൊതിഞ്ഞിരുന്നു. പൊൻചങ്ങലയുള്ള ഒരാതിരശീല ഇതിനു രണ്ടിനുമിടയ്ക്കു തൂക്കിയിരുന്നു.

മഹാവിശുദ്ധസ്ഥലത്തു് രണ്ടു മാലാഖമാരുടെ രൂപം നിറുത്തിയിരുന്നു. ആ രൂപം പൊൻതകിടു കൊണ്ടു പൊതിഞ്ഞിരുന്നു.

ശുദ്ധസ്ഥലത്തു് ധൂപപീഠവും കാഴ്ച അപ്പങ്ങൾ വയ്ക്കാനുള്ള മേശയും ഏഴു തിരികളുള്ള കവരവിളക്കും വച്ചിരുന്നു. പ്രാകാരത്തിൽ പിത്തളകൊണ്ടുള്ള ദഹന ബലിപീഠം, വാർത്തുണ്ടാക്കപ്പെട്ട കടൽ (ജലസേചനസ്ഥലം) ആദിയായവ സ്ഥാപിച്ചിരുന്നു. ഏഴരവർഷം കൊണ്ടാണു് ഈ ദൈവാലയം പണിതീർന്നതു്.[9] ഇതു കൂടാതെ യെറുശലേമിൽ ഒരു രാജകൊട്ടാരവും ശലോമോൻ പതിമൂന്നു വർഷംകൊണ്ടു പണിയിച്ചു. (1 രാജാ. 6, 1–38)

---

1. ശലോമോൻ ദൈവത്തെ മറന്നാൽ ദൈവം ശലോമോനെ എന്നേക്കുമായി മറന്നുകളയുമെന്നും അതിനാൽ സൂക്ഷിച്ചുകൊള്ളണമെന്നും ദാവീദു് പറഞ്ഞു. പക്ഷേ ശലോമോൻ കാലാന്തരത്തിൽ ദൈവത്തെ മറന്നുകളഞ്ഞു.

2. ശലോമോന്റെ പ്രാർത്ഥന ദൈവമിഷ്ടപ്പെട്ടു. എന്തെന്നാൽ അതു് ഹൃദയതാഴ്മയോടുകൂടെ നടത്തപ്പെട്ടിരുന്നു. ധനത്തിനോ ദീർഘായുസ്സിനോ ആയി അദ്ദേഹം പ്രാർത്ഥിച്ചില്ല. നാം ലൗകികകാര്യങ്ങൾക്കായിട്ടു മാത്രമല്ല പ്രാർത്ഥിക്കേണ്ടതു്. സ്വർഗ്ഗീയവും ഉന്നതവുമായ കാര്യങ്ങൾക്കായി പ്രാർത്ഥിക്കണം.

3. അസൂയക്കാരി ജീവനുള്ള കുട്ടിയെ അതിന്റെ അമ്മയുടെ പക്കൽനിന്നും മോഷ്ടിച്ചെടുത്തു. അവളുടെ കള്ളം മരണ

www.malankaralibrary.com



കരമായ പാപമാണു്. അവരം ഏഴാം കല്പന മാത്രമല്ല, അഞ്ചും പത്തും കല്പനകളും കൂടെ ലംഘിച്ചു. ഒരു തള്ളയ്ക്കു സന്താനത്തേക്കാരം വലിയ പ്രേമസാധനമുണ്ടോ? അതിനെയാണു് മോഷ്ടിച്ചതു്. അതുതന്നെയല്ല അതിൻെറ മരണത്തിനാഗ്രഹിച്ചു. ഇതെല്ലാം അസൂയയുടെ ഫലങ്ങളാണു്.

4. അസൂയക്കാരി ജീവനുള്ള കുട്ടി തൻേറതാണെന്നു കള്ളം പറയുന്നു. അസൂയയുണ്ടായാൽ അതു് നമ്മേ ഒരു പാപത്തിൽ നിന്നും വേറൊരു പാപത്തിലേക്കു ആനയിച്ചുകൊണ്ടിരിക്കും.

5. അസൂയ വലിയ പാപമാണു്. മരിച്ചുപോയ കുട്ടിയുടെ അമ്മക്കു മററേ കുട്ടിയും മരിക്കണമെന്നു തോന്നി. ഇതു് എത്ര നികൃഷ്ടമായ പാപമാണു്. നിനക്കു അസൂയയെന്ന പാപമുണ്ടോ?

6. പരിശുദ്ധാത്മവരങ്ങരം പലതുണ്ടു്. (1 കോറ. 12) അതിൽ അറിവു് ഒരു പ്രധാന വരമാണു്. ശലോമോനു് അസാധാരണമായ അറിവുണ്ടായിരുന്നു. ദൈവിക അറിവു മാത്രമല്ല ഭൗമിക അറിവും വേണ്ടുവോളമുണ്ടായിരുന്നു.

7. ദാവീദു യെബുസായക്കാരിൽ നിന്നും യെറുശലേം കരസ്ഥമാക്കുവാനിടയായതു് ഒരു വലിയ ദൈവാനുഗ്രഹമാണു്. യെഹൂദൻമാരുടെ തലസ്ഥാനവും ക്രൈസ്തവസഭയുടെ പ്രാരംഭസ്ഥലവും യെറുശലേം ആയിരുന്നു.

8. കാരികിൽ മരം വിശേഷപ്പെട്ടതും വളരെ ഉയരത്തിൽ വളരുന്നതുമായ ഒരു വൃക്ഷമാണു്. ഇതിനു ചിതൽ പിടിക്കുകയില്ല. കൂടാതെ നല്ല വാസനയുമുണ്ടു്.

9. ഇസ്രായേൽക്കാർക്കു് ഒരു പള്ളിയേ ഉണ്ടായിരുന്നുള്ളു. അതു് ഏകസഭയെ സൂചിപ്പിക്കുന്നു. കത്തോലിക്കാസഭ ഏകസത്യസഭയാകുന്നു. യെരൂശലേംപള്ളി വളരെ വിശേഷപ്പെട്ടതും വിലപിടിപ്പുള്ളതുമായിരുന്നു. ഒരു കത്തോലിക്കാപള്ളി ചെറിയതായാലും അവിടെ അർപ്പിക്കുന്നതു് ക്രിസ്തുവിനെ ആണെന്നുതന്നെയല്ല വി. കുർബാനയിൽ ക്രിസ്തുതന്നെ എഴുന്നെള്ളുന്നതുകൊണ്ടു് അതു് യെരുശലേം ദൈവാലയത്തെക്കാരം എത്രയോ മാഹാത്മ്യമേറിയതാകുന്നു.

www.malankaralibrary.com

## പാഠം 10

# ശലോമോൻെറ അന്ത്യകാലം

### (1 രാജാ. 8-11 അ. നാളാ. 9-ാം അ.)

ദൈവത്തിൻെറ ഉഭയസമ്മതത്തിൽ പെട്ടകം അത്യാഡംബരപൂർവ്വം സീയോനിൽനിന്നും വരുത്തുവാൻ ശലോമോൻ ഇസ്രയേൽ മൂപ്പൻമാരെയും പ്രഭുക്കൻമാരെയും ക്ഷണിച്ചുവരുത്തി. അവർ ചെന്നു സഭയിൻ കൂടാരവും അതിലെ സകല ഉപകരണങ്ങളുമെടുത്തുകൊണ്ടുവന്നു് ശലോമോൻ പണിയിച്ച ദൈവാലയത്തിൽ വച്ചു. ഉപകരണങ്ങൾ കൊണ്ടുവന്ന വഴിക്കു ആചാര്യൻമാർ കാഹളമൂതുകയും പാട്ടുപാടുകയും മാർഗ്ഗമദ്ധ്യേ നിരവധി ആടുമാടുകളെ ബലികഴിക്കയും ചെയ്തുകൊണ്ടിരുന്നു. സാക്ഷിയിൻപെട്ടകം കെറുബി മാലാഖമാരുടെ രൂപത്തിനു് താഴെയായി മഹാവിശുദ്ധസ്ഥലത്തു വച്ചപ്പോൾ ദൈവാലയം ഒരു മേഘത്താൽ മൂടപ്പെട്ടു.[1] ശലോമോൻ സ്വർഗ്ഗത്തിലേക്കു തൻെറ ദൃഷ്ടികൾ ഉയർത്തി വളരെ വിനയത്തോടെ പ്രാർത്ഥിച്ചു.[2] ദൈവം രണ്ടാമതും ശലോമോനു പ്രത്യക്ഷപ്പെട്ടു. അദ്ദേഹത്തോടു ''നിൻെറ പ്രാർത്ഥനകൾ ഞാൻ കേട്ടു ഈ ആലയത്തെ ഞാൻ ശുദ്ധീകരിച്ചിരിക്കുന്നു. എൻെറ കണ്ണും ഹൃദയവും എപ്പോഴും ഇവിടെ ഉണ്ടായിരിക്കും'' എന്നു അരുളിച്ചെയ്കയും ചെയ്തു.[3] (1 രാജാ. 8, 11)

ശലോമോൻ മഹാജ്ഞാനിയായിരുന്നു. അദ്ദേഹത്തിൻെറ ജ്ഞാനത്തെക്കുറിച്ചു കേട്ടിട്ടു ശേബായിലെ രാജ്ഞി സുഗന്ധവർഗ്ഗങ്ങൾ, പൊന്നു്, വിലയേറിയ രത്നങ്ങൾ ആദിയായ സാധനങ്ങളുമായി യെറുശലേമിലേക്കു വന്നു് മറുപൊരുളായ പലതും ശലോമോനോടു ചോദിക്കയും അതിനെല്ലാം ശലോമോൻ ഉത്തരം പറയുകയും ചെയ്തു. ശലോമോൻെറ കൊട്ടാരത്തിലുള്ള ഉപകരണങ്ങൾ, ഭൃത്യൻമാരുടെ നടപടികൾ

www.malankaralibrary.com



ആദിയായവയെല്ലാം രാജ്ഞിക്കു വലിയ സന്തോഷമായിത്തോന്നി. ശലോമോൻെറ സിംഹാസനംതന്നെ ദന്തനിർമ്മിതവും പൊന്നു പൊതിഞ്ഞതുമായിരുന്നു.
(1 രാജാ. 10,1–18)

ശലോമോൻെറ അന്ത്യകാലത്തു് തെററുകാരനായിത്തീർന്നു. ഫറോവിൻെറ പുത്രിയെകൂടാതെ മോവാബിക്കാർ, അമ്മോനിയക്കാർ, ഏദോമ്യക്കാർ, സിദോനിക്കാർ, ഹിത്തായക്കാർ ആദിയായ വിജാതികളിൽപ്പെട്ട അനേകം സ്ത്രീകളെ സ്നേഹിച്ചിരുന്നു. ഇവരെ കൂടാതെ പ്രഭുക്കൻമാരുടെ വംശത്തിൽനിന്നും എഴുന്നൂറു സ്ത്രീകളും മന്നൂറു വെപ്പാട്ടികളുമുണ്ടായിരുന്നു.[4] ഈ സ്ത്രീകളുടെ ആവശ്യപ്രകാരം അസ്തരോത്തു്, മോലേക്കു്, കേമോശ് എന്നിത്യാദി അനവധി ദേവൻമാരെ ഉണ്ടാക്കുകയും അവയ്ക്കായി അനേകം ക്ഷേത്രങ്ങൾ പണികഴിയ്ക്കയും ഓരോന്നിലും അനേകം പൂജാരികളെ നിയമിയ്ക്കുകയും ചെയ്തു. രണ്ടുപ്രാവശ്യം ശലോമോനു പ്രത്യക്ഷപ്പെടുകയും അന്യദേവൻമാരെ പിൻതുടരരുതെന്നു കല്പിക്കയും ചെയ്തിട്ടുള്ള ഇസ്രായേലിൻെറ ദൈവത്തെ ശലോമോൻ വിസ്മരിച്ചുകളഞ്ഞു.[5]

യഹോവാ ഇതിങ്കൽ കോപിച്ചു. ''ഞാൻ രാജ്യത്തെ നിന്നിൽനിന്നു അശേഷം ഛേദിച്ചു് അതു് നിൻെറ ഭൃത്യനു കൊടുക്കും. ദാവീദിനെ ഞാൻ ഓർക്കുന്നതിനാൽ ഇതു നിൻെറ ആയുസിൽ ഞാൻ ചെയ്കയില്ല. നിൻെറ പുത്രൻെറ കാലത്തു രണ്ടുഗോത്രത്തെ നിൻെറ പുത്രനു കൊടുത്തുകൊണ്ടു് പത്തു ഗോത്രത്തെ ഞാൻ നിൻെറ ദാസനു കൊടുക്കും'' എന്നരുളിച്ചെയ്തു.[6] (1 രാജാ. 11,1–14)

യരോബയാം എന്നൊരു ശക്തനുണ്ടായിരുന്നു. ശലോമോൻ അദ്ദേഹത്തെ യൗസേപ്പിൻെറ ഭവനത്തിൻെറ ചുമതലക്കാരനാക്കി. അദ്ദേഹം യെറുശലേമിലേക്കു് പോകുമ്പോൾ അഹിയാ എന്നൊരു ദീർഘദർശിയെ കാൺമാനിടയായി. അദ്ദേഹം യരോബെയാമിനെ ക

www.malankaralibrary.com



ണ്ടപ്പോൾ താൻ പുതച്ചിരുന്ന പുതപ്പെടുത്തു് പന്ത്രണ്ടായി കീറി പത്തു കഷണം യരോബെയാമിനു കൊടുത്തിട്ടു ''യഹോവാ ഇസ്രായേലിൽ പത്തു ഗോത്രത്തെ നിനക്കു തന്നിരിക്കുന്നു'' എന്നു പറഞ്ഞു. ദാവീദിനെ ഓർത്തു എന്നേക്കും അദ്ദേഹത്തിനു് ഒരു വിളക്കായിരിക്കുവാൻ തക്കവണ്ണം രണ്ടുഗോത്രം ശലോമോൻെറ സന്തതികൾക്കിരിക്കട്ടെ, എന്നു പറഞ്ഞു. യരോബെയാം ശലോമോനെ ഭയന്നു മിസ്രയിമിലേക്കു ഓടിപ്പോയി അവിടെ പാർത്തു. (1 രാജാ. 11,26—40)

ശലോമോൻെറ ജ്ഞാനം അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ടു്. ശലോമോൻ മരിച്ചു[7] ദാവീദിൻെറ പട്ടണത്തിൽ അടക്കപ്പെട്ടു.[8] അദ്ദേഹത്തിൻെറ പുത്രനായ രെഹബെയാം രാജാവായി വാഴിക്കപ്പെടുകയും ചെയ്തു.

---

1. യെരുശലേം ദൈവാലയത്തിൽ കാണപ്പെടുന്ന മേഘത്തിൽ ദൈവം പ്രത്യക്ഷപ്പെട്ടിരുന്നു. അതിനാൽ ആ ദൈവാലയം ദൈവം വസിക്കുന്ന ആലയമായി അവർ കരുതിയിരുന്നു. ദൈവം മനുഷ്യനായിത്തീർന്നശേഷം ഇസ്രായേൽക്കാരുടെ കാലത്തേതിനേക്കാൾ എത്രയോ അടുത്തു വിശുദ്ധ കുർബാനയിലിരിക്കുന്നു. എന്നാൽ ദൈവം മുമ്പിലത്തേതിലും വളരെ അകന്നുപോയതായിട്ടാണു് ചിലർ വിചാരിക്കുന്നതു്. യേശു നമ്മെ അനാഥരായി വിട്ടേച്ചല്ല പോയിരിക്കുന്നതു്. അവിടുന്നു എപ്പോഴും നമ്മോടുകൂടെയുണ്ടു്. വിശുദ്ധ കുർബാനയിലെ അപ്പത്തിൻെറയും വീഞ്ഞിൻെറയും സാദൃശ്യത്തിൽ അവിടുന്നു സക്രാരിയിൽ ഇരുന്നുകൊണ്ടു് പള്ളിയിൽ പ്രാർത്ഥിക്കുവാൻ വരുന്ന എല്ലാവരെയും കാണുകയും അവരുടെ പ്രാർത്ഥന കേൾക്കുകയും ചെയ്യുന്നു.

2. ശലോമോൻ യെരുശലേം ദൈവാലയത്തിൻെറ വാതുക്കൽ പുറത്തു നിന്നുകൊണ്ടു് കുമ്പിട്ടും കൈ ഉയർത്തിപ്പിടിച്ചും ഉച്ചത്തിൽ പ്രാർത്ഥിച്ചു. ആ സ്ഥിതിക്കു് കത്തോലിക്കാ ദൈവാലയത്തിൽ കയറുമ്പോൾ അതുപോലെയുള്ള ആദരവു കാണിപ്പാൻ നാം മടിക്കുന്നതെന്തിനു്? പള്ളി മേല്പട്ടക്കാരൻ കൂദാശചെയ്യുന്നു. അതുമൂലം അതു് ദൈവത്തിൻെറ ഭവനവും ആയിത്തീരുന്നു. പള്ളി കൂദാശചെയ്യുന്ന ദിവസം ആണ്ടുതോറും നാം പെരുനാളായി നടത്തുന്നു. അതു് ആ പള്ളിമൂലം നമുക്കു് ആ ആണ്ടിൽ ലഭിച്ച ദൈവകൃപയ്ക്കു സ്തോത്രം കൊടുപ്പാനാകുന്നു. ഇസ്രായേൽ യെരുശലേം പള്ളിപ്പെരുനാൾ ആഘോഷിച്ചതിനേക്കാൾ കൂടുതൽ സന്തോഷകരവും ഉൻമേഷ

www.malankaralibrary.com



രിതവുമായി കത്തോലിക്കാപള്ളിപ്പെരുനാരം നടത്തുവാൻ നമു ക്കു കടമയുണ്ടു്.

3. ദൈവം സർവവ്യാപിയാണെങ്കിലും ദൈവാലയത്തിൽ ഒരു പ്രത്യേകവിധത്തിൽ കൃപയാൽ സ്ഥിതിചെയ്തുകൊണ്ടു് അവിടെ നടത്തപ്പെടുന്ന പ്രാർത്ഥന കേരക്കുകയും പ്രാർത്ഥി ക്കുന്നവർക്കുവേണ്ട കൃപ നൽകുകയും ചെയ്തു. വി. കുർ ബാന എഴുന്നെള്ളിച്ചു വച്ചിട്ടുള്ള ദൈവാലയ സന്ദർശനം തു ടർച്ചയായി നടത്തുന്നതു് അനുഗ്രഹപ്രദമായിരിക്കും.

4. ശലോമോനെപ്പോലെ ഇത്ര വളരെ ദൈവകൃപ ലഭിച്ച ഒരാരം ഇത്ര നികൃഷ്ടമായ ഭയങ്കര പാപത്തിൽ ആണ്ടുപോകുക എന്നതു് വലിയ പരിതാപകരമാണു്. യെരുശലേം ദൈവാലയ പ്രതിഷ്ഠകാലത്തുണ്ടായിരുന്ന അദ്ദേഹത്തിൻെറ പ്രതാപമോർ ക്കുക. അദ്ദേഹത്തിൻെറ പ്രാർത്ഥനയും വിനയവും ദൈവദൃ ഷ്ടിയിൽ എത്രയോ വിലയേറിയതായിരുന്നു. പിന്നീടു് അ തെല്ലാം മന്ദീഭവിക്കുന്നു. അദ്ദേഹം വിഗ്രഹങ്ങരക്കു വേണ്ടി ക്ഷേത്രം പണികഴിപ്പിക്കുന്നു. ഭാര്യമാർ അദ്ദേഹത്തിൻെറ ഹൃ ദയത്തെ അന്യദേവൻമാരിലേക്കു വശീകരിച്ചു എന്നു വേദപുസ് തകത്തിൽ പെട്ടെന്നു തീർത്തുപറഞ്ഞിരിക്കുന്നു. ഭക്തികെട്ട ഉല്ലാസം, വിവിധ ജാതിയിൽപെട്ട സ്ത്രീകളുമായുള്ള സഹവാ സം, പലവിധ വ്യാപാരം, ഇവകളെല്ലാം ദൈവത്തെ മറക്കുവാൻ ശലോമോനെ പ്രേരിപ്പിച്ചു.

5. ലോകസ്നേഹവും ഡംഭും അദ്ദേഹത്തെ മതതീക്ഷ്ണ തയിൽനിന്നും വീഴ്ത്തി. എങ്കിലും ശലോമോൻ ഇത്രമാത്രം മറന്നതെങ്ങനെയെന്നു നാം അതിശയിച്ചുപോകുന്നു. വാർദ്ധ ക്യത്തിൽ ശലോമോൻ സന്തോഷമില്ലാതെ തൻെറ ആയുസ്സു് വളരെ ദു:ഖത്തിൽ കഴിച്ചുകൂട്ടി. ഇക്കാലത്തു ശലോമോൻ വള രെ അനുതപിച്ചിരിക്കണം.

ഒരു മനുഷ്യൻ വിചാരിക്കുന്ന സകലവും ശുഭമായി പര്യവ സാനിക്കുമ്പോരം അയാരം സാവധാനത്തിൽ ദൈവത്തെ മറക്കുക യും പ്രാർത്ഥന, ആരാധന, എന്നിവകളിൽ അലസത കാണി ക്കുകയും ചെയ്യുന്നു. തന്നെയല്ല ദൈവം എന്തിനാണു തന്നെ സൃഷ്ടിച്ചതു് എന്നുള്ള സംഗതിപോലും വിസ്മരിച്ചുപോകു ന്നു. ഇതിനാലാണു് ദൈവം നമുക്കു കഷ്ടതകളും പ്രയാസ ങ്ങളും തരുന്നതു്. നമുക്കുണ്ടാകുന്ന പ്രയാസങ്ങളും കഷ്ടതക ളും എത്രയോ ഉപകാരപ്രദം. സ്വർഗ്ഗത്തിലേക്കു നമ്മുടെ ദൃഷ്ടി ഉയർത്തുവാൻ അവ നമ്മെ സഹായിക്കുന്നു.

6. അവസാനത്തിൽ വളരെ പ്രയാസങ്ങരം വന്നുകൂടിയ പ്പോരം ശലോമോൻ അനുതപിക്കുകയും പ്രായശ്ചിത്തം നടത്തു കയും ചെയ്തുകൊണ്ടു് നാടുനീങ്ങി എന്നാണു് പൂർവ്വപിതാ ക്കരം പറയുന്നതു്.

www.malankaralibrary.com



7. ശലോമോൻ മരിച്ചു എന്നല്ലാതെ എങ്ങനെ മരിച്ചു എന്നു വേദപുസ്തകത്തിൽ പറയുന്നില്ല. വൃദ്ധനായ ശലോമോൻ രാജവസ്ത്രവും കിരീടവും ധരിച്ചവനായി ദൈവാലയത്തിൽ പ്രവേശിച്ചു. കാരകിൽ മരംകൊണ്ടുള്ള തൻെറ വടിമേൽ ചാരി രണ്ടു തൂണുകളുടെ മദ്ധ്യ യാഗപീഠത്തിനു നേരെ നോക്കിക്കൊണ്ടു നിന്നപ്പോൾ ദൈവം തൃക്കൈകൊണ്ടു അദ്ദേഹത്തെ തൊട്ടു എന്നും ശലോമോൻ മരിച്ചവനായി ആ നിലയിൽ തന്നെ നിന്നു പോയി എന്നും ഒരു ഐതീഹ്യമുണ്ടു്. (കൊറാൻ)

3. ശലോമോൻ ക്രിസ്തുവിൻെറ മുൻ മാതൃകകളിൽ പതിമൂന്നാമത്തെ മാതൃകയാകുന്നു. ഹാബേൽ, നോഹ, ഇസഹാക്ക്, യൗസേപ്പു്, യോബു്, മോശ, ദാവീദു് എന്നിവർ കഷ്ടപ്പെടുന്ന ക്രിസ്തുവിൻെറ മാതൃകയാണു്. എന്നാൽ ശലോമോൻ ഉയിർത്തെഴുന്നേററ ക്രിസ്തുവിൻെറ മാതൃകയാണു്.

ശലോമോൻെറ പേരുതന്നെ സമാധാനത്തിൻെറ പ്രഭു എന്നാകുന്നു. ഉയിർത്തെഴുന്നേററ ക്രിസ്തു സാക്ഷാൽ സമാധാനത്തിൻെറ പ്രഭു തന്നെയാണു്. ശലോമോൻ ജ്ഞാനിയായിരുന്നു. ഉയിർത്തെഴുന്നേററു ക്രിസ്തുവും സർവ്വജ്ഞാനിയത്രേ. ശലോമോനു് ധനസമൃദ്ധി ഉണ്ടായിരുന്നു. ക്രിസ്തു അനുഗ്രഹസമൃദ്ധിക്കു് അതുല്യനാണു്.

ശലോമോൻ ദൈവാലയം പണിതു. ക്രിസ്തു തിരുസഭ പണിതു. ശേബാരാജ്ഞി ശലോമോൻെറ ജ്ഞാനം കേൾപ്പാൻ വന്നു് കാഴ്ചകൾ വച്ചു. വിദ്വാൻമാർ യേശുവിനെ കാണ്മാൻ കിഴക്കുനിന്നും വന്നു് കാഴ്ചകൾ വച്ചു. ശലോമോൻ വലിയ ദന്തം, കാഞ്ചനം എന്നിവയാൽ ഉണ്ടാക്കപ്പെട്ട സിംഹാസനങ്ങളിൽ ഇരുന്നു് പല ജാതികളെ ഭരിച്ചു. ക്രിസ്തുവും സ്വർഗ്ഗത്തിൽ ദൈവത്തിൻെറ വലത്തുഭാഗത്തു് മഹിമയുടെ സിംഹാസനത്തിൽ ഇരുന്നുകൊണ്ടു് എല്ലാ ജാതികളെയും വിധിക്കുകയും സ്വർഗ്ഗത്തെയും ഭൂമിയെയും ഭരിക്കുകയും ചെയ്യുന്നു.

ശലോമോൻ എഴുതിയ പ്രസംഗകാരൻെറ പുസ്തകത്തിൽ അദ്ദേഹം തൻെറ ആയുസിൻെറ അന്തിമഘട്ടത്തിൽ ഇങ്ങനെ പറയുന്നു. ''മായ, മായ, മായകളുടെ മായ. ഞാൻ വലിയ സംഗതി ചെയ്തു. വലിയ വീടു പണിതു. മുന്തിരിതോട്ടവും നട്ടുണ്ടാക്കി. ഇതിനു പുറമേ പലതരം മരങ്ങളും പച്ചപിടിപ്പിച്ചു. എൻെറ പൊന്നും വെള്ളിയും ഞാൻ കൂട്ടിവച്ചു. പാട്ടുകാർ എൻെറ ചുററും നിന്നു പാടി. എൻെറ ധനത്തെ കവിയുന്ന ധനമില്ലായിരുന്നു. എൻെറ അറിവും അങ്ങനെതന്നെ. എൻെറ കണ്ണു് ആഗ്രഹിച്ചതെല്ലാം ഞാൻ ചെയ്തു. സന്തോഷം അനുഭവിക്കുന്നതിൽ നിന്നു് ഞാൻ എൻെറ ഹൃദയത്തെ പിൻവലിച്ചില്ല. എന്നാൽ ഇവയെല്ലാം മായയാണു്. ദൈവത്തെ ഭയപ്പെട്ടു അവൻെറ കല്പനകളെ കാത്തുകൊള്ളുക.'' (സഭാപ്ര. 2. 4–11)

www.malankaralibrary.com

# പുതിയനിയമകഥകൾ

## പാഠം 1

## ഓശാനാ ഞായറാഴ്ച

### മത്താ. 21, 1–13, മാർക്കോ. 11, 1–11 ലൂക്കോ. 19, 29–48

സെൻഹെദ്രീംസംഘം യേശുവിനെ യെറുശലേമിൽ നിന്നു് ഓടിച്ചിരുന്നു എങ്കിലും യേശുവിൻെറ കീർത്തിധാവള്യമാവട്ടെ അദ്ദേഹത്തിൽ ജനങ്ങൾക്കുള്ളവിശ്വാസമാവട്ടെ നിർമ്മാർജ്ജനം ചെയ്യുവാൻ അവർക്കു കഴിഞ്ഞിരുന്നില്ല. ''നിങ്ങൾ എന്തു പറയുന്നു. അദ്ദേഹം പെരുനാളിനു വരികയില്ലേ?'' എന്നായിരുന്നു പലരുടെയും തിരക്കം. അങ്ങിനെയിരിക്കുമ്പോൾ യേശു ബഥാനിയായിൽ ഉണ്ടെന്നും മരിച്ചുപോയ ലാസറിനെ ഉയിർപ്പിച്ചു എന്നും ഒരു വാർത്ത കർണ്ണാകർണ്ണികയാ നാടൊക്കെയും പരന്നു. പെസഹാപെരുനാളിനു വന്ന ഒട്ടു വളരെ ജനത്തിൻെറയും ഗമനം ബഥാനിയായിലേക്കായി, യേശുവിൻെറ അനുഗ്രഹവും പ്രാപിക്കാം, ഉയിർത്തെഴുന്നേററ ലാസറിനെയും കാണാം എന്നവർ വിചാരിച്ചു. അടുത്ത ദിവസം യെറുശലേമിലേക്കു യേശു എഴുന്നെള്ളുന്നുണ്ടു്, എന്നായി വേറെ ചിലർ. ജനങ്ങളെല്ലാം ഇളകി വശായി. യേശുവിനെ സ്വീകരിക്കുന്നതിനു ഒരുക്കം തുടങ്ങി.

പിറെറദിവസം ഒരു ഞായറാഴ്ച ആയിരുന്നു. പൂർവ്വദീർഘദർശിമാർ പറഞ്ഞിട്ടുള്ളപ്രകാരം യേശു യെറുശലേമിലേക്കു എഴുന്നെള്ളുവാനായി ബഥാനിയായിലുള്ളസ്വമിത്രങ്ങളുടെ വസതിവിട്ടുനടന്നുതുടങ്ങി. വളരെ ജനക്കൂട്ടവും അദ്ദേഹത്തെ അനുഗമിച്ചിരുന്നു.

ഒലിവുമലയുടെ മുകളിൽ ബസ്ഫോഗായ്ക്കു സമീപിച്ചപ്പോൾ യേശു സ്വശിഷ്യൻമാരിൽ രണ്ടുപേരെ

www.malankaralibrary.com



വിളിച്ചു് അവരോടു് ''നിങ്ങൾ എതിരേ കാണുന്ന ഗ്രാമത്തിലേക്കു ചെല്ലുക. അവിടെ മനുഷ്യർ ആരും കയറീട്ടില്ലാത്തതായ ഒരു കഴുതയെയും അതിനോടു കൂടെ ഒരു കഴുതക്കുട്ടിയെയും ബന്ധിച്ചിരിക്കുന്നതു കാണും. അതിനെ അഴിച്ചുകൊണ്ടുവരുവിൻ. അതിനെക്കുറിച്ചു് ആരെങ്കിലും നിങ്ങളോടു ചോദിച്ചാൽ 'യജമാനനു് ഇതിനെക്കൊണ്ടു ആവശ്യമുണ്ടു്.' എന്നു പറയുവിൻ. അപ്പോൾ അവർ അതിനെ വിട്ടയക്കും'' എന്നു പറഞ്ഞു. തദനുസരണം ശിഷ്യൻമാരായ യാക്കോബും യോഹന്നാനും പോയി തെരുവിൻെറ പുറത്തു വാതുക്കൽ കെട്ടിയിരുന്ന കഴുതയെക്കണ്ടു് അതിനെ അഴിച്ചു. അപ്പോൾ അവിടെ നിന്നവരിൽ ചിലർ നിങ്ങൾ കഴുതയെ അഴിച്ചു് എന്തു ചെയ്‌വാൻ പോകുന്നു എന്നു ചോദിച്ചു. കർത്താവിനു ഇതിനെക്കൊണ്ടു ആവശ്യമുണ്ടു് എന്നു അവർ മറുപടി പറഞ്ഞു.

കഴുതയെ കൊണ്ടുവന്നു് അവർ തങ്ങളുടെ വസ്ത്രങ്ങൾ അതിൻമേൽ വിരിച്ചു. യേശു അതിൻമേൽ കയറി ഇരിന്നു. മററു അനേകരും തങ്ങളുടെ വസ്ത്രങ്ങൾ വഴിയിൽ വിരിക്കുകയും വൃക്ഷത്തൂപ്പുകൾ വെട്ടി വഴിയിൽ നിരത്തുകയും ചെയ്തു. 'ദാവീദു പുത്രനു് ഓശാന, കർത്താവിൻെറ നാമത്തിൽ വന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു, നമ്മുടെ പിതാവായ ദാവീദിൻെറ സമാഗതമായിരിക്കുന്ന രാജ്യം അനുഗ്രഹീതം, അത്യുന്നതങ്ങളിൽ ഓശാനാ' എന്നു പാടി. കുട്ടികൾ കുരുത്തോലകൾ പിടിച്ചു് ആർത്തുവിളിച്ചു. (സങ്കീ 117, 26) അവർ ഇങ്ങനെ ക്രിസ്തുവിനെ എഴുന്നെള്ളിച്ചുകൊണ്ടു ഒലിവുമലയുടെ മുകളിൽക്കൂടി യെറുശലേമിലേക്കു വന്നു. അസൂയക്കാരായ പ്രീശേൻമാർക്കും സൊപ്രേൻമാർക്കും ഈ ഘോഷയാത്ര തീരെ ഇഷ്ടമായില്ല. അവർ അദ്ദേഹത്തോടു് 'ഈ കുട്ടികൾ അട്ടഹസിക്കുന്നതു അവിടുന്നു കേൾക്കുന്നില്ലേ. ഇവർ അടങ്ങിയിരിപ്പാൻ പറയരുതോ?' എന്നു ചോദിച്ചു. യേശു ഉത്തരമായിട്ടു 'ശിശുക്കളുടെയും പൈതങ്ങളു

www.malankaralibrary.com



ടെയും അധരങ്ങളിൽനിന്നു കർത്താവിനു് സ്തുതി സ്ഥിരപ്പെടുത്തപ്പെട്ടു എന്നു എഴുതിയിരിക്കുന്നുവല്ലോ, ഇവർ അടങ്ങി ഇരുന്നാൽ ഈ കല്ലുകൾ അട്ടഹസിക്കും' എന്നു അരുളിച്ചെയ്തു.

അനന്തരം അവിടുന്നു പട്ടണത്തോടു സമീപിച്ചു. അതിനെ നോക്കിക്കൊണ്ടു് നിൻെറ ഈ ദിവസത്തിലെങ്കിലും നിൻെറ സമാധാനത്തിനു പര്യാപ്തമായ സംഗതികൾ നീ അറിഞ്ഞിരുന്നു എങ്കിൽ എത്ര നന്നായിരുന്നു. പക്ഷേ അവ ഇപ്പോൾ നിൻെറ ദൃഷ്ടിയിൽ നിന്നു മറഞ്ഞിരിക്കുന്നു. നിൻെറ സന്ദർശനകാലം നീ അറിയായ്കകൊണ്ടു നിൻെറ ശത്രുക്കൾ നിന്നെ വളഞ്ഞു് നിന്നെയും നിൻെറ മക്കളെയും അതിൽ വച്ചു സംഹരിക്കും. നിന്നിൽനിന്നു് കല്ലിൻമേൽ കല്ലു ശേഷിക്കാതെ നിന്നെ ഇടിച്ചു കളകയും ചെയ്യുന്ന കാലം വരുന്നു' എന്നു വിലപിച്ചരുളിച്ചെയ്തു. യേശു ദൈവാലയത്തിൽ എത്തി. അവിടെ വാങ്ങുകയും വിൽക്കുകയും ചെയ്തിരുന്നവരെയെല്ലാം പുറത്താക്കി. നാണയമാററക്കാരടെ മേശകളും പ്രാവുകളെ വിററിരുന്നവരുടെ പീഠങ്ങളും അവൻ തട്ടിമറിച്ചു.[9] അവൻ അവരോടു ''എൻെറ ഭവനം പ്രാർത്ഥനാലയം എന്നു വിളിക്കപ്പെടും [10]എന്നു എഴുതപ്പെട്ടിരിക്കുന്നു. നിങ്ങളോ അതു മോഷ്ടാക്കളുടെ ഗുഹയാക്കിത്തീർത്തിരിക്കുന്നു' എന്നു അരുളിച്ചെയ്തു. അപ്പോൾ കുരുടൻമാരും മുടന്തൻമാരും ദൈവാലയത്തിൽ അദ്ദേഹത്തെ സമീപിച്ചു. അദ്ദേഹം അവരെയെല്ലാം സൗഖ്യമാക്കി. അനന്തരം യേശു ബഥാനിയായിലേക്കു പോയി അവിടെ രാത്രി താമസിച്ചു.[11]

---

1. യെറുശലേമിലേക്കു ക്രിസ്തു എഴുന്നെള്ളുമെന്നു ദീർഘദർശിമാർ പറഞ്ഞിരുന്നതിനാൽ ശലോമോനെപ്പോലെ രാജമഹിമയോടും പ്രതാപത്തോടും കൂടി ആയിരിക്കുമെന്നായിരുന്നു യഹൂദൻമാർ കരുതിയിരുന്നതു്.

2. ബെസ്ഫോഗായിൽ നിന്നായിരുന്നു പെസഹാ കുഞ്ഞാടിനെ യെരുശലേമിലേക്കു കൊണ്ടുവന്നുകൊണ്ടിരുന്നതു്. അതു പെസഹായ്ക്കു നാലു ദിവസം മുൻപായിരുന്നു. അതിനാല

www.malankaralibrary.com



ത്രേ യേശു പെസഹായിക്കു നാലു ദിവസം മുമ്പുള്ള ഓശാനാ ഞായറാഴ്ച ബെസ്ഫോഗായിൽ നിന്നു യെരുശലേമിലേക്കു് എഴുന്നെള്ളിയതു്.

3. ക്രിസ്തു പകുതി വഴിവരെ കഴുതമേലും പിന്നീടു കഴുതക്കുട്ടിമേലും കയറിയാണത്രേ എഴുന്നെള്ളിയതു്. ക്രിസ്തു എഴുന്നെള്ളിയ കഴുത യെഹൂദജാതിയെയും ആരും കയറിട്ടില്ലാത്ത കഴുതക്കുട്ടി യാതൊരു അധികാരത്തിനും കീഴ്പ്പെട്ടിട്ടില്ലാത്ത പുറജാതിക്കാരെയും സൂചിപ്പിക്കുന്നു. ഈ ഇരു വർഗ്ഗത്തിൽനിന്നും ക്രിസ്തുവിനു അനുയായികളുണ്ടാകുമെന്നു അതു വെളിപ്പെടുത്തി.

4. ''ഓശാനാ'' (ഊശാന) എന്ന വാക്കിന്റെ അർത്ഥം ''വിജയിക്കുക'' എന്നാകുന്നു. ഈ പദത്തിനു കാലക്രമത്തിൽ ദൈവത്തിനു മഹത്വം, കുരുത്തോല, എന്നീ അർത്ഥങ്ങൾ ഉണ്ടായിട്ടുണ്ടു്.

5. കർത്താവിന്റെ നാമത്തിൽ വന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു (സങ്കീ. (117, 26) എന്ന കീർത്തനം മോശയെ ഉദ്ദേശിച്ചു് വളരെക്കാലങ്ങളായി ഇസ്രയേല്യർപാടിവന്നിരുന്നതാണു്. അതു പിന്നീടു് ദാവീദു സങ്കീർത്തനത്തിൽ എടുത്തെഴുതി. മോശ ക്രിസ്തുവിന്റെ മുൻ മാതൃകയായിരുന്നു. അതിനാൽ അത്രേ ഈ സങ്കീർത്തനം കുട്ടികൾ ഇവിടെ പാടുവാൻ ഇടയായതു്. ക്രിസ്തു ഇനിയും രണ്ടാമതും വരുമെന്നുള്ളതുകൊണ്ടു് അതും കൂടെ ചേർത്തു ''ഉയരങ്ങളിൽ ഊശാന, കർത്താവിന്റെ തിരുനാമത്തിൽ വന്നവനും വരുവാനിരിക്കുന്നവനും ആയവൻ വാഴ്ത്തപ്പെട്ടവനാകുന്നു.'' എന്നു കൗമാ പ്രാർത്ഥനയിൽ നാം ചൊല്ലുന്നു.

6. യെഹൂദപ്രമാണികൾക്കും ശാസ്ത്രികൾക്കും യേശുവിനെ വിശ്വസിക്കാൻ കഴിഞ്ഞില്ല. എന്നാൽ ശിശുക്കൾക്കു അദ്ദേഹത്തിനു ഓശാന പാടുവാൻ സാധിച്ചു. ദിവ്യകാര്യങ്ങൾ ലൗകികപ്രമാണികളിൽനിന്നു മറഞ്ഞും ശിശുക്കളെപ്പോലെ പരമാർത്ഥികളായവർക്കു വെളിപ്പെട്ടും ഇരിക്കുന്നതാണു്.

ക്രിസ്തുവിന്റെ ഈ എതിരേൽപ്പിൽ രണ്ടു കൂട്ടം ജനങ്ങൾ ഉണ്ടായിരുന്നു. ഒരു കൂട്ടർ അസൂയക്കാരായ സൊപ്രേൻമാരും പ്രീശേൻമാരും. മറ്റെക്കൂട്ടർ ക്രിസ്തുവിനു ഓശാന പാടിയവർ. നീ ഇതിൽ ഏതു കൂട്ടത്തിൽ ഉൾപ്പെടുന്നുവെന്നു ചിന്തിക്കുക.

7. ഈ കല്ലുകൾ എന്നു പറയുന്നതു് വിഗ്രഹാരാധനക്കാരായ പുറജാതികളെ സൂചിപ്പിക്കുന്നു. യഹൂദക്കുഞ്ഞുങ്ങൾ ക്രിസ്തുവിനു ഓശാന പാടിയില്ലെങ്കിൽ പുറജാതിക്കുഞ്ഞുങ്ങൾ അതു പാടുമെന്നു് അർത്ഥം.

www.malankaralibrary.com



8. ദൈവാലയത്തിൽ പ്രവേശിച്ചു എന്നു പറയുന്നതു് വിശുദ്ധ സ്ഥലത്തോ മഹാ വിശുദ്ധ സ്ഥലത്തോ അല്ല. ബലിപീഠം നിന്നിരുന്നതും ബലി കഴിച്ചുവന്നിരുന്നതുമായ പ്രകാരത്തിലായിരുന്നു.

9. യേശു ദൈവാലയത്തിൽ പ്രവേശിച്ചു് വ്യാപാരികളെയും മററും നിഷ്ക്കാസനം ചെയ്തതുപോലെ നാം പ്രാർത്ഥിക്കാനായി വരുമ്പോഠം നമ്മുടെ ഹൃദയത്തിൽനിന്നും ലൗകിക ചിന്തകളെ അകററി നിറുത്തേണ്ടതാകുന്നു.

10. യഹൂദദൈവാലയം ദൈവത്തിൻെറ ഹിതം അനുസരിച്ചു പണിയിക്കപ്പെട്ടതും ദൈവസാന്നിദ്ധ്യം കാണിക്കുന്നതുമാകയാൽ ''എൻെറ ആലയം'' എന്നു ക്രിസ്തു പറയുന്നു. ക്രിസ്തീയ ദൈവാലയം മെത്രാൻ കൂദാശ ചെയ്തതാകയാലും അതിൽ എഴുന്നെള്ളിക്കപ്പെടുന്ന വി. കുർബാനയിൽ ക്രിസ്തുവിൻെറ യഥാർത്ഥ സാന്നിദ്ധ്യം ഉള്ളതുകൊണ്ടും എൻെറ ആലയമെന്നുള്ള സംബോധന അതിനു യഹൂദദൈവാലയത്തെക്കാഠം എത്രയോ അനുയോജ്യമായിരിക്കുന്നു.

11. ക്രിസ്തു യറുശലേമിൽ രാജാവായി എഴുന്നെള്ളിയതുപോലെ നമ്മുടെ ആന്തരിക യെരുശലേം ആയ ഹൃദയത്തിൽ ക്രിസ്തു രാജാവായി എഴുന്നെള്ളുവാൻ നാം വേണ്ട ഒരുക്കം സദാപി വിശിഷ്യ ഓശാനാദിവസം ചെയ്യണം.

യെരുശലേമിൽ ക്രിസ്തുവിനൊരുക്കിയിരുന്ന സിംഹാസനം കുരിശായിരുന്നു. തൻമൂലം യെറുശലേം മുപ്പത്തിഏഴു് വർഷങ്ങളുടെ ശേഷം നശിക്കപ്പെടുവാനിടയായി. നീ യേശുവിനായി ഒരുക്കുന്നതു പാപം നിറഞ്ഞ ഹൃദയമോ വിശുദ്ധിയുള്ള ഹൃദയമോ?

## പാഠം 2

## പെസഹാ

### മത്തായി 26, 17–28 മർക്കോ 14, 22–26 ലൂക്കോ. 22, 1–23

ക്രിസ്തുവിൻെറ മുപ്പത്തിമൂന്നാമത്തെ തിരുവയസ്സിലെ പെസഹാ[1] സമീപിച്ചു. പെസഹാപെരുനാളിൻെറ ഒരുക്കദിവസം (യോഹ. 19, 14) സകല പുളിപ്പുകളും യഹൂദഭവനങ്ങളിൽ നിന്നു് മാററുകയും

www.malankaralibrary.com



ഭവനത്തിന്റെ ഒരു ഭാഗത്തു് കുറെ പുളിച്ച അപ്പം വച്ച ശേഷം വീട്ടിലുള്ളവർ വിളക്കു കൊളുത്തി ഭവനം മുഴുവൻ പരിശോധിച്ചു. ഒടുവിൽ ആ പുളിച്ച അപ്പം കണ്ടുപിടിക്കയും അതു് അവിടെ നിന്നുമെടുത്തു ആഘോഷത്തോടുകൂടി വീട്ടിൽ നിന്നു മാററുകയും ചെയ്യും. ഇങ്ങനെ ഒരു ചടങ്ങു് പെസഹാ പെരുനാളിന്റെ ഒന്നാം ദിവസം അവർ നിവർത്തിച്ചുവന്നിരുന്നു.

ആ ഒരുക്കദിവസമായപ്പോഠ യേശുവിന്റെ ശിഷ്യൻമാർ വന്നു ''നാം പെസഹാ ഒരുക്കേണ്ടതു് എവിടെയാണു്'' എന്നു ചോദിച്ചു. അതിനു യേശു തന്റെ ശിഷ്യൻമാരിൽ രണ്ടുപേരെ വിളിച്ചു് അവരോടു, നിങ്ങഠ പട്ടണത്തിലേക്കു ചെല്ലുവിൻ. അപ്പോഠ ഒരു കുടം വെള്ളവും ചുമന്നുകൊണ്ടു് ഒരുവൻ നിങ്ങഠക്കു എതിരേ വരും;അവന്റെ പിന്നാലെ ചെന്നു് അവൻ പ്രവേശിക്കുന്ന ഭവനത്തിന്റെ ഉടമസ്ഥനോടു് 'ഞാൻ എന്റെ ശിഷ്യൻമാരോടുകൂടെ നിന്റെ അടുക്കൽ പെസഹാ കഴിപ്പാൻ വരുന്നു. അതിനുള്ള സ്ഥലം എവിടെയാണു്?' എന്നു ചോദിപ്പിൻ അപ്പോഠ അവൻ വിരിച്ചൊരുക്കിയ ഒരു വൻമാളിക നിങ്ങഠക്കു കാണിച്ചുതരും. അവിടെ നമുക്കായി ഒരുക്കുവിൻ'' എന്നു പറഞ്ഞയച്ചു. പത്രോസും യോഹന്നാനും പോയി കർത്താവു കല്പ്പിച്ചപ്രകാരം കാണുകയും അവിടെ പെസഹാ ഒരുക്കുകയും ചെയ്തു. പെസഹാകുഞ്ഞാടിനെ കൊല്ലുന്ന സമയം ക്രിസ്തു ക്രൂശിൽ മരിക്കേണ്ടതായതുകൊണ്ടു് അതിന്റെ മുമ്പിലത്തെ സന്ധ്യാസമയത്തായിരുന്നു ക്രിസ്തു ഈ പെസഹാ കഴിച്ചതു്. (യോഹ. 18, 28–19, 14)

സന്ധ്യയായപ്പോഠ യേശു പന്തിരുവരുമായി ചെന്നു പെസഹാഭക്ഷണത്തിനിരുന്നു. അവർ ഭക്ഷിച്ചുകൊണ്ടിരിക്കുമ്പോഠ യേശു അവരോടു ''എന്നോടുകൂടെ ഭക്ഷിക്കുന്ന നിങ്ങളിൽ ഒരുവൻ എന്നെ ഒററിക്കൊടുക്കുമെന്നു് സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു'' എന്നു അരുളിച്ചെയ്തു. അവർക്കെല്ലാവർ

www.malankaralibrary.com



ക്കും അതു ഖേദമായിത്തീർന്നു. ''കർത്താവേ, അതു് ഞാനോ, ഞാനോ'' എന്നു ഓരോരുത്തരും ചോദിച്ചു. ''എന്നോടുകൂടെ താലത്തിൽ കൈ മുക്കുന്നവൻ എന്നെ ഒററികൊടുക്കും'' എന്നു യേശു അരുളിച്ചെയ്തു. ''മനുഷ്യപുത്രൻ അദ്ദേഹത്തെക്കുറിച്ചു് എഴുതിയിരിക്കുന്ന പ്രകാരം പോകുന്നു. എന്നാൽ ആരു് അദ്ദേഹത്തെ ഒററിക്കൊടുക്കുന്നുവോ ആ മനുഷ്യനു് ഹാ! കഷ്ടം, അവൻ ജനിക്കാതിരിക്കുകയായിരുന്നു അവനു നന്നു്'' എന്നു അരുളിച്ചെയ്തു.

അനന്തരം തങ്ങളിൽ ആരു വലിയവൻ എന്നൊരു മാൽസര്യവും ശിഷ്യൻമാരുടെ ഇടയിൽ ഉണ്ടായി. അപ്പോഠ യേശു അവരോടു ''വിജാതീയരുടെ രാജാക്കൻമാർ അവരുടെ മേൽ കർതൃത്വം നടത്തുന്നു. അധികാരം പ്രവർത്തിക്കുന്നവർ ജനോപകാരികഠ എന്നു വിളിക്കപ്പെടുകയും ചെയ്യുന്നു. എന്നാൽ നിങ്ങളാവട്ടെ അപ്രകാരമരുതു്. നിങ്ങളിൽ അധികം വലിയവനായിരിക്കുന്നവൻ അധികം ചെറിയവനെപ്പോലെയും നായകനായിരിക്കുന്നവൻ ശുശ്രൂഷക്കാരനെപ്പോലെയും ആയിരിക്കണെ''മെന്നരുളിച്ചെയ്തു.

യഹൂദൻമാർ വിരുന്നു കഴിക്കുമ്പോഠ ചില സമയം ഒരു വേലക്കാരൻ വന്നു മാന്യൻമാരായ അതിഥികളുടെ പാദപ്രക്ഷാളനം നടത്തുക പതിവുണ്ടു്. തദനുസരണം യേശു തൻെറപുറംകുപ്പായം മാററിവച്ചിട്ടു് ഒരു തൂവാല എടുത്തു അരയിൽ ചുററി ഒരു പാത്രത്തിൽ വെള്ളമൊഴിച്ചു് ശിഷ്യൻമാരുടെ പാദങ്ങഠ കഴുകി അരയിൽ കെട്ടിയിരുന്ന തൂവാലകൊണ്ടു് തുടച്ചു തുടങ്ങി. എന്നാൽ പത്രോസിൻെറ അടുക്കൽ വന്നപ്പോഠ പത്രോസ്, ''അവിടുന്നു് എൻെറ കാൽ കഴുകുകയോ?'' എന്നു ചോദിച്ചു. അതിനു് യേശു ''ഞാൻചെയ്യുന്നതെന്താണെന്നു ഇപ്പോഠ നീ അറിയുന്നില്ല. എന്നാൽ പിന്നീടു് അറിയും'' എന്നു പറഞ്ഞു. അതിനു പത്രോസ് ''ഒരു നാളും അങ്ങു് എൻെറ പാദങ്ങഠ കഴുകരുതെ''ന്നു പറഞ്ഞു. ''ഞാൻ നിന്നെ കഴു

www.malankaralibrary.com



കാത്തിരുന്നാൽ നിനക്കു് എന്നോടു ഒരുമിച്ചു ഓഹരിയില്ല'' എന്നു കല്പിച്ചു. അപ്പോഠം പത്രോസു് ''എന്നാൽ എൻെറ കാൽ മാത്രമല്ല എൻെറ തലയും കൂടെ കഴുകണമെ'' എന്നു പറഞ്ഞു. ''കുളിച്ചിരിക്കുന്നവനു് കാൽ മാത്രം കഴുകിയാൽ മതി. അവൻ മുഴുവൻ വിശുദ്ധിയുള്ളവൻ. എന്നാൽ എല്ലാവരും അല്ല. ആകയാൽ കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ പാദങ്ങഠം കഴുകി എങ്കിൽ നിങ്ങളും പരസ്പരം പാദങ്ങഠം കഴുകേണ്ടതാകുന്നു. എന്തെന്നാൽ ഭൃത്യൻ യജമാനനെക്കാഠം വലിയവനല്ല. ശിഷ്യൻ ഗുരുവിനെക്കാഠം മികച്ചവനുമല്ല. ഞാൻ അയക്കുന്നവനെ സ്വീകരിക്കുന്നവൻ എന്നെ സ്വീകരിക്കുന്നു. എന്നെ സ്വീകരിക്കുന്നവൻ എന്നെ അയച്ചവനെ സ്വീകരിക്കുന്നു'' എന്നു യേശു അരുളിച്ചെയ്തു.

കാൽ കഴുകിയശേഷം പുറംകുപ്പായം ധരിച്ചു യേശു വീണ്ടും മേശക്കിരുന്നു. ആദ്യമായി സ്തോത്ര പ്രാർത്ഥന നടത്തി. പിന്നീടു വീഞ്ഞു, ചീര മുതലായവ കഴിച്ചു. അവൻ അവരോടു് അരുളിച്ചെയ്തു: ''ഞാൻ പീഡ അനുഭവിക്കുന്നതിനു മുമ്പു് ഈ പെസഹാ നിങ്ങളോടുകൂടി ഭക്ഷിക്കുവാൻ അത്യധികം ആഗ്രഹിച്ചു. എന്തെന്നാൽ ദൈവരാജ്യത്തിൽ ഇതു് പൂർത്തിയാക്കുന്നതുവരെ ഇനി ഞാൻ ഇതു ഭക്ഷിക്കുകയില്ലെ''ന്നു് നിങ്ങളോടു പറയുന്നു. അവൻ പാനപാത്രം എടുത്തു സ്തോത്രം ചെയ്തു അരുളിച്ചെയ്തു: ''ഇതു വാങ്ങി നിങ്ങഠം തമ്മിൽ ഭാഗിക്കുവിൻ. നിങ്ങളോടു് ഞാൻ പറയുന്നു: ദൈവരാജ്യം വരുന്നതുവരെ ദ്രാക്ഷാരസത്തിൽ നിന്നു ഞാൻ കുടിക്കുകയില്ല[2].'' അങ്ങനെ അവർ ഭക്ഷിക്കുമ്പോഠം യേശു അപ്പമെടുത്തു വാഴ്ത്തി നുറുക്കി ശിഷ്യൻമാർക്കു കൊടുത്തു ''വാങ്ങി ഭക്ഷിക്കുവിൻ ഇതു എൻെറ ശരീരമാകുന്നു'' എന്നു അരുളിച്ചെയ്തു. തദനന്തരം വീഞ്ഞെടുത്തു വാഴ്ത്തിക്കൊടുത്തു അവരോടു് അരുളിച്ചെയ്തു ''ഇതു് എൻെറ രക്തമാകുന്നു[3]. വാങ്ങി പാനം ചെയ്യുവിൻ. ഇതു പാപപരിഹാരത്തിനായി അനേകർ

www.malankaralibrary.com



ക്കുവേണ്ടി ചിന്തപ്പെടുന്ന പുതിയനിയമപ്രകാരമുള്ള രക്തമാകുന്നു, ഞാൻ വരുന്നതുവരെ എന്റെ ഓർമ്മക്കായി ഇപ്രകാരം ചെയ്‌വീൻ'' എന്നു കല്പിച്ചു. ഇപ്രകാരം അപ്പത്തിനും വീഞ്ഞിനും സാരാംശഭേദം വരുത്തി തന്റെ തിരുശരീരരക്തങ്ങളാക്കി മാററി. തിരുശരീരവും തിരുരക്തവും വേർപെടുത്തി തന്റെ മരണത്തെ സൂചിപ്പിച്ചുകൊണ്ടു് പഴയനിയമത്തിലെ പെസഹാക്കുഞ്ഞാടിനെ കൊന്നുകൊണ്ടുള്ള ബലി4 നിർത്തൽ ചെയ്തു് തന്നെ തന്നെ പരമപിതാവിനു് ബലി അർപ്പിച്ചു. ഇതത്രെ ലോകാവസാനംവരെ തുടർന്നുകൊണ്ടുപോകേണ്ട പുതിയനിയമത്തിലെ പെസഹായും ഏകബലിയും.

---

1. ''പെസഹാ'' എന്ന വാക്കിന്റെ അർത്ഥം ''കടന്നുപോക്കു്'' എന്നാകുന്നു. ഇസ്രായേൽ ജനം മിസ്രയിമിന്റെ അടിമത്തം വിട്ടു് പുറപ്പെട്ട കാലത്തു് മിസ്രയിംകാരുടെ ആദ്യജാതൻമാരെ സംഹരിച്ച സംഹാരദൂതൻ ഇസ്രായേൽക്കാരുടെ ഭവനങ്ങളിൽ കയറാതിരിക്കുവാനായി ദൈവകല്പനപ്രകാരംകുഞ്ഞാടിനെ കൊന്നു് അതിന്റെ രക്തം കട്ടളപ്പടികളിൽ തളിച്ചിരുന്നു. സംഹാരദൂതൻ അതുകണ്ടു് ആ വീട്ടിൽ കയറാതെ ഒഴിഞ്ഞുപോയി. ഇതിന്റെ സ്മാരകമായി ആചരിച്ചുവന്നതാണു് പെസഹാ.

2. ''മേലിൽ മുന്തിരിയുടെ ഈ ഫലത്തിൽ നിന്നു ഞാൻ ഭക്ഷിക്കുകയില്ല'' എന്നു് പറയുന്നതു പഴയ പെസഹായിലെ വീഞ്ഞിനെപ്പററിയാണു്; അല്ലാതെ വി. കുർബാനയെപ്പററിയല്ല.

3. കർത്താവു അപ്പം എടുത്തു വാഴ്ത്തി ''ഇതെന്റെ ശരീരമാകുന്നു'' എന്നു കല്പിച്ചു. സ്വശക്തമായ ഈ വാക്കുകളാൽ അപ്പത്തിൽ സാരാംശഭേദമാണു് അപ്പോൾ സംഭവിച്ചതു്. അപ്രകാരം വീഞ്ഞിലും സാരാംശഭേദമുണ്ടായി. അപ്പത്തിന്റെയും ദ്രാക്ഷാരസത്തിന്റെയും ആകൃതിയും ഗുണവും അതേവിധം നിറുത്തിക്കൊണ്ടു് ആ ഗുണങ്ങൾ അന്തർഭവിച്ചിരിക്കുന്ന അതിന്റെ സാരാംശം അത്രയും യേശുവിന്റെ സാക്ഷാൽ ശരീരവും രക്തവുമായി. ഇതു ഇന്ദ്രിയങ്ങൾക്കു് അഗോചരമാണെങ്കിലും ദൈവം വ്യക്തമായി വെളിപ്പെടുത്തി കല്പിച്ചിരിക്കുന്നതിനാൽ ഈ സാരാംശഭേദത്തിന്റെ യാഥാർത്ഥ്യത്തെ നാം വിശ്വസിക്കുന്നു.

4. പഴയനിയമത്തിലെ ബലികൾ ദിവ്യരക്ഷകന്റെ ബലിയുടെ സദൃശവും ജ്ഞാപകവുമായിരുന്നു. എങ്കിലും വരുവാ

www.malankaralibrary.com



നിരുന്ന ക്രിസ്തുവിലുള്ള പ്രത്യാശയോടെ അതു അനുഷ്ഠിച്ച വർക്കു് യഥാർത്ഥബലിയുടെ ഫലം ഉണ്ടായിരുന്നുവല്ലോ.

ദൈവത്തിനു സമർപ്പിക്കുന്ന ബലിസാധനത്തിനു് ഉപ്പു ചേർത്തിരിക്കണം. (ലേവി. 2, 18) കുർബാനയ്ക്കുള്ള അപ്പത്തിൽ പൗരസ്ത്യറീത്തുകാർ ഉപ്പു ചേർക്കുക പതിവാണു്.

## പാഠം 3

# ഗദസീമോൻ തോട്ടം

## (ലൂക്കാ. 22, 31–40, യോഹ. 17, 1–9)

യേശുവും ശിഷ്യൻമാരും മാളികമുറിയിൽനിന്നും ഗദസീമോൻ തോട്ടത്തിലേക്കു തിരിച്ചു.. അപ്പോൾ കർത്താവു് ശിമോനോടു അരുളിചെയ്യുന്നു. 'ശിമോനേ, ഇതാ ഗോതമ്പുപോലെ നിങ്ങളെ പാററുവാനായി സാത്താൻ ആവശ്യപ്പെട്ടു. എന്നാൽ നിൻെറ വിശ്വാസം ക്ഷയിച്ചുപോകാതിരിക്കുവാനായി ഞാൻ നിനക്കു വേണ്ടി പ്രാർത്ഥിച്ചിട്ടുണ്ടു്[1]. ആകയാൽ നീ ഒരിക്കൽ തിരിഞ്ഞുവന്നിട്ടു് നിൻെറ സഹോദരൻമാരെ വീണ്ടും ഉറപ്പിച്ചുകൊള്ളുക[2].' അപ്പോൾ പത്രോസ്, 'കർത്താവേ, അവിടുത്തെ കൂടെ മരിപ്പാനും ഞാൻ തയ്യാറാണു്' എന്നുപറഞ്ഞു. അതിനു് കർത്താവു് 'ഇന്നു് പൂവൻകോഴി രണ്ടു പ്രാവശ്യം കൂവുന്നതിനു മുമ്പു് നീ മൂന്നു പ്രാവശ്യം എന്നെ തള്ളിപ്പറയും[3]' എന്നു പറഞ്ഞു. അനന്തരം യേശു അവരോടു് 'ഞാൻ നിങ്ങളെ പണവും കുപ്പായവും ചെരിപ്പും കൂടാതെ അയച്ചിരുന്നുവല്ലോ. എന്നിട്ടു് നിങ്ങൾക്കു് വല്ല കുറവും വന്നുവോ' എന്നു ചോദിച്ചു. 'ഒന്നുമില്ല' എന്നു് അവർ പറഞ്ഞു. 'എന്നാൽ ഇപ്പോൾ മുതൽ മടിശീലയുള്ളവൻ അതെടുക്കട്ടെ. അങ്ങനെ തന്നെ ഭാണ്ഡവും എടുത്തുകൊള്ളട്ടെ. വാളില്ലാത്തവൻ തൻെറ വസ്ത്രം വിററു് തനിക്കായി വാൾ വാങ്ങിക്കൊള്ളട്ടെ[4]. എന്തെന്നാൽ ഞാൻ ദുഷ്ടൻമാരോടുകൂടെ എണ്ണപ്പെടും എന്നു് എഴുതിയിരിക്കുന്നു. അതു കൂടെയും എന്നിൽ

www.malankaralibrary.com



നിവർത്തിക്കണമെല്ലോ' എന്നരുളിച്ചെയ്തു. അവർ അദ്ദേഹത്തോടു് 'ഇതാ ഇവിടെ രണ്ടുവാളുണ്ടു്'[5] എന്നു പറഞ്ഞു. യേശു ''മതി'' എന്നു പറഞ്ഞിട്ടു് സ്വനേത്രങ്ങളെ ആകാശത്തേക്കുയർത്തി 'പിതാവേ, നാഴിക വന്നിരിക്കുന്നു. നിൻെറ പുത്രനെ മഹത്വപ്പെടുത്തണമെ. ഞാൻ നിന്നിലും നീ എന്നിലും ആയിരിക്കുന്നപോലെ ഇരുവരും നമ്മിൽ ഒന്നാകണമേ[6]. ഇവരുടെ വചനങ്ങളാൽ എന്നിൽ വിശ്വസിക്കുന്നവരും ഒന്നായിരിക്കുന്നതിനു് അവർക്കായിട്ടുമത്രെ ഞാൻ അപേക്ഷിക്കുന്നതു്'' എന്നു പ്രാർത്ഥിച്ചു.

അവർ ഒലിവുമലക്കു അരികെയുള്ള ഗദസീമോൻ തോട്ടത്തിലെത്തി. തോട്ടത്തിൽ പ്രവേശിച്ച ശേഷം 'ഞാൻ പോയി പ്രാർത്ഥിക്കുവോളം നിങ്ങൾ ഇവിടെ ഇരിപ്പിൻ' എന്നുപറഞ്ഞിട്ടു് പത്രോസ്, യോഹന്നാൻ, യാക്കോബു് എന്നീ ശിഷ്യൻമാരെയും കൂട്ടികൊണ്ടു് പോയി. ആ മൂന്നു ശിഷ്യൻമാരോടു് 'എൻെറ ആത്മാവു് മരിക്കുവാൻ തക്കവണ്ണം ദുഃഖത്തിലായിരിക്കുന്നു. നിങ്ങൾ ഇവിടെ ഉണർന്നിരിപ്പീൻ എന്നു് പറഞ്ഞു. അനന്തരം അവിടെ നിന്നു് ഏകനായി അല്പം മുന്നോട്ടു പോയി സാഷ്ടാംഗം വീണു്, 'കർത്താവേ, കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്നും അകന്നുപോകട്ടെ. എങ്കിലും ഞാൻ ആഗ്രഹിക്കുന്നപ്രകാരമല്ല, അവിടുത്തെ തിരുവിഷ്ടം പോലെ നടക്കുമാറാകട്ടെ' എന്നിങ്ങനെ പ്രാർത്ഥിച്ചു.

അനന്തരം അവിടെ നിന്നും എഴുന്നേററു് ശിഷ്യൻമാരുടെ സമീപം വന്നപ്പോൾ അവർ ഉറങ്ങുന്നതായി കണ്ടു. കീപ്പായോടു്, ''ഒരു മണിക്കൂർ നേരം എന്നോടു കൂടെ ഉണർന്നിരിപ്പാൻ നിനക്കു് കഴിയുകയില്ലയോ? നിങ്ങൾ പരീക്ഷയിൽ വീഴാതിരിപ്പാൻ ഉണർന്നിരുന്നു് പ്രാർത്ഥിപ്പിൻ'' എന്നു പറഞ്ഞിട്ടു് യേശു വീണ്ടും പോയി പ്രാർത്ഥിച്ചു. തൻെറ മേൽ താൻ തന്നെ ഏററ പാപഭാരവും അതിൻെറ ചൂടും നിമത്തം വിയർപ്പുതുള്ളികൾ രക്തക്കണികകളായി നിലത്തുവീണു.

www.malankaralibrary.com



മനുഷ്യവർഗ്ഗത്തിന്റെ അതികഠിനവും ദുഃഖപൂരിതവു മായ പാപച്ചുമടു് അദ്ദേഹം വഹിച്ചപ്പോൾ അദ്ദേഹത്തെ ആശ്വസിപ്പാനായി പിതാവായ ദൈവം ഒരു ദൈവദൂത നെ അയച്ചു. വ്യാകുലങ്ങളിൽ നിന്നും താൻ വേർപെട്ട പ്പോൾ യേശു എഴുന്നേററു് ശിഷ്യൻമാരുടെ അടുക്കൽ വന്നു. അപ്പോഴും അവരെ ഉറങ്ങുന്നവരായി കണ്ടു. ഇങ്ങനെ മൂന്നാം തവണ കഴിഞ്ഞപ്പോൾ യേശു അവരോ ടു് 'ഇനി നിങ്ങൾ ഉറങ്ങി ആശ്വസിച്ചുകൊള്ളുവിൻ. ഇതാ! മനുഷ്യപുത്രൻ പാപികളുടെ കയ്യിൽ ഏല്പി ക്കപ്പെടുവാനുള്ള നാഴിക വന്നിരിക്കുന്നു' എന്നരുളി ച്ചെയ്തു.

---

1. ''നിന്റെ വിശ്വാസം ക്ഷയിച്ചുപോകാതിരിപ്പാൻ ഞാൻ പ്രാർത്ഥിച്ചിട്ടുണ്ടു്'' എന്നു് ക്രിസ്തു പറയുന്നതി ന്റെ അർത്ഥം, വിശ്വാസത്തിന്റെ അപ്രമാദിത്വവരം നിന്നിൽ സ്ഥിതി ചെയ്യുവാൻ ഞാൻ പ്രാർത്ഥിച്ചിട്ടുണ്ടെന്നാണു്. വി. പത്രോസും പത്രോസിന്റെ പിൻഗാമികളായ മാർപ്പാപ്പാമാരും വ്യക്തിപരമായ ഏതെല്ലാം വീഴ്ചകളിൽ പെട്ടാലും വിശ്വാസ വും സൻമാർഗ്ഗവും പഠിപ്പിക്കുന്ന വിഷയത്തിൽ അപ്രമാദി ത്വവരമുള്ളവരായി സ്ഥിതി ചെയ്യുന്നു.

2. ''സഹോദരൻമാരെ ഉറപ്പിക്കുക.'' ശേഷമുള്ള ശ്ലീഹൻ മാരെ എല്ലാവരെയും ഉറപ്പിക്കുവാനുള്ള അധികാരവും കടമയും പത്രോസിനു് നൽകപ്പെട്ടു. ഇതിനാൽ എല്ലാക്കാര്യത്തിലും ശ്ലീഹൻമാർ സമൻമാരല്ലെന്നും പത്രോസിനു് പ്രത്യേകമായി പര മാധികാരം കൂടിയുണ്ടെന്നും തെളിയുന്നു.

3. പത്രോസിന്റെ ശക്തിഹീനത കർത്താവറിഞ്ഞിരുന്നു. എന്നാൽ പത്രോസിനതറിഞ്ഞുകൂടായിരുന്നു. ക്രിസ്തുവി നോടുകൂടെ മരിക്കേണ്ടതായി വന്നാലും വിശ്വസ്തനായി നിൽ ക്കുമെന്നായിരുന്നു പത്രോസ് വിചാരിച്ചതു്. ഒടുവിൽ പരീ ക്ഷിക്കപ്പെട്ടപ്പോഴാണു് പത്രോസ് വിചാരിച്ചിരുന്നതുപോ ലെയുള്ള ആത്മബലം പത്രോസിനില്ലെന്നു് അദ്ദേഹംതന്നെ മന സിലാക്കിയതു്. അപ്പോൾ മുതൽ പത്രോസ് കൂടുതൽ കരു തുകയും ഒടുവിൽ തല കീഴായി ക്രൂശിക്കപ്പെട്ടിട്ടുപോലും ക്രി സ്തുവിനെ ഉപേക്ഷിക്കാതിരിക്കയും ചെയ്തു. അതിനാൽ

www.malankaralibrary.com



''ഞാൻ മാനസാന്തരപ്പെട്ടു. ഇനി ഞാൻ പാപത്തിൽ വീഴുകയി ല്ല'' എന്നു പറഞ്ഞു് ആരും സമാശ്വസിക്കരുതു്. നാം മാനസാന്തരപ്പെട്ടാലും നമ്മുടെ ബലഹീനതയാൽ നാം വീണ്ടും പാപത്തിൽ വീഴാം. അതിനാൽ നാം എപ്പോഴും കരുതലുള്ളവരായിരിക്കണം.

4. വാറം വാങ്ങട്ടെ:— അതായതു ഒന്നുമില്ലാതെ വേദപ്രചാരണവേലയ്ക്കായി ശിഷ്യൻമാരിൽ ഈരണ്ടുപേരെ വീതമയച്ചിട്ടു ഒരുത്തർക്കും ഒന്നിനും ബുദ്ധിമുട്ടുണ്ടായില്ല. എന്തെന്നാൽ യേശു അതെല്ലാം നിർവ്വഹിച്ചിരുന്നു. ദീർഘദർശനങ്ങളുടെ നിവർത്തിക്കായി ഇപ്പോറം യേശു കള്ളൻമാരോടു കൂടെ എണ്ണപ്പെടുവാനും ക്രൂശിക്കപ്പെടുവാനും പോകയാണു്. ഏററവും പ്രയാസമേറിയ പരീക്ഷണഘട്ടം വരുന്നു എന്നും അതിനാൽ ഇന്നുമുതൽ അവർ വേണ്ട കരുതലോടുകൂടിയിരിക്കണം എന്നും അറമായ ഭാഷാശൈലിയിൽ യേശു ഉപദേശിക്കുന്നു.

5. കർത്താവേ, രണ്ടു വാറം ഇവിടെ ഉണ്ടു്. അതു പോരെയോയെന്നു് ശിഷ്യൻമാർ പറയുന്നു. ഈ ഉത്തരം കേട്ടപ്പോറം ക്രിസ്തു കല്പിച്ചതിന്റെ അർത്ഥം അവർ ഗ്രഹിച്ചില്ലെന്നു് മനസ്സിലായി സംഭാഷണം മതിയാക്കാം എന്ന അർത്ഥത്തിൽ ''മതി'' എന്നു യേശു പറഞ്ഞു സംഭാഷണം അവസാനിപ്പിക്കയും ചെയ്തു.

''വാളെടുക്കുന്നവൻ വാളാൽ വീഴും'' എന്നു ഗുണദോഷിച്ച ക്രിസ്തു യുദ്ധത്തിനുള്ള വാറം കരുതുവാൻ ശ്ലീഹൻമാരോടു ഉപദേശിച്ചതായോ രണ്ടു വാറം മതിയെന്നു കല്പ്പിച്ചതായോ വ്യാഖ്യാനിക്കാൻ പാടില്ല.

6. ''ഇവർ ഒന്നായിരിക്കണമെ'' എന്നു യേശു സ്വശിഷ്യൻമാർക്കുവേണ്ടി പ്രാർത്ഥിക്കുന്നു. ക്രിസ്തീയസഭ ഒന്നായിരിക്കണമെങ്കിൽ അതു വിശ്വാസത്തിലും ഭരണത്തിലും ഒന്നായിരിക്കണം. വിഭിന്ന നേതാക്കൻമാരും വിഭിന്ന വിശ്വാസവും ഉണ്ടായാൽ അതു ക്രിസ്തീയസഭയെ പലതായി പിളർന്നുകളയും. അതിനാൽ ക്രൈസ്തവ പുനരൈക്യത്തിനുള്ള ഏക മാർഗ്ഗം കത്തോലിക്കാതിരുസഭയുടെ ഏക ഭരണവും സത്യൈകവിശ്വാസവും സ്വീകരിക്കുകയെന്നതാണു്.

www.malankaralibrary.com

### പാഠം 4

# യേശുവിന്റെ ബന്ധനവും പത്രോസിന്റെ തള്ളിപ്പറച്ചിലും

**മത്താ 26, 46–58; 26,69–75,**
**മർക്കൊ. 14, 42–55, ലൂക്കൊ. 22, 47–62**
**യോഹ. 18, 2–27**

എഴുന്നേല്പിൻ നമുക്കു ഇവിടെ നിന്നുപോകാം എന്നു യേശു ശിഷ്യൻമാരോടു് അരുളിച്ചെയ്ത ഉടനെ പുരോഹിതൻമാരുടെയും അകമ്പടികളുടെയും ഒരു വലിയ സമൂഹം വാളും വടിയും കുന്തവും ദീപയഷ്ടിയും മററുമായി തോട്ടത്തിൽ എത്തിക്കഴിഞ്ഞിരുന്നു. യൂദാ മുപ്പതു വെള്ളിക്കാശു വാങ്ങിക്കൊണ്ടു് യേശുവിനെ കാണിച്ചുകൊടുക്കാമെന്നു് ഏററിരുന്നു. ''ഞാൻ ആരെ ചുംബനം ചെയ്യുമോ അദ്ദേഹത്തെ പിടിച്ചുകൊള്ളണം'' എന്നായിരുന്നു ശത്രുക്കളുമായുള്ള യൂദായുടെ കരാർ. അതിനാൽ അവർ യേശുവിന്റെ അടുക്കൽ വന്നയുടനെ യൂദാ മുമ്പോട്ടു വന്നു് 'ഗുരോ നമസ്ക്കാരം' എന്നു പറഞ്ഞു യേശുവിനെ ചുംബിച്ചു.[1] യേശു പുരുഷാരത്തോടായിട്ടു നിങ്ങൾ ആരെ തിരയുന്നു എന്നു ചോദിച്ചു. 'നസ്രായനായ യേശുവിനെ, എന്നു് അവർ ഉത്തരം പറഞ്ഞപ്പോൾ 'അവൻ ഞാൻ തന്നെയാകുന്നു' എന്നു് യേശു പ്രത്യുത്തരം കൊടുത്തു.

അപ്പോൾ അവർ പുറകോട്ടുമാറി നിലത്തുവീണു.[2] യേശു വീണ്ടും അവരോടു 'ഞാൻ ദൈവാലയത്തിൽ നിങ്ങളോടുകൂടെ ഉണ്ടായിരുന്നുവല്ലൊ. ഒരു കള്ളനെ പിടിക്കുവാൻ പോകുംപോലെ നിങ്ങൾ വാളുകളും വടികളുമായി എന്നെ പിടിപ്പാൻ വന്നതു് എന്തിനു്?' എന്നരുളിച്ചെയ്തു. പടയാളികൾ യേശുവിനെ പിടിച്ചു. ഇതു കണ്ടു പത്രോസു് കോപാകലുഷിതനായി അരയിൽ തൂക്കിയിരുന്ന വാൾ ഊരി പ്രധാനാചാര്യന്റെ

www.malankaralibrary.com



വേലക്കാരനായ മല്ക്കൂസു് എന്ന ചെറുപ്പക്കാരനെ വെട്ടി. വെട്ടേററു അവൻെറ ചെവി അററുപോയി. ഉടനെ യേശു ''നിൻെറ വാൾ ഉറയിൽ ഇടുക. വാൾ എടുക്കുന്നവൻ വാളാൽ വീഴും.[3] എൻെറ പിതാവിനോടു് ഞാൻ അപേക്ഷിച്ചിരുന്നു എങ്കിൽ അവിടുന്നു് 12 വൃന്ദങ്ങളിലധികം ദൂതൻമാരെ[4] എൻെറ സഹായത്തിനയച്ചുതരുമായിരുന്നു. പക്ഷെ അങ്ങനെ ഒരാവശ്യമിപ്പോഴില്ല'' എന്നിങ്ങനെ പത്രോസിനോടു അരുളിച്ചെയ്തുകൊണ്ടു ആ യൗവനക്കാരൻെറ ചെവിക്കു തലോടി അതിനെ സൌഖ്യമാക്കുകയും ചെയ്തു. പടയാളികൾ യേശുവിനെ ബന്ധിച്ചു. അപ്പോൾ പത്രോസും യോഹന്നാനുമൊഴികെ ബാക്കിയുള്ള എല്ലാവരും ഓടിപ്പോയി. പടയാളികൾ യേശുവിനെ ബന്ധിച്ചുകൊണ്ടുപോകുമ്പോൾ ഒരു യുവാവു് അദ്ദേഹത്തിൻെറ പിന്നാലെ ചെല്ലുന്നുണ്ടായിരുന്നു. അയാൾ നഗ്നദേഹത്തിൽ ഒരു പുതപ്പു് ധരിച്ചിരുന്നു. അവനെയും അവർ പിടികൂടി. അപ്പോൾ അവൻ പുതപ്പ് വെടിഞ്ഞു് നഗ്നശരീരനായി അവരെ വിട്ടു് ഓടിപ്പോയി.[5]

അവർ യേശുവിനെ അന്നാസിൻെറ അടുക്കലേക്കു കൊണ്ടുചെന്നു. ഇദ്ദേഹം അക്കൊല്ലത്തെ പ്രധാനാചാര്യനായ കയ്യഫായുടെ അമ്മായിഅപ്പനായിരുന്നു. യോഹന്നാനു പ്രധാനാചാര്യനുമായി മുഖപരിചയം ഉണ്ടായിരുന്നതുകൊണ്ടു് അദ്ദേഹവും മററുള്ളവരോടുകൂടെ അകത്തേക്കു കടന്നു. അല്പം കഴിഞ്ഞു് തിരിച്ചു വന്നു് പുറത്തു വാതുക്കൽ നിന്നിരുന്ന പത്രോസിനെയും കൂടെ അകത്തേക്കു കൂട്ടിക്കൊണ്ടുപോയി. അപ്പോൾ വാതിൽ കാവൽക്കാരി പത്രോസിനെ കണ്ടു് ''നീയും ആ മനുഷ്യൻെറ ശിഷ്യൻമാരിൽ ഒരാളല്ലയോ'' എന്നു ചോദിച്ചു. ഉടനെ പത്രോസ് അല്ല എന്നു തള്ളിപ്പറഞ്ഞുകൊണ്ടു്[6] അകത്തേക്കു പോയി. അവിടെ പ്രാകാരത്തിൻെറ നടുവിൽ കുറെപേർ തീ കാഞ്ഞുകൊണ്ടിരുന്നു. അവരുടെകൂട്ടത്തിൽ പത്രോസുംചെന്നിരുന്നു.

www.malankaralibrary.com



പ്രധാനാചാര്യൻ യേശുവിനോടു് അദ്ദേഹത്തിൻെറ ശിഷ്യൻമാരെപ്പററി ചോദിച്ചു. അതിനു് യേശു ''ഞാൻ പറഞ്ഞതെല്ലാം പ്രാർത്ഥനസ്ഥലത്തും സകല യഹൂദൻമാരും കൂടുന്ന ദൈവാലയത്തിൽവച്ചും പരസ്യമായിട്ടായിരുന്നു. രഹസ്യമായിട്ടൊന്നും പറഞ്ഞിട്ടില്ല. അതിനാൽ അവരോടു തന്നെ ചോദിക്കുക'' എന്നരുളിച്ചെയ്തു. അപ്പോൾ ''പ്രധാനാചാര്യനോടു ഇങ്ങനെയാണോ മറുപടി പറയുന്നതു്'' എന്നു പറഞ്ഞുകൊണ്ടു ഒരു ഭൃത്യൻ മുമ്പോട്ടുവന്നു് യേശുവിൻെറ കന്നത്തടിച്ചു. യേശു അവനോടു് ''ഞാൻ പറഞ്ഞതു് തെററെങ്കിൽ അതേപ്പററി ചോദിക്കുക. തെററല്ലെങ്കിൽ എന്നെ അടിയ്ക്കുന്നതെന്തിനു്?'' എന്നരുളിച്ചെയ്തു.

പത്രോസ്സു് തീ കാഞ്ഞുകൊണ്ടിരുന്നപ്പോൾ ''നീയും അവൻെറ ശിഷ്യൻമാരിൽ ഒരുവനല്ലേ?'' എന്നു അവിടെയിരുന്നവർ ചോദിച്ചു. ''അല്ല'' എന്നു പത്രോസ്സു് വീണ്ടും തള്ളിപ്പറഞ്ഞു. അപ്പോൾ പ്രധാനാചാര്യൻെറ വേലക്കാരനും പത്രോസ്സു് ചെവി വെട്ടിമുറിച്ച ആളുമായ മൽക്കൂസിൻെറ ഒരു ചാർച്ചക്കാരൻ പത്രോസിനോടു്, ''നിന്നെയും തോട്ടത്തിൽ വച്ചു അവനോടുകൂടെ ഞാൻ കണ്ടുവല്ലോ'' എന്നു പറഞ്ഞു. അപ്പോൾ പത്രോസ്സു് വീണ്ടും തള്ളിപ്പറഞ്ഞു. ഉടനെ പൂവൻ കോഴി രണ്ടാം പ്രാവശ്യം കൂവി. ഉത്തരക്ഷണത്തിൽ കർത്താവു് തിരിഞ്ഞു പത്രോസിനെ നോക്കി. പത്രോസ്സു് അതു കണ്ടു. ക്രിസ്തു പറഞ്ഞിരുന്ന വചനം ഓർത്തു് പുറത്തുപോയി അതിദുഃഖത്തോടുകൂടി മനം തകർന്നു് കരഞ്ഞു.

---

1. യൂദ അകത്തു വഞ്ചന വച്ചുകൊണ്ടു പുറമേ ഭംഗിയായി പ്രവർത്തിക്കുന്ന ഒരാളായിരുന്നു. യൂദായുടെ വഞ്ചന അറിഞ്ഞിരുന്നിട്ടും യേശുവിൻെറ സ്നേഹത്തിനു യാതൊരു കുറവും ഭവിച്ചില്ല. ക്രിസ്തുവിനെ അവസാനമായി ചുംബിക്കാൻ ലഭിച്ച അവസരം യഹൂദായിക്കു കിട്ടിയ അവസാന കൃപയായിരുന്നു. അതു നഷ്ടപ്പെടുത്തിയ യൂദാ എത്ര നിർഭയൻ! യൂദാ

www.malankaralibrary.com



ഒററിക്കൊടുക്കുന്നതു് യേശു അറിയരുതെന്നു് കരുതിയായിരുന്നു ചുംബനം മൂലം ഒററിക്കൊടുത്തതു്.

യൂദായുടെ ചുംബനത്തിനു യേശു മുഖം കൊടുക്കുന്നു. യൂദായുടെ ചുംബനം ഒററിക്കൊടുക്കുവാനാണെന്നുഅറിഞ്ഞിട്ടും യേശുവിൻെറ സ്നേഹത്തിനു കുറവു വന്നില്ല.

2. അവർ പുറകോട്ടു വീണു. അവർക്കു മനസ്സുള്ള പക്ഷം അനുതപിക്കുവാൻ അവസരമുണ്ടാക്കുവാനും സകലത്തിൻെറയും അതിനാഥനായ തന്നോടു് ആർക്കെങ്കിലും വല്ലതും പ്രവർത്തിക്കണമെങ്കിൽ തൻെറ അനുമതി കൂടിയേ തീരൂ എന്നുള്ള വസ്തുത തെളിയിക്കുവാനും വേണ്ടിയായിരുന്നു ഈവിധം സംഭവിക്കാൻ ഇടയായതു്.

3. ''വാളെടുക്കുന്നവൻ വാളാൽ വീഴും.'' രാജ്യഭരണാധികാരമോ അധികാരികളുടെ കല്പനയോ കൂടാതെ അന്യരെ വധിക്കുന്നവൻ ആരോ അവനും വധിക്കപ്പെടണം എന്നുള്ള മോശയുടെ പ്രമാണത്തെ അത്രേ ഇതു സൂചിപ്പിക്കുന്നതു്. ഭരണാധികാരത്തോടു് എതിർക്കുന്ന വിപ്ളവകാരൻമാർ മരണശിക്ഷയ്ക്കർഹൻമാരാണെന്നും ഇതിൽനിന്നും ഗ്രഹിക്കാം. ന്യായരഹിതമായി അന്യരാജ്യങ്ങളോടു യുദ്ധത്തിനു പുപ്പെടുന്നവരും യുദ്ധത്തിൽതന്നെ നശിക്കും. ക്രിസ്തുവിനെതിരായി വാളെടുത്തിരിക്കുന്ന യഹൂദജനം റോമാക്കാരുടെ വാളാൽ നശിക്കുമെന്നും അർത്ഥമാക്കാം.

4. ''12 വൃന്ദം മാലാഖമാരെ'' എന്നിവിടെ പറഞ്ഞിരിക്കുന്നതു് നിസ്സാരൻമാരായ ഈ പന്ത്രണ്ടു ശിഷ്യൻമാരുടെ സഹായമോ ആദരവോ തനിക്കാവശ്യമില്ലെന്നും തനിക്കു വേണമെങ്കിൽ മഹാശക്തൻമാരായ ദൈവദൂതൻമാർ എത്രയോ സൈന്യങ്ങളായി തൻെറ ആജ്ഞയനുസരിക്കുവാൻ സന്നദ്ധരായി നിൽക്കുന്നുവെന്നും സർവ്വശക്തനായ തനിക്കു യാതൊന്നുകൊണ്ടും ആവശ്യമില്ലെന്നും വെളിപ്പെടുത്തുവാനുമത്രേ.

5. ഒരു യുവാവു് പിന്നാലെ ചെന്നുവെന്നും ആരോ അദ്ദേഹത്തിൻെറ പുതപ്പിനു പിടിച്ചപ്പോൾ പുതപ്പു വിട്ടിട്ടു് നഗ്നനായി ഓടിപ്പോയി എന്നും മാർക്കോസ് മാത്രമേ പറയുന്നുള്ളു. മാർക്കോസ് ഇത്ര കൃത്യമായി പറയുന്നതിൽ നിന്നു് ആ യുവാവു് മാർക്കോസു തന്നെയായിരിക്കണമെന്നു് ചില വ്യാഖ്യാതാക്കൾ അനുമാനിക്കുന്നുണ്ടു്.

6. പത്രോസിൻെറ തള്ളിപ്പറച്ചിൽ. പത്രോസ് ക്രിസ്തുവിനെ തള്ളിപ്പറഞ്ഞതുകൊണ്ടു് അദ്ദേഹത്തെ ശ്ലീഹൻമാരുടെ തലവനാക്കിയിട്ടില്ല എന്നു ചിലർ വ്യാഖ്യാനിക്കുന്നു. ഇതു ശരിയല്ല. ക്രിസ്തുവിനെ പിടിച്ചപ്പോൾതന്നെ യോഹന്നാനും

www.malankaralibrary.com



പത്രോസും ഒഴികെയുള്ളവരെല്ലാം ക്രിസ്തുവിനെ വിട്ടു് ഓടിപ്പോയി. അവർക്കു തള്ളിപ്പറയാനും മററും ഇടയാകാഞ്ഞതു് ഒരു വിശേഷതയായി പറയുവാൻ പാടില്ല. ക്രിസ്തുവിനോടുകൂടെ ഏത പകടത്തിലും നിൽക്കുവാൻ ഉദ്യമിച്ചവരിൽ പത്രോസാണു മുമ്പൻ.

യൂദാ ഒററിക്കൊടുക്കുമെന്നും പത്രോസ് തള്ളിപ്പറയുമെന്നും എല്ലാ ശിഷ്യൻമാരും തന്നെ വിട്ടു ഓടിപ്പോകുമെന്നും ഉള്ള വസ്തുത കർത്താവു് മുൻകൂട്ടി പറഞ്ഞതിൽനിന്നും ക്രിസ്തുവിൻെറ ദൈവത്വം വെളിപ്പെടുന്നു.

പത്രോസിൻെറ തള്ളിപ്പറച്ചിലിനെപ്പററി മുൻപുകൂട്ടി കൽപ്പിച്ചു എങ്കിലും അതേസമയത്തുതന്നെ പത്രോസിൻെറ വിശ്വാസം ക്ഷയിച്ചുപോകയില്ലെന്നും അതു ക്ഷയിച്ചുപോകാതിരിപ്പാൻ ക്രിസ്തു പ്രത്യേകം പ്രാർത്ഥിച്ചിട്ടുണ്ടെന്നും കൂടെ കൽപ്പിക്കയും സഹോദരൻമാരെ ഉറപ്പിക്കുവാനുള്ള ചുമതല അദ്ദേഹത്തിനു കൊടുക്കുകയും ചെയ്തു. പത്രോസ് സ്വവിശ്വാസത്തെ ഏററുപറവാൻ മടിച്ച ഈ ഘട്ടത്തിലും അദ്ദേഹത്തിൻെറ വിശ്വാസത്തിനു് ഹാനി തട്ടീട്ടില്ലായിരുന്നു. പത്രോസിനു് പാറ എന്ന പേരു ക്രിസ്തു കൊടുത്തു. (യോഹ. 1,42) ''നീ പാറയാകുന്നു. ഈ പാറമേൽ ഞാൻ എൻെറ സഭയെ പണിയും'' എന്നു പത്രോസിനോടു കൽപ്പിച്ചു. പത്രോസിനോടു ക്രിസ്തുവിൻെറ സകല ആടുകളെയും മേയിപ്പാനും കല്പിച്ചു. (യോഹ. 21,15-16) ഇതിൽനിന്നെല്ലാം പത്രോസിൻെറ പരമാധികാരം ദൈവദത്തമാണെന്നു തെളിയുന്നു.

പാഠം 5

## യേശുവിനെ വിസ്തരിച്ചതു്

### (മത്തായി 26,59-68: 27,11-14; മർക്കോ. 14, 55-65; 15,1-5 ലൂക്കോ. 23,1-16)

ബന്ധിക്കപ്പെട്ടവനായി യേശുവിനെ അന്നാസ് തൻെറ മരുമകനും അക്കൊല്ലത്തെ പ്രധാനാചാര്യനുമായിരുന്ന കയ്യാപ്പായുടെ[1] അടുക്കലേക്കയച്ചു.[2] കയ്യാപ്പായാകട്ടെ പലർക്കുവേണ്ടി ഒരുത്തൻ മരിക്കുന്നതു് നല്ലതാകുന്നു എന്നു് മുമ്പൊരിക്കൽ പറഞ്ഞിട്ടുള്ള ആളായിരുന്നു. (യോഹ. 11,50). അവിടെ ഉപാദ്ധ്യായൻ

www.malankaralibrary.com



ാരും മൂപ്പൻമാരും കൂടിയിരുന്നു. അവിടെവച്ചു് ര
ണ്ടു കള്ളസാക്ഷികളെ വിസ്തരിച്ചു.[3] ഒരുവൻ,
'ദൈവാലയം പൊളിച്ചു കളയുവാനും മൂന്നു ദിവസം
കൊണ്ടു പണിവാനും തനിക്കു് അധികാരമുണ്ടു്'' എ
ന്നു് യേശു പഠിപ്പിച്ചുവെന്നു് മൊഴി കൊടുത്തു.[4]
വറൊരുവൻ, ''കൈപ്പണിയായ ഈ ദൈവാലയം പൊ
ളിച്ചു് കൈപ്പണിയല്ലാത്ത ഒരു ദൈവാലയം മൂന്നു ദി
വസം കൊണ്ടു് താൻ പണിയും'' എന്നു പറഞ്ഞതായി
മൊഴി കൊടുത്തു. സാക്ഷിമൊഴികൾ തമ്മിൽ യോ
ജിക്കാഞ്ഞതിനാൽ പ്രധാനാചാര്യൻ യേശുവിനോടു്
'നീ ദൈവപുത്രനായ ക്രിസ്തുവാകുന്നുവോ?'' എ
ന്നു ചോദിച്ചു. അതിനു യേശു 'ഞാൻ ആകുന്നു മനു
ഷ്യപുത്രൻ. ദൈവത്തിൻെറ വലത്തുഭാഗത്തിരിക്കുന്ന
തും ആകാശമേഘങ്ങളിൽ പ്രത്യക്ഷനാകുന്നതും നി
ങ്ങൾ കാണും' എന്നു പറഞ്ഞു. അപ്പോൾ പ്രധാനാ
ചാര്യൻ തൻെറ വസ്ത്രം കീറിക്കൊണ്ടു് 'ഇനിയും ന
മുക്കു സാക്ഷികളെക്കൊണ്ടു് ആവശ്യമില്ല. അവ
ൻെറ വായിൽനിന്നുതന്നെ ദൈവദൂഷണം നാം കേട്ടു
വല്ലോ. നിങ്ങൾക്കു് എന്തു തോന്നുന്നു' എന്നു ചോ
ദിച്ചു. 'ഇവൻ മരണത്തിനു യോഗ്യൻ' എന്നു് എല്ലാവ
രും കൂടെ അട്ടഹസിച്ചു.

അപ്പോൾ ചിലർ യേശുവിനെ തുപ്പുകയും മുഖം
മൂടികെട്ടി അടിച്ചുകൊണ്ടു് അധിക്ഷേപിക്കുകയും
ഭൃത്യൻമാർ കന്നത്തടിക്കുകയും ചെയ്തു.[5] രാത്രി മു
ഴുവൻ യേശുവിനെ ഏകാന്തത്തടവിൽ പാർപ്പിച്ചു. പ്ര
ഭാതമായപ്പോൾ യേശുവിനെ പീലാത്തോസിൻെറ അടു
ക്കലേക്കയച്ചു. പെസഹാ ഭക്ഷിക്കുവോളം അശുദ്ധ
രാവാതിരിപ്പാനായി ജനം മുററത്തു നിന്നു.[6] പീലാ
ത്തൊസ് യേശുവിനോടു് 'നീ യഹൂദൻമാരുടെ രാജാ
വാണോ?' എന്നു ചോദിച്ചു. യേശു അതിനു്, ''അങ്ങു
തന്നെ പറയുന്നുവല്ലോ.[7] എന്നാൽ എൻെറ രാജ്യം ഐ
ഹികമല്ല. എൻെറ രാജ്യം ഐഹികമായിരുന്നുവെങ്കിൽ
എൻെറ ഭടൻമാർ എനിക്കുവേണ്ടി യുദ്ധം ചെയ്യുമായി

www.malankaralibrary.com



രുന്നു'' എന്നു് മറുപടിയരുളി. പ്രധാനാചാര്യൻമാർ അദ്ദേഹത്തെ ഒട്ടധികം കുററാരോപണം ചെയ്തു. അതെപ്പററി പീലാത്തോസ് ചോദിച്ചിട്ടു് യേശു ഉത്തരം പറയാതെ മൗനമനുഷ്ഠിച്ചു. പീലാത്തോസ് ജനത്തോടു് 'ഈ മനുഷ്യനിൽ ഞാൻ യാതൊരു കുററവും കാണുന്നില്ല' എന്നു പ്രസ്താവിച്ചപ്പോൾ, 'അവൻ ഇവിടം മുതൽ ഗലീലാവരെയുള്ള യെഹൂദൻമാരെ ദുരുപദേശം കൊടുത്തു കലഹിപ്പിക്കുന്നു' എന്നു പറഞ്ഞു. യേശു ഗലീലിയാക്കാരൻ എന്നു് അറിഞ്ഞപ്പോൾ ഗലീലിയായിലെ അധിപൻെറ മുമ്പാകെ കൊണ്ടുപോയി വിസ്തരിക്കുവാൻ ആജ്ഞാപിച്ചിട്ടു് പീലാത്തോസ് യേശുവിനെ ഹേരോദേസിൻെറ അടുക്കലേക്കയച്ചു. അന്നു് അദ്ദേഹം പെരുനാളിനു വന്നു യെറുശലേമിൽത്തന്നെ താമസിക്കുന്നുണ്ടായിരുന്നു.

ഹേരോദേസ് യേശുവിനെ കണ്ടപ്പോൾ വളരെ ആഹ്ളാദിച്ചു. എന്തെന്നാൽ അദ്ദേഹത്തെപ്പററി പലതും കേട്ടിരുന്നു. തന്നെയല്ല, വല്ല അത്ഭുതങ്ങളും അദ്ദേഹം പ്രവർത്തിക്കുമെന്നു പ്രതീക്ഷിച്ചുമിരുന്നു. പക്ഷേ ഹേരോദേസിൻെറ ചോദ്യങ്ങൾക്കെല്ലാം യേശു മൗനമവലംബിക്കുകയാണു ചെയ്തതു്. പുരോഹിതൻമാരും യഹൂദപ്രമാണികളും ഓരോരോ കുററങ്ങൾ ആരോപിച്ചുകൊണ്ടിരുന്നു. ഒടുവിൽ ഹേറോദേസ് യേശുവിനെ രട്ടുവസ്ത്രം ധരിപ്പിച്ചു് പരിഹസിച്ചശേഷം വീണ്ടും വിസ്തരിച്ചു ഇഷ്ടംപോലെ ചെയ്തുകൊള്ളുവാൻ പീലാത്തോസിൻെറ അടുക്കലേക്കു പടയാളികളുടെ അകമ്പടിസമേതം മടക്കി അയച്ചു.[8] ഹേറോദേസും പീലാത്തോസും തമ്മിൽ ഉണ്ടായിരുന്ന അസ്വരസം ഇതുമൂലം നീങ്ങി.[9] അവർ തമ്മിൽ സ്നേഹിതൻമാരായിത്തീർന്നു.

പീലാത്തോസ് യഹൂദപ്രമാണികളെയും പുരോഹിതൻമാരെയും വരുത്തി അവരോടു് 'നിങ്ങളുടെ മുമ്പാകെ നാം ഇദ്ദേഹത്തെ വിസ്തരിച്ചുവല്ലോ. പൊതു

www.malankaralibrary.com



ജനവിപ്ളവകരങ്ങളായ സംഗതികളാവട്ടെ നിങ്ങാം ചു മത്തുന്ന ഏതെങ്കിലും കുററങ്ങളാവട്ടെ ഈ മനുഷ്യൻ പ്രവർത്തിച്ചതായി നാം കണ്ടില്ല. ഹേറോദേസ് വിസ്തരിച്ചു. അദ്ദേഹവും കണ്ടില്ല. മരണത്തിനു വിധിക്കത്തക്ക യാതൊരു കുററവും കാണാത്തതിനാൽ ഞാൻ ഇദ്ദേഹത്തെ അടിപ്പിച്ചു വിട്ടയയ്ക്കും' എന്നു പറഞ്ഞു.

---

1. യഹൂദൻമാർക്കു ഒരു പ്രധാനാചാര്യനെ ആണ്ടുതോറും മാററി നിയമിക്കുക പതിവായിരുന്നു. അതിനാൽ അന്നു പല പ്രധാനാചാര്യൻമാരുണ്ടായിരുന്നു.

അന്നാസിനെ മാററിയശേഷം നാലാമത്തെ പ്രധാനാചാര്യനായി കയ്യാഫായെ നിയമിച്ചു. അദ്ദേഹം ദുസ്വഭാവിയും അന്നാസിന്റെ മകളുടെ ഭർത്താവുമാകയാൽ അന്നാസിനു കുറേയൊക്കെ സ്വാധീനം ചെലുത്തുവാൻ സാധിച്ചിരുന്നു.

കയ്യാഫായുടെ അടുക്കലേക്കയച്ചതു് സെൻഹെദ്രീൻ സംഘവും പ്രീശേൻമാരും മററും ഉറക്കമിളച്ചു് അവിടെ കൂടിയിരുന്നതിനാലായിരുന്നു. രാത്രിസമയം കക്ഷികളുടെ വിസ്താരം നടത്തുന്നതു് നിയമവിരുദ്ധമാണെങ്കിലും അവർ അങ്ങനെ ചെയ്തു.

തിൻമപോലും ദൈവം തന്റെ മഹത്വത്തിനാക്കിത്തീർക്കുന്നു. ക്രിസ്തു കുരിശിക്കപ്പെടണമെന്നു് ആചാര്യൻമാർ വിധിച്ചതു് പാപികളുടെ രക്ഷയ്ക്കു പര്യാപ്തമായിത്തീർന്നു.

2. അന്നാസ് ക്രിസ്തുവിനെ ശിക്ഷിച്ചില്ല. എങ്കിലും യേശുവിനെ കൊല്ലുന്നവർക്കു് എല്ലാത്തരത്തിലും സഹായിച്ചുകൊണ്ടു് പാപം ചെയ്തു.

3. പ്രതിയുടെ കുററം സാക്ഷികളെക്കൊണ്ടു തെളിയിക്കാതെ ഒരുത്തരേയും കുററം വിധിച്ചുകൂടാ. അതിനാൽ ന്യായത്തിന്റെ ഒരു മാതൃക വരുത്തുവാനായിട്ടാണു് ഈ സാക്ഷികളെയും മററും വിസ്തരിച്ചതു്. ക്രിസ്തുവിനെ കൊല്ലണമെന്നുള്ളതു് അവർ മുന്നമേ തീർച്ചചെയ്തിരുന്നതാണു്.

4. കള്ളസാക്ഷികൾ എട്ടാം കല്പന ലംഘിച്ചു. അവർ കള്ള സാക്ഷിമൊഴി കൊടുത്തതു് ഒരു പ്രധാന സംഗതിയാലായിരുന്നുവല്ലോ. അതിനാൽ അവരുടെ പാപം കഠിനമാകുന്നു.

5. ക്രിസ്തുവിനെ അപമാനിക്കുന്നതു് അന്നാസിനും കയ്യാഫായ്ക്കും സന്തോഷമായിരിക്കുമെന്നറിഞ്ഞ വേലക്കാർ ആ

www.malankaralibrary.com



പുരോഹിതപ്രമുഖൻമാരുടെ സംതൃപ്തിയെ കാംക്ഷിച്ചു് ക്രിസ്തുവിനെ അതിനികൃഷ്ടമായി ആക്ഷേപിക്കുകയും ദണ്ഡിപ്പിക്കുകയും ചെയ്തു. യജമാനൻമാർ ദുർവൃത്തരായാൽ ഭൃത്യൻമാരും ദുഷിക്കും.

6. പ്രീശേൻമാർക്കും ആചാര്യൻമാർക്കും പീലാത്തോസിനെ 'തീണ്ടൽ' ഉണ്ടായിരുന്നു. അതിനാൽ അശുദ്ധമാകാതിരിപ്പാൻവേണ്ടി പീലാത്തോസിൻെറ മണ്ഡപത്തിൽ പ്രവേശിക്കാതെ അവർ വെളിക്കു നിന്നിരുന്നു. എന്നാൽ ക്രിസ്തുവിനെ കുരിശിപ്പാനുള്ള ദുരാലോചനകൊണ്ടു് അവരുടെ ആത്മാവു് അശുദ്ധമാകുന്ന കാര്യം അവർ ഗൗനിച്ചില്ല.

7. ''ഞാൻ രാജാവാകുന്നു'' എന്നു ക്രിസ്തു പറഞ്ഞു. ക്രിസ്തു ആദ്ധ്യാത്മികരാജ്യത്തിലെ രാജാവാണു്. തനിക്കു തല ചായിപ്പാനിടമില്ലെങ്കിലും തന്നെ സ്വീകരിക്കുവാൻ ഹൃദയങ്ങളനവധി.

8. ക്രിസ്തുവിനെ അന്നാസിൻെറ പക്കൽനിന്നും കയ്യാഫായുടെ അടുക്കലേക്കും, കയ്യാഫായുടെ അടുക്കൽനിന്നും പീലാത്തോസിൻെറ അടുക്കലേക്കും, പീലാത്തോസിൻെറ പക്കൽനിന്നും ഹേറോദേസിൻെറ പക്കലേക്കും, ഹേറോദേസിൻെറ പക്കൽനിന്നും വീണ്ടും പീലാത്തോസിൻെറ പക്കലേക്കും, കൊണ്ടു നടന്നു കഷ്ടപ്പെടുത്തി വിസ്താരം നടത്തി. ഇതു് നാം ദൈവത്തോടു ചെയ്തിട്ടുള്ള പാപത്തിൻെറ പ്രായശ്ചിത്തമാകുന്നു. യേശു നമുക്കുവേണ്ടി മർദ്ദനവും ആക്ഷേപവും സഹിഷ്ണതയോടെ സഹിച്ചു. ഇതുപോലെ ദൈവത്തെപ്രതി നാം സഹിക്കേണ്ടിവരുന്നതും സഹിഷ്ണതയോടെ സഹിക്കണം.

9. പീലാത്തോസ് ഹേറോദേസിൻെറ അധികാരം ചിലതു കവർന്നെടുത്തിരുന്നു. അതിനാൽ അവർ തമ്മിൽ വിരോധികളായിരുന്നു. യേശുവിനെ ഹേറോദേസിൻെറ അടുക്കലേക്കു് വിസ്താരത്തിനു് അയച്ചതിനാൽ അവർ രണ്ടുപേരും സ്നേഹിതൻമാരായിത്തീർന്നു. ക്രിസ്തുവിൻെറ മരണത്താൽ ശത്രുക്കളുടെയിടയിലും നൻമ വിതയ്ക്കുന്നു.

www.malankaralibrary.com

പാഠം 6

# യേശുവിനെ കുരിശിൽ തറപ്പാൻ വിധിച്ചതും, യഹൂദായുടെ അന്ത്യവും

(മത്താ. 27, 15–31, മർക്കോ. 15,6–20; ലൂക്കോ. 23, 17–25, യോഹ. 18, 39–19, 16)

പെസഹാപെരുനാളിനു ഒരു തടവുപുള്ളിയെ വിട്ടയക്കുക പതിവുണ്ടായിരുന്നു[1]. പട്ടണത്തിൽ ഒരു വലിയ കലാപവും കൊലയും നടത്തിയതിനു് ശിക്ഷിക്കപ്പെട്ട ബാറബാസ് എന്നൊരു ആരം തടവിൽ കിടപ്പുണ്ടായിരുന്നു. പീലാത്തോസ് ജനത്തോടു് 'പെരുനാളിനു് ഒരാളെ വിട്ടയക്കുക പതിവുണ്ടല്ലോ. നിങ്ങൾക്കു് ആരെ വേണം? ബാറബാസിനെയോ യഹൂദൻമാരുടെ രാജാവായ യേശുവിനെയോ[2] ?' എന്നു ചോദിച്ചു. 'ഞങ്ങൾക്കു് ബാറബാസിനെ മതി' എന്നു് അവർ അട്ടഹസിച്ചു.

പീലാത്തോസിനു് ഖേദമായി. അപ്പോൾ അദ്ദേഹത്തിൻെറ ഭാര്യ ആളയച്ചു് 'ആ നീതിമാനോടു് ഒന്നും ചെയ്യരുതു്. അദ്ദേഹം നിമിത്തം ഇന്നു് സ്വപ്നത്തിൽ ഞാൻ വളരെ കഷ്ടപ്പെട്ടു' എന്നു് അറിയിച്ചു[3].

പീലാത്തോസ് വീണ്ടും ജനത്തോടു് 'നാം നിങ്ങളുടെ മുമ്പാകെ ഈ മനുഷ്യനെ വിസ്തരിച്ചു. യാതൊരു കുററവും കണ്ടില്ല. ഹേറോദേസ് വിസ്തരിച്ചു. അദ്ദേഹവും കണ്ടില്ല. അതിനാൽ ഞാൻ ഇദ്ദേഹത്തെ അടുപ്പിച്ചു് വിട്ടയക്കും' എന്നുപറഞ്ഞു. എന്നാൽ ജനം സമ്മതിക്കാതെ 'അവനെ ക്രൂശിക്ക, ക്രൂശിക്ക' എന്നു് അട്ടഹസിച്ചു. അതു് ബലപ്പെട്ടു. കലഹം വർദ്ധിക്കുന്നതേയുള്ളുയെന്നും തനിക്കു് ഒന്നും സാധിക്കുന്നില്ലെന്നും പീലാത്തോസ് കണ്ടപ്പോൾ വെള്ളം എടുത്തു് പുരുഷാരത്തിൻെറ മുമ്പിൽ വച്ചു് തൻെറ കൈകൾ കഴുകിക്കൊണ്ടു് 'ഈ നീതിമാൻെറ രക്തത്തിൽ

www.malankaralibrary.com



എനിക്കു പങ്കില്ല. നിങ്ങഠം നോക്കിക്കൊഠംവിൻ' എന്നു പറഞ്ഞു. അപ്പോഠം ജനം 'അവന്റെ രക്തം ഞങ്ങളുടെമേലും ഞങ്ങളുടെ സന്തതികളുടെമേലും ഇരിക്കട്ടെ[4]' എന്നു മറുപടി പറഞ്ഞു. അപ്പോഠം ബാറബാസിനെ സ്വതന്ത്രനായി വിടുന്നതിനും യേശുവിനെ കുരിശിൽ തറച്ചുകൊല്ലുന്നതിനുംപീലാത്തോസ് വിധിയെഴുതി[5].

യേശു മരണത്തിനു് വിധിക്കപ്പെട്ടു എന്നു് യഹൂദാസ്കറിയോത്താ അറിഞ്ഞപ്പോഠം വളരെ വിഷാദിച്ചു[6]. വാങ്ങിയ മുപ്പതു വെള്ളിനാണയങ്ങളുമായി പുരോഹിതൻമാരുടെയും ജനപ്രമാണികളുടെയും അടുക്കൽ ചെന്നു് 'ഞാൻ കുററമില്ലാത്ത രക്തത്തെ ഒററികൊടുത്തതിനാൽ പാപം ചെയ്തിരിക്കുന്നു' എന്നു പറഞ്ഞു. അതിനു് അവർ 'ഞങ്ങളെന്തുവേണം? നീ പോയി നിന്റെ പാടു നോക്കു്' എന്നു പറഞ്ഞു[7]. അപ്പോഠം യഹൂദാസ്ക്കറിയോത്താ ആ വെള്ളിനാണയം ദൈവാലയത്തിൽ വലിച്ചെറിഞ്ഞിട്ടുപോയി തന്നത്താൻ കെട്ടിഞാന്നു ചാവുകയും ചെയ്തു.

അപ്പോഠം പുരോഹിതപ്രഭൃതികഠം ആ വെള്ളിനാണയങ്ങഠം എടുത്തു് 'ഇതു് രക്തത്തിന്റെ വിലയാകയാൽ ശ്രീ ഭണ്ഡാരത്തിൽ ഇടുന്നതു് വിഹിതമല്ല' എന്നു പറഞ്ഞു് അതു കൊടുത്തു വിദേശിയരെ സംസ്കരിക്കുവാനായി ഒരു കുശവന്റെ നിലം വാങ്ങി. അതുമൂലം ആ നിലത്തിനു് രക്തനിലം എന്നു പേരായി. ഇങ്ങനെ സ്ക്കറിയദീർഘദർശിയുടെ പ്രവചനം നിവർത്തിയായി. (സ്ക്കറിയാ. 11, 13)

കുരിശിൽ തറപ്പാൻ വിധിച്ച യേശുവിനെ യഹൂദപ്രമാണികഠം പിടിപ്പു്ആസ്ഥാനമണ്ഡപത്തിന്റെ പ്രകാരത്തിലേക്കു് കൊണ്ടുപോയി. പടയാളികഠം വന്നു് യേശുവിന്റെ വസ്ത്രം ഉരിഞ്ഞു ഒരു ചുമന്ന മേലങ്കി ധരിപ്പിച്ചു. മുള്ളുകൊണ്ടു ഒരു കിരീടം മുടഞ്ഞു് യേശുവിന്റെ ശിരസിൽവച്ചു. വലതു കയ്യിൽ ഒരു ഞാങ്ങണയും പിടിപ്പിച്ചു. അദ്ദേഹത്തിന്റെ മു

www.malankaralibrary.com



മ്പിൽ മുട്ടുകുത്തി 'യഹൂദൻമാരുടെ രാജാവേ, വാഴുക' എന്നു പറഞ്ഞു പരിഹസിച്ചു. അദ്ദേഹത്തിൻെറ മുഖത്തു തുപ്പി. തൃക്കയ്യിലിരുന്ന ഞാങ്ങണ വാങ്ങി മൂർദ്ധാവിലടിച്ചു. ഇങ്ങനെ പരിഹസിച്ച ശേഷം ആ ചുമന്ന മേലങ്കി നീക്കി സ്വവസ്ത്രങ്ങൾ ധരിപ്പിച്ചു കുരിശിൽ തറക്കുന്നതിനായി ഒരു വലിയ കുരിശും ചുമപ്പിച്ചുകൊണ്ടുപോയി.

---

1. മിസ്രയിമിലെ അടിമയിൽ നിന്നു് ഇസ്രായേലിനെ വിട്ടയച്ചതിൻെറ ഓർമ്മക്കായി പെസഹാ പെരുനാളിനു് ഒരു ബന്ധനസ്ഥനെ വിട്ടയച്ചു വന്നിരുന്നു. ക്രിസ്തുവിൻെറ കുരിശുമരണത്താൽ അനവധി പാപികൾ പാപമോചനം പ്രാപിച്ചു് രക്ഷപ്പെടുന്നതിൻെറ മുൻകുറി ആയിരുന്നു അതു്.

2. ജനങ്ങൾ ''യേശുവിനെ വിട്ടയച്ചാൽ മതി'' എന്നു പറയുമെന്നു കരുതിയായിരുന്ന ഒരു വലിയ അക്രമിയായ ബാറബാസിനെ മതിയോ യേശുവിനെ വേണമോ എന്നു പീലാത്തോസ് ചോദിച്ചതു്. എന്നാൽ ജനം അദ്ദേഹത്തിൻെറ പ്രതീക്ഷയ്ക്കു വിപരീതമായി ബാറബാസിനെ മതി എന്നു വിളിച്ചുപറഞ്ഞു. എത്രയോ ആളുകൾ നൻമ അറിഞ്ഞിട്ടും അതിനെ ഉപേക്ഷിച്ചു് പാപത്തെ അനുവർത്തിച്ചു ജീവിക്കുന്നു.

3. പീലാത്തോസിൻെറ ഭാര്യ ദൈവഭക്തയായ ഒരു സ്ത്രീയായിരുന്നു. അതിനാലാണു് ക്രിസ്തു നീതിമാനാണെന്നു ഗ്രഹിക്കുവാനിടയായതു്. അവരുടെ പേർ പ്രോക്ളാ എന്നായിരുന്നു.

പീലാത്തോസ് കൈ കഴുകിയാലും യേശുവിൻെറ രക്തം അദ്ദേഹത്തിൻെറ കയ്യിൽ നിന്നു് മായാവുന്നതല്ല. യേശു കുററമില്ലാത്തവനാണെന്നു സ്വയം സാക്ഷിച്ചശേഷം കുരിശിൽ തറയ്ക്കുവാൻ വിധിച്ചതു കുററമില്ലായ്മയാകുകയില്ല. നീതി പുലർത്തേണ്ട പീലാത്തോസ് നീതിയെ മറിച്ചു് അഞ്ചാം കല്പന ലംഘിച്ചു.

യഹൂദൻമാരുടെ ആചാര്യൻമാരും പ്രീശേൻമാരും ഇക്കാര്യത്തിൽ പീലാത്തോസിനെക്കാൾ കുററക്കാരാണു്. അവർ ഈ കുററം അറിയാതെ ചെയ്തതാണെന്നു സമാധാനിക്കാവുന്നതല്ല. അവർ ഡംഭിനാലും വൈരാഗ്യത്താലുംനിഷ്ഠൂരതയാലുംആണു് ഇതു ചെയ്തതു്.

ക്രിസ്തുവിൻെറ മരണത്തിനു് സാക്ഷാൽ കാരണക്കാർ പാപികളായ നാം തന്നെയാണു്. നാം ചെയ്ത പാപത്തിൻെറ

www.malankaralibrary.com



ശിക്ഷയത്രെ ക്രിസ്തു വഹിച്ചതു്. അതിനാൽ പാപം നിസ്സാരമാണെന്നു വിചാരിക്കരുതു്.

4. ''അവൻെറ രക്തം ഞങ്ങളുടെ മേലും ഞങ്ങളുടെ സന്തതികളുടെ മേലും ഇരിക്കട്ടെ'' എന്നു യഹൂദൻമാർ അട്ടഹസിച്ചു. അതു അക്ഷരംപ്രതി നിറവേറിക്കൊണ്ടിരിക്കുന്നു. എത്രയോ പ്രാവശ്യം ഓരോ യൂറോപ്യൻ രാജ്യങ്ങളിൽ നിന്നും യഹൂദൻമാർ നിർദ്ദയം ബഹിഷ്കരിക്കപ്പെട്ടിട്ടുണ്ടു്. ഇന്നും അവർക്കു അനുഭവം അതുതന്നെ.

5. പീലാത്തോസു് നീതി പ്രവർത്തിക്കുന്നതിനു തക്ക മനോനേരും ധൈര്യവും പ്രദർശിപ്പിക്കാതെ ജനപ്രീതിക്കുവേണ്ടി കുററമില്ലാത്ത യേശുവിനെ മരണത്തിനു വിധിച്ചു. അതിനാൽ അദ്ദേഹം തന്നെ കുററക്കാരനായി തീർന്നു.

6. ക്രിസ്തുമരണശിക്ഷക്കുവിധിക്കപ്പെട്ടതറിഞ്ഞപ്പോൾ യഹൂദാസ്ക്കറിയോത്താ വളരെ ഖേദിച്ചു. എന്നാൽ അദ്ദേഹത്തെ വഞ്ചിച്ച സാത്താൻ അദ്ദേഹത്തെ ക്രിസ്തുവിങ്കലേക്കു വിടാതെ കെട്ടിഞാലുവാനായിട്ടത്രെ പ്രേരിപ്പിച്ചതു്. സ്കറിയോത്തായുടെ പാപംക്ഷമിക്കപ്പെടത്തക്കതല്ലെന്നു് തന്നത്താൻ വിധിച്ചു. അതു് പരിശുദ്ധാത്മാവിനു വിപരീതമായ ആറു പാപങ്ങളിലൊന്നാണു്. പശ്ചാത്താപം യഹൂദയ്ക്കുണ്ടായി. എന്നാൽ ക്രിസ്തുവിൻെറ അടുക്കൽ ചെന്നേററുപറഞ്ഞു മാപ്പപേക്ഷിച്ചിരുന്നെങ്കിൽ, ക്രിസ്തു, ''നിൻെറ പാപങ്ങൾ മോചിക്കപ്പെട്ടിരിക്കുന്നു'' എന്നു കല്പിക്കുമായിരുന്നു. നമുക്കു പാപബോധവും പാപത്തെക്കുറിച്ചു് ദു:ഖവും മാത്രം ഉണ്ടായാൽ പോരാ; പാപം മോചിപ്പാനുള്ള അധികാരം മുറപ്രകാരം ലഭിച്ച പട്ടക്കാരുടെ അടുക്കൽ പോയി നാം ഏററുപറഞ്ഞു് കുമ്പസാരിച്ചു് പാപമോചനം വാങ്ങണം. അല്ലെങ്കിൽ നിരാശയിൽ വീണു മരിച്ചുപോയെന്നും വരാം.

യഹൂദാ ചെറിയ പാപങ്ങളിൽ വീണിട്ടാണു് ഒടുവിൽ ഈ മഹാപാപത്തിൽ വീഴാനിടയായതു്. ചെറിയ ചെറിയ പാപങ്ങളെ അപ്പഴപ്പോൾ ഏററുപറഞ്ഞു കുമ്പസാരിക്കുക.

7. സ്കറിയോത്തായ്ക്കു് കൈക്കൂലി കൊടുത്തു് അദ്ദേഹത്തെക്കൊണ്ടു പാപം ചെയ്യിച്ച പുരോഹിതൻമാർ ഈ അത്യാഹിതത്തിൽ പറഞ്ഞ മറുപടി കേൾക്കുക ''ഞങ്ങളെന്തുവേണം? നീ അറിയുന്നു.'' കൊള്ളരുതാത്ത കൂട്ടുകാർ ഒരിക്കലും ആപത്തിൽ നമുക്കു സഹായിക്കുകയില്ല. അവർ യഹൂദായോടു അശേഷം അനുകമ്പയില്ലാതെ പെരുമാറിയതുപോലെ നമ്മോടും വർത്തിക്കും.

www.malankaralibrary.com

## പാഠം 7

# ക്രൂശിലെ മരണം

**(മത്താ. 27, 32–50, മർക്കൊ. 15,21–37: ലൂക്കൊ.23, 26–46, യോഹ. 19, 17–30)**

യേശു കുരിശു ചുമന്നുകൊണ്ടു് ഗോഗുൽത്താമലയിലേക്കു് പോകുന്ന വഴിമദ്ധ്യേ അലക്സാണ്ഡറിന്റെയും രൂഫസിന്റെയും പിതാവും കുറേനക്കാരനും[1] നാട്ടിൻപുറത്തുനിന്നും വന്നവനുമായ ശീമോൻ എന്നൊരാളെ പടയാളികൾ കണ്ടു. കുരിശു ചുമക്കുന്നതിൽ യേശുവിനെ സഹായിപ്പാൻ അദ്ദേഹത്തെ നിർബന്ധിച്ചു. ഒരു വലിയ സംഘം സ്ത്രീകൾ[2] വിലപിച്ചുകൊണ്ടു് യേശുവിന്റെ പിന്നാലെ പോയിരുന്നു. യേശു അവരുടെ നേരെ തിരിഞ്ഞു് ''യെറുശലേം പുത്രിമാരെ,[3] നിങ്ങൾ എന്നെക്കുറിച്ചു വിലപിക്കേണ്ടാ. നിങ്ങളെക്കുറിച്ചും നിങ്ങളുടെ മക്കളെക്കുറിച്ചും വിലപിക്കുവിൻ. പ്രസവിക്കാത്ത ഉദരങ്ങൾക്കും കുടിപ്പിക്കാത്ത മുലകൾക്കും ഭാഗ്യം എന്നു നിങ്ങൾ പറയുവാനിരിക്കുന്ന ദിവസങ്ങൾ വരുന്നു. പച്ച മരത്തോടു ഇങ്ങനെയെങ്കിൽ ഉണങ്ങിയതിനോടു് എങ്ങനെയായിരിക്കും'' എന്നരുളിച്ചെയ്തു.

വേറെ രണ്ടു കുററക്കാരേക്കൂടെ കുരിശിക്കുവാനായി കൊണ്ടുവന്നിരുന്നു. എല്ലാവരും കപാലം എന്നു് പറയപ്പെടുന്ന ഗോഗുൽത്താമലയിൽ എത്തിയപ്പോൾ കൈപ്പു കലർത്തിയ ചൊറുക്കാ[4] അദ്ദേഹത്തിനു കുടിപ്പാൻ കൊടുത്തു. യേശു അതു രുചിച്ചുനോക്കിയിട്ടു് കുടിച്ചില്ല. അനന്തരം യേശുവിനെ നടുവിലും ആ കള്ളൻമാരെ ഇരുപുറവുമായി ക്രൂശിച്ചു[5]. യേശു 'പിതാവേ, ഇവർ ചെയ്യുന്നതിന്നതെന്നറിയായ്കയാൽ ഇവരോടു ക്ഷമിക്കേണമെ'' എന്നു് പ്രാർത്ഥിച്ചുകൊണ്ടിരുന്നു. പടയാളികൾ യേശുവിന്റെ വസ്ത്രം എടുത്തു ചിട്ടിയിട്ടു വിഭജിച്ചു. 'മററുള്ളവരെ രക്ഷി

www.malankaralibrary.com



ക്കുന്നവനേ നീ തന്നത്താൻ രക്ഷിക്കുക[6] എന്നു പറഞ്ഞു ജനങ്ങാം അദ്ദേഹത്തെ പരിഹസിച്ചു ഇവൻ യഹൂദൻമാരുടെ രാജാവായ(യേശുവാകുന്നു എന്നു് ഒരു കുററവാചക് എബ്രായ, ലത്തീൻ, ഗ്രീക്കു്, എന്നീ ഭാഷകളിൽ എഴുതി അവിടുത്തെ തലക്കു മുകളിലായി കുരിശിൽ പതിച്ചിരുന്നു. അദ്ദേഹത്തോടുകൂടെ കുരിശിക്കപ്പെട്ട ഇടത്തുഭാഗത്തെ കള്ളനും അദ്ദേഹത്തെ പരിഹസിച്ചു് ''നീ ദൈവപുത്രനാണെങ്കിൽ നിന്നെത്തന്നെയും ഞങ്ങളെക്കൂടെയും രക്ഷിക്ക'' എന്നു പറഞ്ഞു.

അപ്പോാം വലത്തുഭാഗത്തെ കള്ളൻ അവനെ ശാസിച്ചിട്ടു് ''നീ ശിക്ഷാവിധിയിൽ ആയിരുന്നിട്ടും ദൈവത്തെ ഭയപ്പെടുന്നില്ലയോ? നാം ന്യായപൂർവ്വം ശിക്ഷിക്കപ്പെടുന്നു. നമ്മുടെ പ്രവർത്തികാംക്കു് തക്കവണ്ണം അനുഭവിക്കുന്നു. എന്നാൽ ഇദ്ദേഹമോ അങ്ങനെയല്ല. തിൻമയായതു് യാതൊന്നും പ്രവർത്തിച്ചിട്ടില്ല''എന്നു പറഞ്ഞിട്ടു് അദ്ദേഹം യേശുവിനോടു ''കർത്താവേ, അവിടുന്നു് അങ്ങേ രാജ്യത്തിൽ വരുമ്പോാം എന്നെയും ഓർക്കണമെ'' എന്നു അപേക്ഷിച്ചു. യേശു ഉത്തരമായിട്ടു് നീ ഇന്നു് എന്നോടുകൂടെ പറുദീസായിൽ ഇരിക്കും എന്നു ഞാൻ സത്യമായിട്ടു് നിന്നോടു പറയുന്നു എന്നു് അരുളിച്ചെയ്തു[7].

അപ്പോാം യേശുവിൻെറ കുരിശിനരികെ സ്വമാതാവും മാതൃസഹോദരിയും ക്ലേയോപ്പാസിൻെറ ഭാര്യയുമായ മറിയാമും യേശു സ്നേഹിച്ചിരുന്ന ശിഷ്യനായ യോഹന്നാനും നിന്നിരുന്നു. യേശു അതു കണ്ടു സ്വമാതാവിനോടു ''സ്ത്രീയേ, ഇതാ അങ്ങേ പുത്രൻ'' എന്നരുളിച്ചെയ്തിട്ടു്, ശിഷ്യനെ നോക്കി. ''ഇതാ നിൻെറ മാതാവു്'' എന്നു കല്പിച്ചു. അന്നു മുതൽ ആ ശിഷ്യൻ തൻെറ ഭവനത്തിൽ ആ മാതാവിനെ കൈക്കൊള്ളുകയും സംരക്ഷിച്ചുപോരികയും ചെയ്തു[8]. ആറാം മണിനേരമായപ്പോാം മുതൽ ഒമ്പതാംമണിവരെയും ഒരു വലിയ അന്ധകാരമുണ്ടായി[9].

www.malankaralibrary.com



ഒൻപതാംമണിനേരമായപ്പോറം യേശു ''ഏലി, ഏലി, ല്മാനാ ശബ്ക്താനി'' അതായതു്, എൻെറ ദൈവമേ, എൻെറ ദൈവമേ, എന്നെ കൈവിട്ടതെന്തു്[10] എന്നു വലിയ ശബ്ദത്തിൽ നിലവിളിച്ചുപറഞ്ഞു. അവിടെ നിന്നിരുന്നവർ കേട്ടിട്ടു് അവൻ ഏലിയായെ വിളിക്കുന്നു. ഏലിയാ വന്നു് അവനെ രക്ഷിക്കുമോ എന്നു കാണട്ടെ എന്നു പറഞ്ഞു. അനന്തരം യേശു സകലവും നിവൃത്തിയായി എന്നു കണ്ടിട്ടു് തിരുവെഴുത്തു നിവൃത്തിയാകുവാൻ വേണ്ടി ''എനിക്കു ദാഹിക്കുന്നു'' എന്നരുളിച്ചെയ്തു. അവിടെ ഒരു പാനപാത്രം ചൊറുക്കാ വച്ചിരുന്നു. അവർ അതു് ഒരു സ്പഞ്ചിൽ നിറച്ചു് ഒരു ഈസോപ്പു തണ്ടിൽ കെട്ടി തൻെറ വായോടു അടുപ്പിച്ചു. യേശു സ്വീകരിച്ച ശേഷം ''നിവൃത്തിയായി'' എന്നരുളിച്ചെയ്തു. യേശു വീണ്ടും ഉച്ചത്തിൽ നിലവിളിച്ചു ''പിതാവേ അങ്ങേ തൃക്കരങ്ങളിൽ എൻെറ ജീവനെ ഞാൻ ഭരമേൽപിക്കുന്നു'' എന്നരുളിച്ചെയ്തുകൊണ്ടു തല ചായിച്ചു ജീവൻ വിട്ടു.

അപ്പോറം ദൈവാലയത്തിലെതിരശീല മേൽനിന്നു് താഴെയോളം രണ്ടായി ചീന്തി[11]. ഭൂമി കുലുങ്ങി, പാറകറം പിളർന്നു, കല്ലറകളും തുറന്നു. നിദ്ര പ്രാപിച്ച വിശുദ്ധൻമാരുടെ ശരീരങ്ങറം ഉയിർത്തെഴുന്നേററു. യേശുവിനെ കാത്തുനിന്നിരുന്ന പടയാളി ഇതു കണ്ടു് ''അവൻ ദൈവപുത്രനായിരുന്നു സത്യം'' എന്നു ഏററു പറഞ്ഞു.

---

1. കുറേനായക്കാരനായ ശീമോൻ: കറേനായപട്ടണം ഒരു കച്ചവടകേന്ദ്രമായിരുന്നു. ആഫ്രിക്കയുടെ വടക്കേ തീരത്താണു് ഈ പട്ടണം സ്ഥിതിചെയ്യുന്നതു്. അവിടെ ധാരാളം യഹൂദൻമാർ താമസിച്ചിരുന്നു. യേശു തനിച്ചു് കുരിശു ചുമന്നാൽ കാൽവറിയിൽ എത്തുന്നതിനു് മുമ്പേ മരിച്ചുപോകും എന്നു ഭയന്നത്രേ ശീമോനെ നിർബന്ധിച്ചതു്. എന്നിട്ടുപോലും യേശു പല പ്രാവശ്യം വഴിയിൽ വീണു. ഈ ശീമോൻ പിന്നീടു കുടുംബസഹിതം ക്രിസ്ത്യാനിയായിത്തീർന്നു. ഇദ്ദേഹത്തിൻെറ മക്കളായ അലക്സാണ്ടറും രൂഫസും സർവസമ്മതരായ രണ്ടു ക്രിസ്ത്യാനികളായിരുന്നു.

www.malankaralibrary.com



2. ക്രിസ്തുവിൻെറ അനുയായികളുടെ കൂട്ടത്തിൽ വെറോനിക്കായും കന്യകമറിയാമും ഉണ്ടായിരുന്നു. ക്രിസ്തുവിൻെറ സകല നിന്ദാവമാനങ്ങളിലും പങ്കാളിയാകുവാനായിരുന്നു മാതാവു് കൂടെ പോയതു്. വെറോനിക്കാ ഒരു തൂവാലകൊണ്ടു് കർത്താവിൻെറ മുഖം തുടച്ചു എന്നും അപ്പോൾ അതിശയകരമാംവണ്ണം കർത്താവിൻെറ മുഖഛായ ആ തൂവാലയിൽ പതിഞ്ഞു എന്നും വിശ്വസിക്കപ്പെടുന്നു.

3. വേറൊരു കൂട്ടം സ്ത്രീകൾ യെരുശലേംകാരായിരുന്നു. അവരോടു യേശു ''നിങ്ങൾ എന്നെക്കുറിച്ചു വിലപിക്കേണ്ട, നിങ്ങളെയും നിങ്ങളുടെ മക്കളെയുംകുറിച്ചു വിലപിക്കുവിൻ'' എന്നു പറഞ്ഞു. 37 കൊല്ലം കഴിയുമ്പോൾ യഹൂദൻമാർ റോമാക്കാരാൽ ബന്ധനസ്ഥരാക്കപ്പെടുവാനും കൊല്ലപ്പെടുവാനും ഇരുന്നതിനെ സൂചിപ്പിച്ചത്രേ ഇങ്ങനെ കല്പിച്ചതു്.

4. കൈപ്പു കലർത്തിയ ചൊറുക്കാ: കൊല്ലുവാൻ കൊണ്ടു പോകുന്നവരുടെ തലയ്ക്കു് മാന്ദ്യം പിടിപ്പിക്കുവാനായി കൊടുത്തുവന്ന ഒരു ലഹരിസാധനമാണു്. ക്രിസ്തു പൂർണ്ണ ബോധത്തോടു് കഷ്ടതകൾ സഹിക്കേണ്ടതാകയാൽ അതു വാങ്ങി കുടിച്ചില്ല.

5. ക്രിസ്തു മററെ രണ്ടു കള്ളൻമാരെയുംപോലെ ഒരു അസാധാരണകള്ളനാണെന്നു കാണിക്കുവാനാണു് അവരുടെ നടുവിൽ ക്രൂശിക്കപ്പെട്ടതു്.

6. ''മററുള്ളവരെ രക്ഷിക്കുന്നവനേ, നീ നിന്നെത്തന്നെ രക്ഷിക്കുക.'' ഇതു് ശത്രുക്കൾ പരിഹസിച്ചു പറഞ്ഞതാണെങ്കിലും വളരെ അർത്ഥവത്തായ ഒരു സംഗതിയാണു്. മററുള്ളവരെ രക്ഷിക്കുവാൻ പോകുന്നവനു് സ്വന്തകാര്യം നോക്കുവാൻ സാധിക്കയില്ല. മററുള്ളവരെ രക്ഷിക്കുന്നതിനുവേണ്ടി ക്രിസ്തു തൻെറ സ്വന്തം ജീവനെ രക്ഷിച്ചില്ലെങ്കിൽ അത്ഭുതപ്പെടേണ്ടാ. ഇതിനായിട്ടാണു് താൻ ലോകത്തിലേക്കു വന്നതു്. തന്നെത്താൻ വെറുത്തു കുരിശെടുക്കാതെ ക്രിസ്തുവിനെ അനുകരിപ്പാൻ സാധിക്കയില്ല. എന്നാൽ മററുള്ളവരെ രക്ഷിക്കുന്നവൻ ഒടുവിൽ വളരെ മഹത്വീകരിക്കപ്പെടും എന്ന സംഗതി വിസ്മരിക്കത്തക്കതല്ല.

7. വലത്തുഭാഗത്തെ കള്ളൻ മാമോദീസാ മുങ്ങിയില്ല; കുർബാന കൈക്കൊണ്ടില്ല; എങ്കിലും രക്ഷപ്പെട്ടു എന്നും അതുപോലെ തിരുസഭയിൽ ചേരാതെ രക്ഷപെടണമെന്നും ചിലർ പറയുന്നുണ്ടു്. ഇതു് അത്ര ശരിയല്ല. വലത്തുഭാഗത്തെ കള്ളൻ രക്ഷപെട്ടതു് ''നീ നിൻെറ രാജ്യത്തിൽ വരുമ്പോൾ എന്നെയും ഓർക്കണമെ'' എന്നപേക്ഷിച്ചതിനാൽ മാത്രമല്ല. ആ അപേക്ഷയ്ക്കു ക്രിസ്തു മറുപടി ഒന്നും കല്പിക്കാതിരുന്നെങ്കിൽ വലത്തുഭാഗത്തെ കള്ളൻ രക്ഷപ്പെട്ടതായി നാം കരുതുകയില്ലാ

www.malankaralibrary.com



യിരുന്നു. ക്രിസ്തുവിന്റെ മറുപടിയാൽ അതായതു് "നീ ഇന്നു എന്നോടുകൂടെ പറുദീസായിൽ ഇരിക്കും" എന്നു കല്പിച്ച വചനത്തിലാണു് കള്ളൻ രക്ഷപ്പെട്ടതു്. ക്രിസ്തുയേശുവിന്റെ കാലത്തു് രക്ഷപെട്ടവരെല്ലാം ക്രിസ്തുയേശുവിന്റെ ശരീരത്തിൽ കൂടിയുള്ള ഈവിധവ്യാപാരത്താൽ മാത്രമാണ് രക്ഷപെട്ടതു്. വിശ്വസിച്ചതുകൊണ്ടു് സ്വഭവനത്തിൽ ഇരുന്നു് പ്രാർത്ഥിച്ച ആരും ക്രിസ്തുവിന്റെ കാലത്തു് രക്ഷ പ്രാപിച്ചില്ല. ഒരുവനെ തൊട്ടും അവന്റെ കൈക്കു പിടിച്ചു് എഴുന്നേൽപ്പിച്ചു വേറെ ഒരുവനോടു കല്പിച്ചും യേശു രക്ഷ നല്കി. ഇങ്ങനെ എന്തെങ്കിലും ഒരു ശാരീരിക വ്യാപാരം ക്രിസ്തുവിന്റെ മനുഷ്യത്വത്തിൽ കൂടി ഉണ്ടാകാതെ ആരും രക്ഷിക്കപ്പെട്ടില്ല. ഇപ്പോൾ നാം കാണുന്ന ക്രിസ്തുവിന്റെ ശരീരം തിരുസഭയാണു്. തിരുസഭയിൽനിന്നുള്ള വ്യാപാരം ലഭിക്കാതെ ആർക്കും രക്ഷപെടാവതല്ല. അതിനാൽ വലത്തുഭാഗത്തെ കള്ളനെ തെററിദ്ധരിച്ചു തിരുസഭയിൽ വരാതെ രക്ഷപെടാമെന്നു് വിചാരിക്കുന്നതു അബദ്ധമാണു്.

8. മാതാവിനെ ഏൽപിക്കുന്നതു്: മാതാവിന്റെ ശിഷ്ടായുസിൽ വേണ്ടതെല്ലാം ചെയ്തുകൊടുക്കുവാൻ യോഹന്നാനെ ഏൽപ്പെടുത്തി. ഇതുമൂലം മാതാവിന്റെ പക്കൽ ക്രിസ്തു തന്റെ തിരുസഭയെ ഏല്പ്പിച്ചു. മാതാവിന്റെ മക്കൾ ഇനിയും നാമാണു്. മാതാവു നമ്മുടെ മാതാവുമാണു്. സകല അപകടങ്ങളിലും ഈ മാതാവിൽ അഭയം തേടുക. ക്രിസ്തുവിനെ പരിപാലിച്ച മാതാവു് ക്രിസ്തുവിന്റെ മർമ്മപരശരീരമായ സഭയെയും പരിപാലിക്കും.

9. സൂര്യൻ അന്ധകാരമായതു് ക്രിസ്തു അതിന്റെ സ്രഷ്ടാവാകയാൽ സ്രഷ്ടാവിന്റെ നഗ്നത മറയ്ക്കുവാൻ കൂടിയായിരുന്നു.

10. എന്നെ നീ ഉപേക്ഷിച്ചതെന്തിനു് എന്നു ക്രിസ്തു പ്രാർത്ഥിച്ചു. ഇതു ക്രിസ്തുവിനുണ്ടായ പരീക്ഷകളിലേക്കും വലിയ പരീക്ഷയായിരുന്നു. പിതാവിന്റെ ഇഷ്ടം മാത്രം ചെയ്തു ക്രിസ്തു ജീവിച്ചു എങ്കിലും ഈ അവസാനഘട്ടത്തിൽ സ്വർഗ്ഗസ്ഥ പിതാവുപോലും തന്നെ കൈവിട്ടു എന്നു ഒരു പരീക്ഷ തോന്നി. അതിനാലത്രേ അതിനെക്കുറിച്ചു ഖേദമായി പറയുന്നതു്. പക്ഷെ ക്രിസ്തു ആ പരീക്ഷയിൽ വീണില്ലെന്നു അതേത്തുടർന്നു് പറഞ്ഞ വചനത്തിൽനിന്നു് നാം ഗ്രഹിക്കുന്നു. "പിതാവേ, അങ്ങേ കയ്യിൽ ഞാൻ എന്റെ ജീവനെ ഭരമേല്പിക്കുന്നു എന്നു പറഞ്ഞിട്ടത്രേ യേശു പ്രാണൻ വിട്ടതു്. ഇങ്ങനെ ഒരു പരീക്ഷയിലും തോൽക്കാതെ വിജയിച്ചതിനാൽ യേശു നമുക്കു് അദ്വിതീയനായ രക്ഷകനാ

www.malankaralibrary.com



യിത്തീർന്നിരിക്കുന്നു. ക്രിസ്തുവിനെപോലെയാകണമെങ്കിൽ നിനക്കുണ്ടാകുന്ന പരീക്ഷകളെയെല്ലാം ജയിക്കണം. പരീക്ഷകൾക്കു് ഒരിക്കലും കീഴ്പ്പെടരുതു്. പരീക്ഷകൾ വരുന്ന അവസരം നിനക്കു നിന്നെത്തന്നെ അറിവാനുള്ള അവസരമാണ്.

11. ദൈവാലയത്തിലെ മറ കീറി. അതു് യഹൂദസഭയിൽ നിന്നും ദീർഘദർശിസ്ഥാനവും പൗരോഹിത്യവും രാജത്വവും എടുക്കപ്പെട്ടതിന്റെയും ആദാമിന്റെ പാപം മൂലം അടയ്ക്കപ്പെട്ട സ്വർഗ്ഗം ക്രിസ്തുവിന്റെ പീഡാനുഭവത്താൽ തുറക്കപ്പെട്ടതിന്റെയും ലക്ഷണമായിരുന്നു.

ക്രിസ്തുവിന്റെ മരണം മൂലം പിതാവായ ദൈവത്തോടു് നിരപ്പാകുവാനുള്ള മാർഗ്ഗം നമുക്കുണ്ടായി. പഴയനിയമബലിയിൽ പാപത്തിനു സാക്ഷാൽ ഉള്ള പരിഹാരം ഉണ്ടായിട്ടില്ലാഞ്ഞതിനാൽ ദൈവാലയത്തിൽ മഹാവിശുദ്ധ സ്ഥലത്തിന്റെ വാതുക്കൽ ഒരു തിരശീലയിട്ടു മറച്ചിരുന്നു. ഇനിയും ക്രിസ്തുയേശുവിൽക്കൂടെ ആർക്കും പിതാവിന്റെ പക്കലേക്കു ചെല്ലാം എന്നു കാണിപ്പാനായിട്ടത്രേ ആ മറ കീറിയതു്.

## പാഠം 8

# ക്രിസ്തുവിന്റെ കബറടക്കവും ഉയിർപ്പും

### (മത്താ. 27, 52–66; 28. 11–15; മർക്കോ. 15, 42–46 ലൂക്കോ. 23, 50–56; യോഹ. 19, 31–42)

യേശുവിന്റെ ക്രൂശാരോഹണത്തിന്റെ പിറേറ ദിവസം ഒരു പ്രധാന ശനിയാഴ്ചയായിരുന്നു. അന്നു ശരീരങ്ങൾ കുരിശിൽ കിടക്കുന്നതു വിഹിതമല്ല എന്നു കണ്ടു് ക്രൂശിക്കപ്പെട്ടവരുടെ കണങ്കാലുകൾ ഒടിപ്പിച്ചു നീക്കിക്കളയണമെന്നു് യഹൂദൻമാർ പീലാത്തോസിനോടു് അപേക്ഷിച്ചു. തദനുസരണം പടയാളികൾ വന്നു് രണ്ടു കള്ളൻമാരുടെയും കാലുകൾ ഒടിച്ചു. യേശുവിന്റെ അടുക്കൽ വന്നപ്പോൾ മരിച്ചുകഴിഞ്ഞതായി കാണുകയാൽ അദ്ദേഹത്തിന്റെ കാലുകൾ ഒടിച്ചില്ല. എങ്കിലും പടയാളികളിൽ ഒരുവൻ ഒരു കുന്തം കൊണ്ടു് അദ്ദേഹത്തിന്റെ വിലാപ്പുറത്തു കുത്തി.[1] അപ്പോൾ രക്തവും വെള്ളവും അതിൽനിന്നും ഒഴുകി.[2]

www.malankaralibrary.com



അനന്തരം യേശുവിന്റെ ഒരു നിഗൂഢശിഷ്യനായ അരമത്യാക്കാരൻ[3] യൗസേപ്പു ചെന്നു് യേശുവിന്റെ ശരീരം എടുത്തുകൊണ്ടുപോകുവാൻ പീലാത്തോസിനോടു് അനുവാദം ചോദിച്ചു. പെസഹാ കഴിപ്പാനുള്ള സമയം അടുത്തിരുന്നു. പീലാത്തോസ് അദ്ദേഹം ഇത്ര വേഗം മരിച്ചുവോ എന്നു ചോദിച്ചിട്ടു യേശുവിന്റെ ശരീരം എടുത്തുകൊള്ളുവാൻ അനുവദിച്ചു[4]. തദനുസരണം അദ്ദേഹം യേശുവിന്റെ ശരീരം കുരിശിൽ നിന്നിറക്കി തന്റെ മാതാവിന്റെ മടിയിൽ കിടത്തി[5]. നിക്കോദിമോസ്[6] നറുമ്പശയും ചെന്നിനായകവും ചേർത്തുണ്ടാക്കിയ ഒരു സുഗന്ധക്കൂട്ടു് ഉദ്ദേശം നൂറു റാത്തലോളം എടുപ്പിച്ചു കൊണ്ടുവന്നു. യഹൂദൻമാരുടെ ശവസംസ്ക്കാരക്രമപ്രകാരം സുഗന്ധവർഗ്ഗങ്ങൾ ചേർത്തു്[7] നേരിയ ശീലയിൽ ശരീരം പൊതിഞ്ഞു. അടുത്തുള്ള തോട്ടത്തിൽ പുതുതായി കല്ലിൽ വെട്ടിയുണ്ടാക്കിയിരുന്നതും അതേവരെ ആരെയും അടക്കിയിട്ടില്ലാത്തതുമായ ഒരു പുതിയ കല്ലറയിൽ വെച്ചു. ഒരു വലിയ കല്ലും അതിന്റെ വാതുക്കൽ ഉരുട്ടിവച്ചു. എല്ലാവരും പോകയും ചെയ്തു. മറിയം മഗ്ദലനയും ക്ലേയോപ്പാമറിയാമും അവിടെ കാത്തിരുന്നു.

വെള്ളിയാഴ്ചയുടെ പിറെറ ദിവസം പ്രധാനാചാര്യൻമാരും പ്രീശേൻമാരും പീലാത്തോസിനെ സമീപിച്ചു് "യജമാനനേ, ഞാൻ മരിച്ചാൽ മൂന്നു ദിവസങ്ങൾ കഴിഞ്ഞു് ഞാൻ ഉയിർത്തെഴുന്നേൽക്കും എന്നു് ആ വഞ്ചകൻ ജീവിച്ചിരിക്കുമ്പോൾതന്നെ പറഞ്ഞിട്ടുണ്ടു്. ആ സ്ഥിതിക്കു് അദ്ദേഹത്തിന്റെ ശിഷ്യൻമാർ അവനെ മോഷ്ടിച്ചിട്ടു് അദ്ദേഹം ഉയിർത്തുഎന്നു പറഞ്ഞു പരത്തുവാനും ആ വഞ്ചന എല്ലാററിലും കൂടുതൽ കർക്കശമായിത്തീരുവാനും ഇടയുണ്ടു്. അതിനാൽ മൂന്നാം ദിവസം വരെയ്ക്കെങ്കിലും കല്ലറ സൂക്ഷിപ്പാൻ കല്പിക്കണം" എന്നു പറഞ്ഞു. അതിനു പീലാത്തോസ് "നിങ്ങൾക്കു കാവൽസംഘമുണ്ടല്ലോ. ഇഷ്ടംപോലെ കബർ കാത്തുകൊള്ളണം" എന്നു പറഞ്ഞു. അവർ

www.malankaralibrary.com



പോയി മുദ്രവച്ചു. പടയാളികളെ കാവലിനു നിയോഗിക്കുകയും ചെയ്തു.

ക്രിസ്തു ശരീരപ്രകാരം മരിച്ചെങ്കിലും ആത്മപ്രകാരം ജീവനുള്ളവനായിരുന്നു. മരിച്ചതിനുശേഷം ക്രിസ്തു ആത്മാവിൽ പാതാളത്തിലേക്കിറങ്ങി പ്രസംഗിച്ചു[8]. നോഹ പെട്ടകം പണിയിച്ചിരുന്ന കാലത്തു് ദൈവം ദീർഘക്ഷമയോടെ കാത്തിരുന്നിട്ടും അനുതപിക്കാതിരുന്നവരായി തടവിൽ പിടിക്കപ്പെട്ടിരുന്നവരുടെ ആത്മാക്കളോടു് പ്രസംഗിച്ചു (1 പത്രോ. 3, 18–20)

അനന്തരം ഞായറാഴ്ച ഉദിച്ചു തുടങ്ങിയപ്പോൾ ഒരു വലിയ ഭൂകമ്പമുണ്ടായി. ഒരു മാലാഖ സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങിവന്നു് കബറിങ്കലെ കല്ലുരുട്ടിമാററി അതിൻമേൽ ഇരുന്നു. അദ്ദേഹത്തിൻെറ മുഖം മിന്നലിനു തുല്യമായും വസ്ത്രം ഹിമംപോലെവെള്ളയുമായിരുന്നു. കാവൽക്കാർ ഇതുകണ്ടു് അമ്പരന്നുപോയി. അവർ പട്ടണത്തിലേക്കുവന്നു സംഭവിച്ചതെല്ലാംപുരോഹിതൻമാരോടു അറിയിച്ചു. അവർ കൂടിആലോചിച്ച ശേഷം ഭടൻമാർക്കു ധാരാളം ദ്രവ്യം കൊടുത്തു. ''അവൻെറ ശിഷ്യൻമാർ രാത്രിയിൽ വന്നു് ഞങ്ങൾ ഉറങ്ങുമ്പോൾ അവനെ മോഷ്ടിച്ചുകൊണ്ടുപോയി എന്നു പറയുവിൻ. നാടുവാഴി കേൾക്കുന്നതിനിടയായാൽഞങ്ങൾ അദ്ദേഹത്തെ സ്വാധീനപ്പെടുത്തി നിങ്ങളെ രക്ഷിച്ചുകൊള്ളാം'' എന്നു പറഞ്ഞു[9]. അവർ ദ്രവ്യം വാങ്ങി അവരോടു് ഉപദേശിച്ചപ്രകാരം ചെയ്തു. ഈ വാർത്ത യഹൂദൻമാരുടെ ഇടയിൽ ഒക്കെയും പ്രസിദ്ധമായി[10].

---

1, പടയാളികൾ കുത്തിയ മുറിവു് നാം നമ്മുടെ തിൻമയാൽ യേശുവിൻെറ ആത്മാവിൽ ഉണ്ടാക്കുന്ന മുറിവിനു സദൃശമാകുന്നു.

2. യേശുവിൻെറ ചങ്കിൽ കുന്തംകൊണ്ടു് കുത്തിയതു് തോമാശ്ലീഹാക്കു വിരലിടത്തക്കവണ്ണം അത്ര വലുതായിട്ടായിരുന്നു. മരിച്ചിട്ടില്ലെങ്കിൽ മരിക്കുന്നതിനായിരുന്നു ആ കുത്തു്.

www.malankaralibrary.com



രക്തവും വെള്ളവും രണ്ടായി വേർതിരിഞ്ഞു് ഒഴുകിയതു മരിച്ചതിനു പൂർണ്ണ അടയാളമായിരുന്നു. യേശുവിൻെറ വിലാവിൽ നിന്നൊഴുകിയ രക്തം വി. കുർബാനയും വെള്ളം വി. മാമോദീസായും ആയ രണ്ടു പ്രധാനപ്പെട്ട രക്ഷണ്യകൂദാശകളുടെ സൂചനയായിരുന്നു.

ക്രിസ്തു മരിച്ചതു് പെസഹാക്കുഞ്ഞാടിനെ കൊല്ലുന്ന സമയത്തു് തന്നെയായിരുന്നു. അതിനാലത്രേ ''നമ്മുടെ പെസഹാ ക്രിസ്തു അത്രേ'' എന്നു വി. പൗലൂസ് പറയുന്നതു്. പെസഹാക്കുഞ്ഞാടിൻെറ അസ്ഥികഠ ഒടിക്കപ്പെട്ടുകൂടാ. ക്രിസ്തുവിൻെറ അസ്ഥികളും ഒടിക്കപ്പെട്ടില്ല. എന്നാൽ ചങ്കു് കുത്തിതുറക്കപ്പെട്ടു. യേശു സ്ഥാപിച്ച സഭയിലെ വി. കൂദാശകളുടെ ശക്തി ക്രിസ്തുവിൻെറ കുരിശുമരണംകൊണ്ടു സമ്പാദിച്ചതാണെന്നു കാണിപ്പാനായിട്ടത്രേ ആ ചങ്കിൽ നിന്നു രക്തവും വെള്ളവും ഒഴുകിയതു്.

3. അരമത്യ യെറുശലേമിനു വടക്കുപടിഞ്ഞാറുള്ള ഒരു പട്ടണമാണു്.

4. യേശു ജീവിച്ചിരുന്ന കാലത്തു് തല ചായിപ്പാൻ ഇടമില്ലാത്തവനായിരുന്നു. തൻെറ ശരീരംപോലും തന്നെ കൊന്നവരുടെവകയായിത്തീർന്നു. അവർ അതു് വിലയില്ലാത്ത സാധനംപോലെ ആദ്യം ചോദിച്ചവനിട്ടുകൊടുത്തു. എങ്കിലും യേശുവിൻെറ സംസ്ക്കാരം ഭംഗിയായി നിവർത്തിക്കപ്പെട്ടു.

5. ക്രിസ്തുവിനെ കുരിശിൽ നിന്നിറക്കിയ ഉടനെ മാതാവിൻെറ മടിയിൽ കിടത്തി. ഒരു കൊച്ചു കുഞ്ഞായി പണ്ടു് മടിയിൽ വച്ചു് താലോലിച്ച ശരീരം ഇപ്പോളിതാ ആസകലം ചതവും മുറിവും കൊണ്ടു നിറഞ്ഞും കുത്തിത്തുറക്കപ്പെട്ട ചങ്കോടുകൂടിയും നിശബ്ദമായി കിടക്കുന്നു. എത്ര ദയനീയമായ കാഴ്ച!

6. നിക്കോദിമൂസ് യഹൂദൻമാരുടെ സന്നിദ്രീംസംഘത്തിലെ ഒരംഗമായിരുന്നു. സന്നിദ്രീംസംഘത്തിൽ വച്ചു് യേശുവിനെ ക്രൂശിക്കുന്ന കാര്യത്തിൽ എതിർത്തു ക്രിസ്തുവിനനുകൂലമായി സംസാരിച്ച ആളായിരുന്നു ഇദ്ദേഹം.

7. നിക്കോദിമൂസു നൂറു റാത്തൽ സുഗന്ധക്കൂട്ടു കൊണ്ടുവന്നു് വേണ്ടപോലെ യേശുവിനായി നൽകിയ മനുഷ്യനാണു്. എത്രയോ പേർ ക്രിസ്തുവിനു വേണ്ടി തനിക്കുള്ളതും തന്നെത്തന്നെയും നൽകുന്നു!

8. ക്രിസ്തുവിൻെറ മരണത്തിങ്കൽ അദ്ദേഹത്തിൻെറ ദൈവത്വം ആത്മാവിൽ നിന്നാകട്ടെ ശരീരത്തിൽനിന്നാകട്ടെ വേർപിരിഞ്ഞില്ല. അദ്ദേഹം മരിച്ച ഉടനെ ആത്മാവു പാതാളത്തിലേക്കു പോയി. ആദാമിൻെറ പാപംമൂലം അടയ്ക്കപ്പെട്ട സ്വർഗ്ഗ

www.malankaralibrary.com



ത്തിൻെറ ഉൽഘാടനസമയം പ്രതീക്ഷിച്ചു് കാത്തിരുന്ന പരേതരുടെ പുണ്യാത്മാക്കളോടു് സ്വർഗ്ഗം തുറക്കപ്പെടുവാനുള്ള സർവ്വസംഗതികളും പൂർത്തിയായിരിക്കുന്നു. അതിനാൽ വരുവിൻ നമുക്കു സ്വർഗ്ഗത്തിലേക്കു പോകാം'' എന്നു പറഞ്ഞു അവരെ ക്ഷണിക്കുന്നതിനത്രേ യേശു പാതാളത്തിലേക്കു (ലിംബോയിലേക്കു) പോയതു്.

മരിച്ചതിനു ശേഷം ക്രിസ്തു ആത്മാവിൽ പാതാളത്തിൽ പ്രവേശിച്ചു. ഇവിടെ പാതാളമെന്നു പറഞ്ഞിരിക്കുന്നതു് നരകത്തെപ്പററിയല്ല. നരകത്തിൽ ദൈവസാന്നിദ്ധ്യമുണ്ടാവാൻ പാടില്ല. നരകത്തിൽ ക്രിസ്തു സുവിശേഷമറിയിച്ചിട്ടില്ല. ഇതു സ്വർഗ്ഗവുമല്ല. എന്തെന്നാൽ സ്വർഗ്ഗത്തിൽ ബന്ധനമില്ല. സ്വർഗ്ഗം കാരാഗൃഹമല്ല. അതിനാൽ സ്വർഗ്ഗത്തിനും നരകത്തിനും ഇടക്കു് വേറൊരു സ്ഥലം കൂടിയുണ്ടെന്നു് വ്യക്തമാകുന്നു.

9. യേശു ഉയിർത്തെഴുന്നേററ വിവരം അറിഞ്ഞപ്പോൾ പ്രധാനാചാര്യൻമാരും യഹൂദപുരോഹിതൻമാരും പ്രീശേൻമാരും എല്ലാം അത്ഭുതപ്പെട്ടുപോയി. ''അയ്യോ! നാം കൊന്നയാൾ ദൈവപുത്രൻ തന്നെ സംശയമില്ല. നമ്മുടെ പാപം നാം അനുതപിച്ചു് ഏററുപറയണം'' എന്നു് അവരുടെ മനസ്സാക്ഷി അവരെ പ്രബോധിപ്പിച്ചു. എങ്കിലും അവരുടെ നിഗളം അവരെ അതിനനുവദിച്ചില്ല. അതിനാൽ അവർ തിൻമക്കു് മേൽ തിൻമ പ്രവർത്തിച്ചുതുടങ്ങി. അവൻെറ ശിഷ്യൻമാർ രാത്രിയിൽവന്നു് അവൻെറ മൃതശരീരം മോഷ്ടിച്ചുകൊണ്ടുപോയി എന്നുപറവാൻ ഭടൻമാർക്കു കൈക്കൂലി കൊടുത്തു് അവരെക്കൊണ്ടു് വ്യാജം പറയിച്ചു. മനസ്സാക്ഷിയോടെതൃക്കുന്നവൻ സ്വയഹത്യ ചെയ്യുന്നു.

10. ക്രിസ്തുവിൻെറ കബറിടം അന്നു മുതൽ പലരും സന്ദർശിച്ചുകൊണ്ടിരുന്നു. എ. ഡി. 325–ൽ കുസ്തന്തീനോസ് ചക്രവർത്തിയുടെ പ്രിയമാതാവായ ഹെലേനാരാജ്ഞി ക്രിസ്തുവിൻെറയും രണ്ടു കള്ളൻമാരുടെയും കുരിശു കണ്ടുപിടിക്കയും യെരുശലേമിലെ വി. മക്കാറിയോസ് മെത്രാൻ ഒരു രോഗിയെക്കൊണ്ടു് ആ കുരിശുകളിൽ തൊടുവിക്കയും ക്രിസ്തുവിൻെറ ക്രൂശിൽ തൊട്ടപ്പോൾ അയാൾക്കു് പൂർണ്ണസുഖം ലഭിക്കയും ചെയ്തു. ഈ കുരിശിൻെറ ഓരോ കഷണം യൂറോപ്പിലുള്ള പല പള്ളികളിലായി രാജ്ഞി കൊടുത്തയച്ചു. ഹെലേനാരാജ്ഞി ക്രിസ്തുവിൻെറ കബറിടത്തിൽ ഒരു വലിയ പള്ളി പണിയിച്ചിട്ടുണ്ടു്.

www.malankaralibrary.com

## പാഠം 9

# ഉയിർത്തെഴുന്നേററശേഷമുള്ള പ്രത്യക്ഷത

### (മത്താ. 28,1-10, മർക്കോ. 16 1-13, ലൂക്കോ. 24, 1-48; യോഹ. 20, 1-48)

മൂന്നാം ദിവസം[1] ഞായറാഴ്ച വെളുപ്പിനു് മഗ്ദലനമറിയാമും യാക്കോബിന്റെ അമ്മ മറിയാമും ശലോമിയും കൂടെ സുഗന്ധവർഗ്ഗങ്ങളുമായി കബറിങ്കലേക്കു ചെന്നു. അപ്പോൾ കബറിന്റെ വാതുക്കൽ വച്ചിരുന്ന കല്ലു് ഉരുട്ടിമാററിയിരിക്കുന്നതും അതിൻമേൽ ഒരു ദൈവദൂതൻ ഇരിക്കുന്നതും കണ്ടു. ആ ദൂതൻ സ്ത്രീകളോടു് "നിങ്ങൾ അന്വേഷിക്കുന്നതു് ക്രൂശിക്കപ്പെട്ട യേശുവിനെയാണല്ലോ. അദ്ദേഹം ഉയിർത്തെഴുന്നേററു[2]. ഇവിടെയില്ല. അദ്ദേഹത്തെ സംസ്കരിച്ച സ്ഥലം വന്നു കാൺമിൻ. നിങ്ങൾ പോയി അദ്ദേഹത്തിന്റെ ശിഷ്യൻമാരോടും പത്രോസിനോടും അദ്ദേഹം അവരോടു് കല്പിച്ചപ്രകാരം അവർക്കു മുമ്പായി ഗലീലക്കു പോകുന്നു. അവിടെ അവർ അദ്ദേഹത്തെ കാണും എന്നു പറവിൻ" എന്നറിയിച്ചു[3]. തദനുസരണം ആ സ്ത്രീകൾ ശിഷ്യൻമാരെ വിവരമറിയിച്ചു. ഉടനെ പത്രോസും യോഹന്നാനും കൂടി കല്ലറയിങ്കലേക്കു് ഓടി. യോഹന്നാൻ വേഗം ഓടി കല്ലറക്കൽ ചെന്നു് അകത്തു കടക്കാതെ വെളിയിൽ നിന്നു. അല്പം കഴിഞ്ഞപ്പോഴേക്കു് പത്രോസും എത്തി. അദ്ദേഹം കബറിനകത്തേക്കു് കുനിഞ്ഞു നോക്കി. യേശുവിനെ ചുററിയിരുന്ന ശീലകൾ മാത്രം അവിടെ കിടക്കുന്നതും തലയിൽ ചുററിയിരുന്ന തൂവാല വേറൊരിടത്തു് ചുരുട്ടി വയ്ക്കപ്പെട്ടിരിക്കുന്നതും കണ്ടു് തിരിച്ചുപോയി.

മഗ്ദലനമറിയം അവിടെത്തന്നെ കരഞ്ഞുംകൊണ്ടു നിന്നിരുന്നു. അവൾ കബറിനകത്തേക്കു് നോക്കിയപ്പോൾ രണ്ടു ദൂതൻമാർ ഇരിക്കുന്നതു കണ്ടു. "ഹേ!

www.malankaralibrary.com



സ്ത്രീയേ, നീ കരയുന്നതെന്തിനു്?'' എന്നു് അവർ ചോദിച്ചു. ''എന്റെ കർത്താവിനെ അവർ എടുത്തുകൊണ്ടുപോയി; എവിടെ വെച്ചു എന്നറിഞ്ഞുകൂടാ'' എന്നു പറഞ്ഞു. അവൾ തിരിഞ്ഞുനോക്കിയപ്പോൾ യേശു നിൽക്കുന്നതു കണ്ടു. തോട്ടക്കാരനായിരിക്കുമെന്നു വിചാരിച്ചു 'സ്വാമിൻ! അങ്ങ് അദ്ദേഹത്തെ എടുത്തുകൊണ്ടുപോയിട്ടുണ്ടെങ്കിൽ എവിടെവച്ചിരിക്കുന്നു എന്നു പറക. ഞാൻ എടുത്തുകൊണ്ടു പൊയ്ക്കൊള്ളാം'' എന്നു പറഞ്ഞു. ഉടനെ യേശു 'മറിയാമേ, എന്നു വിളിച്ചു. പെട്ടെന്നു് അവൾ, അതു യേശു ആണെന്നു മനസ്സിലാക്കിയിട്ടു് ഗുരോ എന്നർത്ഥമുള്ള ''റബ്ബി'' എന്നു വിളിച്ചു. യേശു അവളോടു് ''എന്നെ തൊടരുതു് ഞാൻ ഇതുവരെയും എന്റെ പിതാവിന്റെ സന്നിധിയിലേക്കു് ആരോഹണം ചെയ്തിട്ടില്ല. എന്നാൽ നീ എന്റെ സഹോദരൻമാരുടെ അടുക്കൽചെന്നു് ഞാൻ എന്റെ പിതാവിന്റെയും നിങ്ങളുടെ പിതാവിന്റെയും എന്റെ ദൈവത്തിന്റെയും നിങ്ങളുടെ ദൈവത്തിന്റെയും സന്നിധിയിലേക്കു് ആരോഹണം ചെയ്യുന്നു എന്നു് അവരോടു പറയുക'' എന്നു പറഞ്ഞു[4]. മഗ്ദലനമറിയം വന്നു് അവൾ കർത്താവിനെ കണ്ടു എന്നും അദ്ദേഹം ഇന്ന വിധമെല്ലാം അരുളിച്ചെയ്തു എന്നും ശിഷ്യൻമാരെ അറിയിച്ചു. (യോഹ. 20 1—12)

വേറൊരുകൂട്ടം സ്ത്രീകൾ ക്രിസ്തുവിന്റെ കബറിങ്കലേക്കു വന്നുനോക്കിതിരിച്ചുപോകുമ്പോൾ യേശു അവർക്കു എതിരേവന്നു് ''നിങ്ങൾക്കു സ്വസ്തി'' എന്നരുളിച്ചെയ്തു. അപ്പോൾ അവർ അടുത്തുചെന്നു് അവിടുത്തെ തൃപ്പാദത്തിങ്കൽ ആശ്ലേഷിച്ചു്അവിടുത്തെ ആരാധിച്ചു. യേശു അവരോടു് ''ഭയപ്പെടേണ്ടാ. എന്റെ ശിഷ്യൻമാരോടു് ഗലീലയിലേക്കു പോകുവാൻ അറിയിക്കുവിൻ. അവിടെ അവർ എന്നെ കാണും'' എന്നു പറഞ്ഞു.

പിന്നീടു ക്രിസ്തു അപ്പോസ്തലൻമാരുടെ തലവനായ ശീമോൻ പത്രോസിനു പ്രത്യക്ഷപ്പെടുകയും,

www.malankaralibrary.com



ശീമോൻ പത്രോസ് വിവരം അപ്പോസ്തലൻമാരെയും മററും അറിയിക്കുകയും ചെയ്തു. (ലൂക്കോ. 24, 34; 1 കോരി. 15, 5)

അനന്തരം യേശുവിൻെറ ശിഷ്യൻമാരിൽ രണ്ടു പേർ യരുശലേമിൽനിന്നു് ആറു നാഴിക ദൂരമുള്ള എമ്മാവൂസിലേക്കു് പോകുമ്പോാം വഴിക്കുവച്ചു് ക്രിസ്തു അവർക്കു പ്രത്യക്ഷപ്പെട്ടു. ഒരു വഴി പോക്കനെപോലെ കൂടെ നടന്നുകൊണ്ടു് തിരുവെഴുത്തുകളെക്കുറിച്ചു അവരോടു സംസാരിച്ചു.[5] എന്നാൽ അവർ അദ്ദേഹത്തെ തിരിച്ചറിഞ്ഞില്ല. നേരം സന്ധ്യയായതിനാൽ ആ ശിഷ്യൻമാർ അദ്ദേഹത്തെ അവരോടു കൂടെ താമസിക്കുവാൻ നിർബന്ധിച്ചു. അവരുടെ നിർബന്ധമനുസരിച്ചു് അദ്ദേഹം അവരോടുകൂടെ പോയി. അവർ ഭക്ഷണത്തിനിരുന്ന സമയം അദ്ദേഹം അപ്പമെടുത്തു വാഴ്ത്തി അവർക്കു കൊടുത്തപ്പോാം അവരുടെ ഹൃദയം തെളിഞ്ഞു. അദ്ദേഹം ക്രിസ്ത്യു ആകുന്നുവെന്നു് അവർ തിരിച്ചറിഞ്ഞു. ഉടനെ അദ്ദേഹം അപ്രത്യക്ഷനാകുകയും ചെയ്തു.

അഞ്ചാമതായി പത്തു ശിഷ്യൻമാർ യഹൂദൻമാരെ ഭയന്നു് വാതിൽ അടച്ചുകൊണ്ടു് മുറിക്കകത്തിരിക്കുമ്പോാം വാതിൽ തുറക്കാതെ ക്രിസ്തു അവരുടെ നടുവിൽ പ്രത്യക്ഷപ്പെട്ടു്, ''നിങ്ങാംക്കു സമാധാനം'' എന്നു പറഞ്ഞു. അവർ ഞെട്ടി ഭയപ്പെട്ടു. ഒരു ഭൂതത്തെ കാണുന്നു എന്നു വിചാരിച്ചു. യേശു അവരോടു ''നിങ്ങളുടെ ഹൃദയം കലങ്ങുന്നതും സംശയിക്കുന്നതും എന്തിന്? ഞാൻ തന്നെയാകുന്നു. എന്നെ തൊട്ടു നോക്കുവിൻ. എനിക്കുള്ളതുപോലെ ഭൂതത്തിനു അസ്ഥിയും മാംസവുമില്ലല്ലോ'' എന്നു പറഞ്ഞു് സ്വകരങ്ങളും വിലാപുറവും അവരെ കാണിച്ചു. ശിഷ്യൻമാർക്കു് വലിയ സന്തോഷമായി. അവർ സന്തോഷത്താൽ വിശ്വസിക്കാതെ വിസ്മയിച്ചു നിൽക്കുമ്പോാം യേശു അവരോടു് തിന്നുവാൻ വല്ലതുമുണ്ടോ? എന്നു ചോദിച്ചു. അവർ ഒരു കഷണം വറുത്ത മീനും

www.malankaralibrary.com



തേൻകട്ടയും കൊടുത്തു. അതു വാങ്ങി അവർ കാൺകെ ഭക്ഷിച്ചിട്ടു് ശേഷിച്ച ഭാഗം എടുത്തു് അവർക്കു കൊടുത്തു. അനന്തരം അപ്രത്യക്ഷനായി.[6]

1. മൂന്നാം ദിവസം: എബ്രായഭാഷയിലെ ചില പ്രത്യേക പ്രയോഗങ്ങൾ മററു ഭാഷകളിലേക്കു വിവർത്തനം ചെയ്യുമ്പോൾ അർത്ഥം മാറിപ്പോകുന്നതിൽ ഒട്ടും അത്ഭുതപ്പെടാനില്ല. 'മൂന്നാം ദിവസം' എന്നതിനു പകരം 'മൂന്നു ദിവസങ്ങൾക്കുശേഷം' എന്നു പറയുന്നതു് ആ ഭാഷയിൽ സാധാരണമാണു്. ക്രിസ്തുവിനെ കുരിശിച്ചതിനു ശേഷം യഹൂദപ്രമാണികൾ ചെന്നു് പീലാത്തോസിനോടു പറഞ്ഞതു തന്നെ നോക്കുക. "താൻ മൂന്നു ദിവസം കഴിഞ്ഞു് ഉയിർക്കുമെന്നു യേശു പറഞ്ഞിട്ടുണ്ടു്. അതിനാൽ മൂന്നാം ദിവസംവരെ കബറിങ്കൽ കാവലിടണം" എന്നു അവർ ആവശ്യപ്പെട്ടു. മൂന്നു ദിവസമെന്നും മൂന്നു ദിവസങ്ങളുടെ ശേഷമെന്നും— ഈ രണ്ടു പ്രയോഗങ്ങളും ഒരേ അർത്ഥത്തിൽ മറിച്ചും തിരിച്ചും ഉപയോഗിച്ചിരുന്നതു പഴയ നിയമത്തിലും പുതിയനിയമത്തിലും പലേടങ്ങളിലും കാണാം.

2. ക്രിസ്തു മൂന്നാം ദിവസം ഉയുർത്തെഴുന്നേററു. മഹത്വശരീരത്തോടുകൂടി ആണു് ഉയിർത്തെഴുന്നേററതു്. മഹത്വശരീരം അസ്ഥിയും മാംസവുമുള്ളതും എന്നാൽ അടച്ചിരിക്കുന്ന മുറി തുറക്കാതെ അതിൽ പ്രവേശിക്കുവാൻ തക്കവണ്ണം സമയസ്ഥലദൂരപ്രതിബന്ധങ്ങളൊന്നും ഇല്ലാത്തതുമാകുന്നു.

മഹത്വീകരിക്കപ്പെട്ടതായ ശരീരത്തിനു മരണമില്ല. സമയസ്ഥലദൂരപ്രതിബന്ധങ്ങളില്ല. കഷ്ടതകളില്ല. പ്രകാശം നിറഞ്ഞതാണു്. കുത്തി മുറിക്കാവുന്നതല്ല. വിചാരം പോലെ വേഗതയുള്ളതാണു്. എല്ലാ നീതിമാൻമാരുടെയും ശരീരം ഈ വിധത്തിൽ ഒരിക്കൽ മഹത്വത്തോടുകൂടി ഉയിർക്കും. മുപ്പത്തിമൂന്നു വർഷത്തിനുമുമ്പു് യേശുവിൻെറ ജനനത്തെപ്പററി മാലാഖമാർ അറിയിച്ചതുപോലെ ഇപ്പോൾ ഉയിർപ്പിനെപ്പററിയുമറിയിച്ചിരുന്നു.

3. ക്രിസ്തു ഉയിർത്തെഴുന്നേററതിനാൽ 'നീ എൻെറ ആത്മാവിനെ പാതാളത്തിൽ കൈവെടിഞ്ഞില്ല. നിൻെറ പരിശുദ്ധനെ നാശം കാണാൻ അനുവദിച്ചതുമില്ല,' (സങ്കീ. 15, 10) ജാതികൾ അവനെ തിരയും. അവൻെറ ശവകുടീരം മഹത്വമേറിയതായിരിക്കും. (ഏശയാ 11, 10) ഈ ദൈവാലയം പൊളിക്ക, ഞാൻ മൂന്നു ദിവസത്തിനുള്ളിൽ അതിനെ ഉയർത്തും. (യോഹ. 2, 19) യോനാ മത്സ്യത്തിൻെറ വയററിൽ മൂന്നു രാവും മൂന്നു പകലുമായിരുന്നതുപോലെ മനുഷ്യപുത്രനുമായിരിക്കും. (മത്താ. 12, 40) എന്നിങ്ങനെയുള്ള അനവധി ദീർഘദർശനങ്ങൾക്കു് നിവൃത്തി വന്നു.

www.malankaralibrary.com



ഇതിനു തുല്ല്യമായ ഒരു പ്രയോഗമാണു് രാപ്പകൽ എന്നതു്. നമ്മുടെ ഭാഷയിൽ രാപ്പകൽ എന്നു പറയുന്നതു് ഒരു പൂർണ്ണ രാത്രിക്കും ഒരു പൂർണ്ണ പകലിനും കൂടിയാണല്ലോ. യഹൂദൻമാരുടെ സംസാരരീതിക്കു രാപ്പകൽ എന്നു പറയുവാൻ രാത്രിയുടേയോ പകലിൻെറയോ വിഭാഗങ്ങളായാലും മതി. സന്ധ്യ മുതൽ സന്ധ്യവരെയാണു് യഹൂദൻമാരുടെ ദിവസം കണക്കാക്കപ്പെടുന്നതു്. ക്രിസ്തു സംസ്കരിക്കപ്പെട്ടതു് വെള്ളിയാഴ്ച ഉച്ച തിരിഞ്ഞും ഉയിർത്തതു് ഞായറാഴ്ച കാലത്തുമാണല്ലോ. വെള്ളിയാഴ്ച സന്ധ്യവരെയുള്ള സമയം വെള്ളിയാഴ്ചയുടെ രാപ്പകലും വെള്ളിയാഴ്ച വൈകിട്ടു മുതൽ ശനിയാഴ്ച വൈകിട്ടുവരെ ശനിയാഴ്ചയുടെ രാപ്പകലും ശനിയാഴ്ച വൈകിട്ടു മുതൽ ഞായറാഴ്ച വെളുത്തപ്പോഠ വരെ ഞായറാഴ്ചയുടെ രാപ്പകലുമാകുന്നു. ഈ വിധത്തിലാണു് ക്രിസ്തു മൂന്നു പകലും മൂന്നു രാത്രിയും ഭൂമിക്കുള്ളിലായിരിക്കുമെന്നു പറഞ്ഞിരിക്കുന്നതു്. മൂന്നു രാപ്പകൽ കഴിഞ്ഞിട്ടു് എന്നു എബ്രായഭാഷയിൽ പറഞ്ഞാൽ മൂന്നാം ദിവസമെന്നേ അർത്ഥമുള്ളു.

4. ക്രിസ്തുവിൻെറ മരണം ദൈവത്തെ സംതൃപ്തിപ്പെടുത്തി. അല്ലെങ്കിൽ ഉയിർപ്പുണ്ടാകയില്ലായിരുന്നു. ക്രിസ്തു സ്വമനസ്സാ സ്വജീവനെ ഏല്പ്പിച്ചുകൊടുത്തു. സ്വയമായി അതിനെ എടുക്കുവാനും സാധിച്ചു.

5. തിരുവെഴുത്തുകഠ മനസ്സിലാക്കുവാൻ തക്കവണ്ണം ക്രിസ്തു അവരെ ഉപദേശിച്ചു. അതു ഓർമ്മപ്പെടുത്തുവാനും തിരുവെഴുത്തുകളുടെ അർത്ഥം കൂടുതലായി ഗ്രഹിപ്പാനും പരിശുദ്ധാത്മാവിനെയും അയച്ചുകൊടുത്തു. ക്രിസ്തുവിൻെറ ഉപദേശവും ശ്ലീഹൻമാരുടെ ഉപദേശവും വിഭിന്നങ്ങളല്ല.

ശിഷ്യൻമാർ പ്രീശേൻമാരുടെ ഉപദേശം കേട്ടു് തിരുവെഴുത്തുകഠ തെററിദ്ധരിച്ചിരുന്നു. അതിനാൽ ക്രിസ്തു അവരെ ശാസിച്ചു് അവർക്കു ശരിയായി മനസ്സിലാക്കിക്കൊടുത്തു. ഇക്കാലത്തും തിരുവെഴുത്തുകളെ തെററിദ്ധരിക്കുന്നവർ വളരെ ഉണ്ടു്. നാം അവരെ കേഠക്കാതെ കത്തോലിക്കാതിരുസഭയുടെ ഉപദേശം കേഠക്കേണ്ടതാണു്. എന്തെന്നാൽ തിരുവെഴുത്തുകളെ ശരിയായി പഠിപ്പിക്കുവാനുള്ള പരിശുദ്ധാത്മ നടത്തിപ്പു് തിരുസഭയ്ക്കാണുള്ളതു്.

6. ക്രിസ്തു സ്വീകരിച്ച മനുഷ്യത്വം തൻെറ ക്രൂശുമരണത്താലും സ്വർഗ്ഗാരോഹണത്താലും പിതാവായ ദൈവത്തിൻെറ വലത്തുഭാഗത്തുള്ള ഇരിപ്പിനാലും അനശ്വരമായ മഹിമയെ പ്രാപിച്ചു. ക്രിസ്തുവിൻെറ ദൈവത്വത്തിനു് ഈ മഹിമ ഉണ്ടായിരുന്നതാണു്.

www.malankaralibrary.com

## പാഠം 10

# ഉയിർപ്പിനുശേഷമുള്ള പ്രത്യക്ഷത (തുടർച്ച)

## (മത്താ. 28, 16–20, മക്കോ. 16, 14; 20 യോഹ. 20, 24–21, 19)

ക്രിസ്തു പത്തു അപ്പസ്തോലൻമാർക്കുംകൂടി കാണപ്പെട്ടപ്പോഠം തോമ്മാശ്ലീഹാ അവരോടുകൂടെ ഇല്ലായിരുന്നു. അദ്ദേഹം വന്നപ്പോഠം ഉയിർത്തെഴുന്നേററ യേശുവിനെ തങ്ങഠം കണ്ട വിവരം അവർ അറിയിച്ചു. എന്നാൽ തോമ്മാശ്ലീഹായാകട്ടെ. ''ഞാൻ കണ്ടു എങ്കിലേ വിശ്വസിക്കുകയുള്ളു'' എന്നു പറഞ്ഞു. ഏഴു ദിവസം കഴിഞ്ഞു് ശിഷ്യൻമാർ എല്ലാവരും കൂടി മുറിക്കകത്തു് ഒരുമിച്ചിരിക്കുമ്പോഠം തോമസും അവരോടുകൂടെയുണ്ടായിരുന്നു. കതകു അടച്ചിരിക്കുകയായിരുന്നു. കതകു തുറക്കാതെ ഇത്തവണയും ക്രിസ്തു അകത്തു പ്രത്യക്ഷപ്പെട്ടു. ''നിങ്ങഠംക്കു സമാധാനം'' എന്നു പറഞ്ഞശേഷം തോമ്മാശ്ലീഹായുടെ അടുക്കലേക്കു തിരിഞ്ഞു്, 'നിൻെറ കൈ എൻെറ മാർവ്വിലിടുക. നീ അവിശ്വാസി ആയിരിക്കാതെ വിശ്വാസി ആയിരിക്ക'' എന്നു പറഞ്ഞു തൻെറ കൈകളും കാലുകളും അദ്ദേഹത്തെ കാണിച്ചു. തോമസു് ''എൻെറ കർത്താവും എൻെറ ദൈവവുമേ'' എന്നു പറഞ്ഞു. അപ്പോഠം കർത്താവു് ''നീ എന്നെ കണ്ടതുകൊണ്ടു വിശ്വസിച്ചു. കാണാതെ വിശ്വസിച്ചവർ ഭാഗ്യവാൻമാർ'' എന്നു പറഞ്ഞു.

''ഞാൻ ഗലീലയിലേക്കു് പോകുന്നു'' എന്നു് കർത്താവു് കല്പിച്ചതനുസരിച്ചു് ശിഷ്യൻമാർ ഗലീലയ്ക്കു പോയി. ശീമോൻ പത്രോസും ദിദീമോസു് എന്നു പറയപ്പെടുന്ന തോമസും നഥാനിയേലും സെബദിപുത്രൻമാരും വേറെ രണ്ടു ശിഷ്യൻമാരും ഉണ്ടായിരുന്നു. 'ഞാൻ മീൻ പിടിക്കുവാൻ പോകുന്നു' എന്നു

www.malankaralibrary.com



പത്രോസ് പറഞ്ഞപ്പോഠം ഞങ്ങളും കൂടെവരുന്നുഎന്നു എല്ലാവരും പറഞ്ഞു. അവരെല്ലാവരും കൂടി ഒരു പടകിൽ കയറിച്ചെന്നു് രാത്രി മുഴുവൻ വലയിട്ടിട്ടും ഒന്നും ലഭിച്ചില്ല. നേരം വെളുക്കാറായപ്പോഠം യേശു കരയിൽ നിന്നുകൊണ്ടു് ''കുഞ്ഞുങ്ങളേ, കൂട്ടുവാൻ വല്ലതുമുണ്ടോ''? എന്നു ചോദിച്ചു. ''ഞങ്ങഠം രാത്രി മുഴുവനും അദ്ധ്വാനിച്ചിട്ടും ഒന്നുംകിട്ടിയില്ല'' എന്ന് അവർ മറുപടി പറഞ്ഞു. അപ്പോഠം, ''പടകിൻെറ വലത്തുഭാഗത്തു് നിങ്ങഠം വലയിറക്കുവിൻ, നിങ്ങഠംക്കു് ആവശ്യമുള്ളിടത്തോളം കിട്ടും'' എന്നു് അദ്ദേഹം കല്പിച്ചു. അവർ ആ വാക്കനുസരിച്ചു് വലയിറക്കിയപ്പോഠം വലിയ മീൻകൂട്ടം വലകീറുവാൻ തക്കവണ്ണം വലയിൽപ്പെട്ടു[1]. ഇതു കണ്ടപ്പോഠം വല ഇറക്കുവാൻ കല്പിച്ചതു ക്രിസ്തുവാകുന്നു എന്നു് യോഹന്നാൻ പറഞ്ഞു. പത്രോസ് വസ്ത്രം ഉരിഞ്ഞുവച്ചിട്ടു നിൽക്കുകയായിരുന്നു. അതു ക്രിസ്തുവാകുന്നുവെന്നു കേട്ടപ്പോഠം പത്രോസ് വസ്ത്രം എടുത്തു് അരയിൽ ചുററി വെള്ളത്തിൽ ചാടി യേശുവിൻെറ അടുക്കലേക്കു ഓടി. പടകു് കരയിൽനിന്നും ഇരുന്നൂറു സ്ഥാതി മാത്രം ദൂരത്തായിരുന്നു.

അവർ കരയിൽ വന്നു് കയറിയപ്പോഠം തീ കൂട്ടിയിരിക്കുന്നതും അതിൽ മീൻ ചുടാൻവച്ചിരിക്കുന്നതും കണ്ടു. അപ്പവുമുണ്ടായിരുന്നു. അവർ പിടിച്ച മീനും കൊണ്ടുവരുവാൻ യേശു കല്പിച്ചു. ശിമോൻ പത്രോസ് ചെന്നു വല കരയ്ക്കുപിടിച്ചു് അടുപ്പിച്ചു. അതിൽ നൂററിഅൻപത്തിമൂന്നു വലിയ മൽസ്യമുണ്ടായിരുന്നു. അത്ര വളരെ ഉണ്ടായിരുന്നിട്ടും വല കീറിയില്ല. യേശു അവരോടു പ്രാതൽ കഴിച്ചുകൊള്ളുവിൻ എന്നു പറഞ്ഞു. അപ്പവും മീനുമെടുത്തു് അവർക്കു കൊടുത്തു. അവർ ഭക്ഷിച്ചു കഴിഞ്ഞപ്പോഠം യേശു പത്രോസിനോടു് ''നീ ഇവരെക്കാഠം അധികം എന്നെ സ്നേഹിക്കുന്നുവോ'' എന്നു ചോദിച്ചു, ''ഉവ്വു് കർത്താവേ, ഞാൻ അങ്ങേ സ്നേഹിക്കുന്നു'' എന്നു് പ

www.malankaralibrary.com



പത്രോസ് പറഞ്ഞു. ''നീ എന്റെ കുഞ്ഞാടുകളെ മേയ്ക്ക[2]'' എന്നു യേശു കല്പിച്ചു. വീണ്ടും യേശു ''പത്രോസേ, നീ ഇവരേക്കാൾ അധികം എന്നെ സ്നേഹിക്കുന്നുവോ'' എന്നു ചോദിച്ചു. ''ഉവ്വ്, കർത്താവേ, ഞാൻ അങ്ങെ സ്നേഹിക്കുന്നു'' എന്നു് പത്രോസ് പറഞ്ഞു. കർത്താവു് ''നീ എന്റെ ആണാടുകളെ മേയ്ക്ക'' എന്നു കല്പിച്ചു. മൂന്നാം പ്രാവശ്യവും ചോദിക്കയാൽ പത്രോസിനു ദുഃഖമായി. ''കർത്താവേ, അങ്ങു സകലവുമറിയുന്നു[3]. എനിക്കു് അവിടുത്തോടു് പ്രിയമുണ്ടെന്നുള്ളതും അങ്ങു് അറിയുന്നുവല്ലോ'' എന്നു പറഞ്ഞു ''നീ എന്റെ പെണ്ണാടുകളെ മേയ്ക്ക'' എന്നു് യേശു വീണ്ടും കല്പിച്ചു[4],

അനന്തരം യേശു പത്രോസിനോടു് ''പത്രോസേ, നീ ചെറുപ്പമായിരുന്നപ്പോൾ നീ നിന്റെ അര കെട്ടിക്കൊണ്ടു് നിനക്കിഷ്ടമുള്ളിടത്തൊക്കെയും നടന്നു. എന്നാൽ നീ വൃദ്ധനാകുമ്പോൾ നിന്റെ കൈ നീ നീട്ടിക്കൊടുക്കും. വേറൊരുവൻ നിന്നെ ബന്ധിക്കും. നിനക്കു് ഇഷ്ടമില്ലാത്തിടത്തേക്കു് നിന്നെ കൂട്ടിക്കൊണ്ടുപോകയും ചെയ്യും'' എന്നുകല്പിച്ചു. ഇതു് ഏതുതരം മരണത്താൽ പത്രോസ് ദൈവത്തെ മഹത്വപ്പെടുത്തുവാനിരിക്കുന്നു എന്നു് കർത്താവു് മുൻകൂട്ടി കാണിച്ചതായിരുന്നു.

അനന്തരം ശിഷ്യൻമാർ ഗലീലയിൽ യേശു അവർക്കു് നിശ്ചയിച്ചിരുന്ന സ്ഥലത്തേക്കു പോയി. അവർ യേശുവിനെ കണ്ടപ്പോൾ വീണു നമസ്ക്കരിച്ചു. യേശു അടുത്തുചെന്നു് ''ആകാശത്തിലും ഭൂമിയിലുമുള്ള സകല അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു. ആ അധികാരത്തിൽ ഞാനും നിങ്ങളെ അയക്കുന്നു. നിങ്ങൾ പുറപ്പെട്ടുപോയി പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നപനം (മാമോദീസാ) ഏൽപ്പിക്കയും ഞാൻ നിങ്ങളോടു് കല്പിച്ചവയൊക്കെയും പ്രമാണിച്ചു ചെയ്വാൻ തക്കവണ്ണം ഉപദേശിക്കയും ചെയ്തുകൊണ്ടു് സകല

www.malankaralibrary.com



ജാതികളെയും ശിഷ്യരാക്കിക്കൊള്ളുവിൻ. വിശ്വസിക്കയും സ്നപനമേല്ക്കുകയും ചെയ്യുന്നവർ രക്ഷിക്കപ്പെടും, അല്ലാത്തവർ ശിക്ഷിക്കപ്പെടും[5]. കണ്ടാലും ഞാൻ ലോകാവസാനത്തോളം നിങ്ങളോടുകൂടെയിരിക്കും'' എന്നു അരുളിച്ചെയ്തു.

---

1. ക്രിസ്തു കല്പിച്ചതനുസരിച്ചു് വലയിറക്കി മീൻ പിടിച്ചു. ഇതിനു് പ്രത്യേക അർത്ഥമുണ്ടു്. പത്രോസിനെ അപ്പോസ്തലനായി വിളിച്ച അവസരത്തിലും ഇതുപോലെ ഒരു മീൻപിടുത്തം നടന്നു. അപ്പോസ്തലൻമാരെയും തിരുസഭയെയും പത്രോസിനെ ഭരമേല്പിക്കുന്ന ഈ അവസരത്തിലും ഒരു മീൻപിടുത്തം നടക്കുന്നു. പത്രോസിൻെറ വേലയുടെ ഫലത്തെ സൂചിപ്പിക്കുന്നതാണു് ഈ അത്ഭുതം. കായൽ ലോകത്തെ കാണിക്കുന്നു. പടകു് തിരുസഭയെയും, വല തിരുസഭയുടെ വിശ്വാസസംഹിതയെയും കുറിക്കുന്നു. ഒരു കപ്പലേ ഉണ്ടായിരുന്നുള്ളു. അതുപോലെ സഭയും ഒന്നേയുള്ള. അതു പത്രോസിൻെറ പടകായിരുന്നു. പത്രോസ് അമരം പിടിച്ചു. പത്രോസ് തൻെറ വല കർത്താവിൻെറ അടുക്കലേക്കു് കരക്കടുപ്പിച്ചു. പത്രോസും പിൻഗാമികളും തിരുസഭയുടെ ദൃശ്യതലവൻമാരാണു്. അവർ സത്യവിശ്വാസികളെ നിത്യകരയാകുന്ന സ്വർഗ്ഗത്തിൽ ക്രിസ്തുവിൻെറ അടുക്കൽ എത്തിക്കുന്നു. മീനിൻെറ എണ്ണം പത്രോസും (മാർപ്പാപ്പയും) അപ്പോസ്തോലൻമാരും (മെത്രാൻമാരും പുരോഹിതൻമാരും) വളരെ ആത്മാക്കളെ കൊണ്ടുവരുമെന്നു് കാണിക്കുന്നു.

അപ്പോസ്തലൻമാർ രാത്രി മുഴുവനും അദ്ധ്വാനിച്ചു. ഒന്നും ലഭിച്ചില്ല. യേശുവിൻെറ കല്പനപ്രകാരം പ്രവർത്തിച്ചപ്പോൾ വളരെ മീൻ കിട്ടി. അതുപോലെ ക്രിസ്തുവിൻെറ കല്പനപ്രകാരം സുവിശേഷവേല ചെയ്തെങ്കിലേ ഫലമുണ്ടാകയുള്ളു. വളരെ മീനുണ്ടായിട്ടും വല കീറിയില്ല, കത്തോലിക്കാസഭയിൽ അനവധി ജനങ്ങളും മെത്രാൻമാരും പല റീത്തുകളുമുണ്ടായാലും അവകളെയെല്ലാം അടക്കിക്കൊണ്ടു് ഭരിക്കുവാൻ തിരുസഭാതലവനു് ദൈവസഹായം ഉണ്ടായിരിക്കും. ഈ അധ്വാനങ്ങളുടെയും പ്രയത്നങ്ങളുടെയും ഇടയ്ക്കു് ക്രിസ്തുതന്നെ അവർക്കു് വിരുന്നു നടത്തി അവരെ സന്തോഷിപ്പിക്കും: ബലപ്പെടുത്തും.

2. ക്രിസ്തു ക്രസ്ത്യാനികളെ എൻെറ ആടുകൾ എന്നു് സംബോധന ചെയ്യുന്നു. ആടുകൾക്കു് ഇടയൻ എങ്ങനെയോ അപ്രകാരം ക്രിസ്തു നമുക്കു് രാജാവും കർത്താവും രക്ഷക

www.malankaralibrary.com



നുമാണു്. ആ നിലയിൽ നാം അദ്ദേഹത്തോടും വർത്തിക്കേണ്ടതാണു്.

3. ''കർത്താവേ അങ്ങു് സകലതുമറിയുന്നു'' എന്നു പറഞ്ഞാൽ, അങ്ങു് ദൈവമാണു്. ഹൃദയത്തിന്റെ അകത്തെ വിചാരംപോലും ഗ്രഹിപ്പാൻ അങ്ങേക്കു് കഴിയും. ഞാൻ എന്നെത്തന്നെ അറിഞ്ഞിരുന്നില്ല. ഞാൻ അങ്ങേ തള്ളിപ്പറയുമെന്നതുകൂടെയും അങ്ങു് അറിഞ്ഞുവല്ലോ. അതിനാൽ എന്റെ സർവ്വവും അങ്ങു് അറിയുന്നു'' എന്നർത്ഥം.

4, സഭാധ്യക്ഷനായിരിപ്പാൻ പത്രോസിനെ മുമ്പുകൂട്ടി ക്രിസ്തു തെരഞ്ഞെടുത്തു. പത്രോസ് ക്രിസ്തുവിനോടുള്ള സ്നേഹംമൂലം ആ സ്ഥാനത്തിനു അർഹനായിത്തീർന്നു. ''ഞാൻ നിന്നെ സ്നേഹിക്കുന്നു'' എന്നു് പത്രോസ് ഏററുപറഞ്ഞ ഓരോ സമയവും ക്രിസ്തു തന്റെ ആടുകളെ കൂട്ടംകൂട്ടമായി ഭരിക്കുവാനേൽപ്പിക്കുന്നു. പത്രോസ് ആ അധികാരം സ്വീകരിക്കയും തന്റെ ആടുകൾക്കു വേണ്ടി ക്രിസ്തുവിനെപ്പോലെ തന്നെ തന്റെ ജീവനെ വയ്ക്കുകയും ചെയ്തു.

പത്രോസിന്റെ ഉന്നതസ്ഥാനത്തേക്കു അദ്ദേഹത്തെ ക്രമാനുഗതമായി ക്രിസ്തു പരിശീലിപ്പിച്ചു. യേശു അദ്ദേഹത്തെ ആദ്യം കണ്ടപ്പോൾ ''ശീമോനേ, നീ പാറ എന്നർത്ഥമുള്ള കേപ്പായെന്നു വിളിക്കപ്പെടും'' (യോഹ. 1, 42) എന്നു പറഞ്ഞു. ക്രിസ്തുവിന്റെ ദൈവത്വത്തിലുള്ള വിശ്വാസം പത്രോസ് ഇദംപ്രഥമമായി പ്രഖ്യാപനം ചെയ്തപ്പോൾ ''നീ പാറയാകുന്നു. ഈ പാറമേൽ ഞാൻ എന്റെ പള്ളി (സഭ) പണിയും. സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ഞാൻ നിന്നെ ഏൽപിക്കും'' എന്നു് കല്പിച്ചു. പത്രോസിന്റെ വിശ്വാസം ക്ഷയിച്ചുപോകാതിരിപ്പാൻ യേശു പ്രത്യേകം പ്രാർത്ഥിച്ചിട്ടുണ്ടെന്നും വീണ്ടും സ്വസഹോദരൻമാരെ നടത്തിക്കൊള്ളണമെന്നും ക്രിസ്തു കല്പിച്ചു. (ലൂക്കോ. 22, 32) ഇപ്പോഴിതാ തന്റെ സ്വർഗ്ഗാരോഹണം ആസന്നമായിരിക്കുന്ന സമയത്തു് കുഞ്ഞാടുകളെയും, ആണാടുകളെയും, പെണ്ണാടുകളെയും മേയ്ക്കുക എന്നു പറഞ്ഞു് പത്രോസിനെ എല്ലാററിനും പരമാധികാരിയാക്കുന്നു. ഇങ്ങനെയാണു് പത്രോസും അദ്ദേഹത്തിന്റെ പിൻഗാമികളായ മാർപ്പാപ്പാമാരും ക്രിസ്തുവിന്റെ വികാരിയായിത്തീർന്നിരിക്കുന്നതു്.

5. ''അല്ലാത്തവൻ ശിക്ഷിക്കപ്പെടും'' എന്നു പറയുന്നതിൽനിന്നും മാമോദീസായും സത്യവിശ്വാസവും രക്ഷയ്ക്കു് അത്യന്താപേക്ഷിതമാണെന്നും എനിക്കു് ഇഷ്ടമില്ലെന്നോ മറ്റോ പറഞ്ഞു് അവ ഉപേക്ഷിച്ചാൽ ശിക്ഷ കിട്ടുമെന്നും വരുന്നു.

www.malankaralibrary.com

MALANKARA
LIBRARY